# മൃഗചരിതം

ജെ.ജി. ബ്യൂട്ട്ലർ

# മൃഗചരിതം

**ജന്തുശാസ്ത്രം**

## ജെ.ജി. ബ്യൂട്ട്ലർ

**താളിളക്കം**

**2020**

| | |
|---|---|
| പേര്: | **മൃഗചരിതം** |
| ഭാഷ | മലയാളം |
| വിഭാഗം: | ജന്തുശാസ്ത്രം |
| രചന: | ജെ.ജി. ബ്യൂട്ട്ലർ |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# മൃഗചരിതം – ജന്തുശാസ്ത്രം

ജെ.ജി. ബ്യൂട്ട്ലർ

൧ മുലകുടിപ്പിക്കുന്ന ജന്തുക്കൾ ഇവയെ പത്തുജാതിയായി ഗ്രഹിച്ചവരുന്നു.

൧ രണ്ടുകൈ ഉള്ളത— മനുഷ്യർ.

൨ നാലുകൈ ഉള്ളത— കുരങ്ങുകൾ,

൩ മുലകുടിപ്പിക്കുന്ന ചിറകുള്ള ജന്തുക്കൾ— നരിച്ചീരുകൾ,

൪ സഞ്ചിമൃഗങ്ങൾ— ഒപൊസ്സം. കെങ്കരു.

൫ പല്ലില്ലാത്ത ജന്തുക്കൾ— കുട്ടിത്തൂാവ. ഇത്തിൾപന്നി

൬ കരളുന്ന ജന്തുക്കൾ— അണ്ണൻ. എലി മുയൽ. ഇത്യാദി.

൭ മാംസം ഭക്ഷിക്കുന്ന ജന്തുക്കൾ— കരടി. നായ. പൂച്ച. സിംഹം. എലി. ഇത്യാദി.

൮ ഒറ്റക്കുളമ്പുള്ള ജന്തുക്കൾ— കുതിര. കഴുത.

൯ ഇരട്ടക്കുളമ്പുള്ള അയവെക്കുന്ന ജന്തുക്കൾ— ഒട്ടകം. ലാമ, മ്ലാവ. കടമാൻ, ആട. പശു

൧൦ പല കുളമ്പുകളും ഘനത്വക്കുകളുമായ മൃഗങ്ങൾ— ആന, താപ്പീർ. കാട്ടപന്നി, കാണ്ടാമൃഗം.

൧൧ ജലസ്ഥലങ്ങളിൽ ജീവിക്കുന്ന സ്തനപന്മാർ.— ബീബർ. കഴുനാ. കടലാന. കടൽസിംഹം.

൧൨ തിമിംഗിലങ്ങളെന്ന സ്തനപായികൾ.— കടൽപന്നി, നവ്വൽ. കചലൊത്ത.

൨ പക്ഷികൾ

൧ റാഞ്ചുന്ന പക്ഷികൾ— കഴുകൻ, ഇറളൻ പുള്ള. ഇത്യാദി.

൨ കാകസാമ്യക്കാർ— കാക്ക മൈന മുളകതീനി വെഴാമ്പൽ

൩ പറ്റിക്കെറുന്ന ജാതി— തത്ത കുയില മരംകൊത്തി ഇത്യാദി.

൪ രാഗക്കാർ— കൃഷ്ണപക്ഷി രാത്രിരാഗി കന്നാറി ഇത്യാദി

൫ കൊഴിസാമ്യക്കാർ—പ്രാവ ശീമക്കൊഴി കല്ലം മയിൽ ഇത്യാദി.

൬ ഒട്ടകപക്ഷിപൊലെ ഉള്ളത— ഒട്ടകപക്ഷി എമ്യൂ കസൊവാരി ഇത്യാദി.

൭ കാൽവിരലിടകളെ തൊൽകൊണ്ടകെട്ടിരിക്കുന്ന പക്ഷികൾ— ഞാറപക്ഷി കൊറ്റി പാണ്ട്യാലൻ കൊക്ക കുളക്കൊഴി ഇത്യാദി

൮ നീന്തുന്നവ— കപ്പൽപക്ഷി ഹംസം ഇരണ്ട താറാവ. പാത്ത.

൩ ഇഴജന്തുക്കൾ.

൧ കടലാമ കുളാമ കരയാമ.

൨ പാമ്പുകൾ— പെരുമ്പാമ്പ പത്തിപാമ്പ കുടുക്കുട്ടപ്പാമ്പ മണ്ഡലി കുരുടിപ്പാമ്പ

൩ പല്ലി അരണ പറൊന്ത ഉടുമ്പ ചീങ്കണ്ണി മുതല.

൪ തവള മരത്തവള പെക്കാന്തവള.

൪ മത്സ്യങ്ങൾ.

കടൽക്കുരി താറാവ കടൽപ്പൂച്ചൂടി ഉലക്കമീൻ മെഴുമീൻ പൂമീൻ കൊമ്പൻ ചെറമീൻ

കരിപ്പിടി.

൫ രക്തമില്ലാത്ത ജന്തുക്കൾ

ഥ കാഞ്ഞിപ്പൊത്ത നീരാഴി.

വ അച്ച കവിടി ഞമിഞ്ഞ മുരിങ്ങ ന്ന ഇറുക്കുന്ന പുഴുക്കൾ

ഥ കരഞ്ഞണ്ട ചെറിയഞ്ഞണ്ട കൊഞ്ച.

വ എട്ടുകാലി ഉറുമാമ്പുലി.

൩ തെൾ പഴുതാര തെരട്ട.

ർ വണ്ടുകൾ.

൫ പച്ചക്കുതിര വെട്ടുകിളി.

ന്ന ച്ചകൾ — കുഴീച്ച തെനീച്ച ഉറുമ്പ ചിതല.

൭ തുമ്പികൾ.

വ്യ കൃമികൾ — ഞാഞ്ഞൂൽ അട്ട.

ൻ തൃണാദ്ധ്പ്രാണികൾ

## തലവാചകം

എപ്പൊഴും നമ്മുടെ ചുറ്റുമുള്ള മൃഗജാതികളിൽനിന്ന വരുന്ന ഉപകാരങ്ങൾ അല്പ മല്ല. ഭക്ഷണത്തിന്നും സമ്പത്തിന്നും പുറമെ അവ പല സന്തൊഷത്തിന്റെയും ഉല്ലാസത്തിന്റെയും മൂലം നമ്മെ ഇത്ര ഉപകരിപ്പിക്കുന്ന മൃഗങ്ങളുടെ ചരിത്രത്തിൽ എല്ലാവക്കും താല്പയ്യ്യവും രസവും തൊന്നുവാൻ സംഗതിയുണ്ട. നമ്മുടെ ദൃഷ്ടി ഇലകളിലൊ പൂക്കളിലൊ എവിടെ എങ്കിലും ഉറെച്ചാൽ അവിടെ വെവ്വെറെ പുഴുക്കൾ ഉണ്ട. ചിലത ഭൂമിക്കുള്ളിൽ ഒളിക്കയും ചിലത ആകാശത്തെ നിറെ ക്കയും ചെയ്യുന്നു. പൎവ്വതവും ▯റൻ നിലവും സമുദ്രവം കായലും നദിയും കുളവും ജീവജാലങ്ങളെകൊണ്ട തിങ്ങിവിങ്ങിയിരിക്കുന്നു, എതെതമൃഗം എവിടെയെ ല്ലാം ഇരിക്കുന്നുവൊ അവക്ക ഉചിതമായ സകലവും അവിടങ്ങളിൽ കാണാം. അവയുടെ വാസനാവ്യത്യാസങ്ങളും ആകൃതിഭെദങ്ങളും ശീലഗുണങ്ങളും അതാത പ്രവൃത്തിക്ക യൊഗ്യതയും കണ്ടാൽ അവയെ ഉണ്ടാക്കിയ ദൈവത്തിന്റെ ജ്ഞാനവും ശക്തിയും എത്ര വിസ്മയം എന്നതൊന്നുമെല്ലൊ. ▯ സകല മൃഗങ്ങ ളെയും തണ്ടെല്ലുള്ളതും തണ്ടെല്ലില്ലാത്തതും എന്നിങ്ങിനെ രണ്ടായി വിഭാഗിച്ച പൊരുന്നു. തണ്ടെല്ലുള്ളതിനെ പിന്നെ നാല വലിയ കൂട്ടമായി തരം തിരിക്കുന്നു.

## ൧-ം പൎവ്വം - മുലകുടിപ്പിക്കുന്ന ജന്തുക്കൾ

ഇവ ജീവനുള്ളകുട്ടികളെ പ്രസവിച്ച മുലകൊടുക്കുന്നു— ഉഷ്ണമുള്ള ചൊര, മൂടലായിട്ട രൊമം, ഗതിക്ക നാലകാൽ ഇങ്ങിനെ ഭെദമുള്ളതിനാൽ വിശെഷ ലക്ഷണങ്ങൾ ചുരുക്കി വൎണ്ണിക്കുന്നു– വിദ്വാന്മാർ ഇടയിൽ ആയിരത്തിരുന്നൂറ ജാതികളെ അറിഞ്ഞിട്ടുണ്ട.

രണ്ടുകയ്യുള്ള ജീവജാലങ്ങൾ — ഭൂതലത്തിൽ എല്ലാവടവും കുടിയിരിപ്പാനായിട്ട ദൈവം ഒരു രക്തത്തിൽനിന്ന മനുഷ്യരുടെ സകല ജാതികളെയും ഉണ്ടാക്കി മനുഷ്യന്റെ ശരീര പ്രകൃതി വിചാരിച്ചിട്ട അവന്ന മറ്റ ജീവജാലങ്ങളെ പൊലെ ഭക്ഷണം ഉറക്കം മുതലായതും ആവശ്യമാകയാൽ ദുഃഖക്ഷയമരണങ്ങൾ സംഭവിക്കകൊണ്ട മൃഗജാതികളൊട സമമായി വൎണ്ണിക്കാം. എങ്കിലും അവന്റെ ഉള്ളിലുള്ള ദൈവാത്മാവും വിശെഷ ജ്ഞാനവുംകൊണ്ട ചുമതലഉള്ള ജീവിയാവുന്നു—അവൻ നിത്യ രക്ഷക്കായിട്ടൊ അനന്ത നരകത്തിനായിട്ടൊ പാത്രമായി തീരുവാൻ യുക്തനാകകൊണ്ട എല്ലാ ജീവജാലങ്ങളെക്കാൾ മഹാശ്രെഷ്ഠനാകുന്നു — അവൻ ദൈവ നിയോഗത്താൽ എല്ലാ മൃഗങ്ങൾക്കും പക്ഷികൾക്കും അവരവരുടെ സ്വഭാവത്തിന്ന തക്കതായുള്ള പെരിട്ടുകയാൽ അവരുടെ കൎത്താവെന്നപൊലെ ചമഞ്ഞു.

**൨—ം അദ്ധ്യായം - നാല കയ്യുള്ള മൃഗങ്ങൾ.** തങ്ങളുടെ കളി ചാട്ടം സാമൎത്ഥ്യങ്ങൾകൊണ്ട കുരങ്ങുകൾ മനുഷ്യൎക്ക എത്രയും പ്രീതികരന്മാർ. ഒരുവക മനുഷ്യരൂപത്തന്നടുക്കുന്നു — മുമ്പും പിമ്പുമുള്ള കൈകളിൽ മനുഷ്യന്റെ പൊലെ നാല വിരലുകൾ ഉണ്ട. തള്ളവിരൽ ഉണ്ടെങ്കിലും ഒരു കൊണിലെത്രെ. വാലിന്ന അഞ്ചാമത ഒരു കൈയിന്റ സ്വാധീനം ഉണ്ട — മറ്റൊരു വകക്ക ഭക്ഷിപ്പാനുള്ളത കരുതുന്നതിന്ന താടിക്ക താഴെ ഇരുപുറവും സഞ്ചികൾ ഉണ്ട.

ഉറങ്കുടങ്ങ. ഇവക്ക വാലും സഞ്ചിയും ഇരിക്കത്തഴമ്പും ഇല്ല. വലിപ്പത്തിലും ബുദ്ധിയിലും ഭംഗിയിലും എല്ലാകുരങ്ങിലും മുമ്പൻ. ഇവയുടെ രൊമം നീണ്ട കറുത്തുള്ളൂ — സുമത്ര തുടങ്ങിയ ദ്വീപുകളിൽ അധികമായി കാണും. കാപ്രിയിൽ ധൂസര നിറമുള്ള ഒന്നിനെ ഒരു കപ്പിത്താൻ നാട്ടുകാരൊട വാങ്ങിച്ച കപ്പലിൽ കയറ്റിയപ്പോൾ അവൻ രണ്ടു പേരെ ഒഴിച്ച ശെഷം എല്ലാവരുടെയും കൈ പിടിച്ച കുലുക്കി. ചില സമയത്ത കപ്പിത്താന്റെ തൊപ്പി എടുത്തുകൊണ്ട അഹങ്കാരത്തൊടെ സഞ്ചരിക്കയും മെശസമയത്തഅടുക്കൽ ചെന്ന കൊടുക്കുന്നതിനെ ഒക്കെയും വാങ്ങിച്ച തിന്നുകയും അധികം ഇഷ്ടമുള്ളത കിട്ടിയാൽ ആലിംഗനവും ചുംബനവും ചെയ്കയും: ചിലപ്പൊൾ ഒരു സായ്പിനെ പൊലെ കത്തിയും മുള്ളും

എടുത്ത മെശ കഴിച്ചും ഒരു ഗ്ലാസിൽ വെള്ളം ഒഴിച്ച കുടിക്കയും മുഖം തുവ്വാല കൊണ്ട തുടക്കയും ചെയ്യുന്നു. അപ്പം ചുടുന്ന അടുപ്പിൽ തീയ്യിടുകയും കരി വീഴാതെ സൂക്ഷിക്കയും അപ്പകാരനെ വിളിച്ച അപ്പം ചുടുവാൻ വരെണമെന്ന ആഗ്യം കൊണ്ടറിയുക്കയും അവന്റ സ്വന്ത വെലയായിരുന്നു. ശീമയിലെ വഷകാലം അവന്ന അനുകൂലമല്ലായ്കകൊണ്ട അപായം വന്നു പോയി.

നീലക്കുരങ്ങിന്ന വട്ടമുഖവും ഇരിക്കത്തഴമ്പും മുഖത്ത ചുറ്റും വെളുത്ത മീശയും മുണ്ടു വാലും നില നിറത്തിൽ നീണ്ടുള്ള രൊമങ്ങളും ഉണ്ട. കൂട്ടത്തൊടെ പാടത്തിറങ്ങി മനുഷ്യരെ പൊലെകൊയ്ത്ത കാട്ടുവള്ളികൾ കടിച്ച മുറിച്ച കൊണ്ടുവന്ന നീട്ടി ഇട്ട അതിന്മെൽനിരത്തിവച്ചഒരുത്തന്ന എടുക്കച്ചുമടായാൽ വള്ളി ഒരു തല കടിച്ച ഉരുളുന്ന സമയം ഒരു കെട്ടാകും അവൻ അത കൊണ്ടു പൊയി മനുഷ്യർ കുറഞ്ഞ സ്ഥലത്ത വച്ചതിന്നും. കുട്ടിയുടെ നെരെയുള്ള വാത്സല്യത്താൽ അതിനെ പല പ്രാവശ്യം നക്കിചുംബനംചെകയുംമുലകുടിമാറിയാൽ പുല്ല കടിച്ച ചവച്ച കൊടുക്കയും ചളിപിരണ്ടാൽ കരച്ചിൽ കൂട്ടാക്കാതെ പച്ച വെള്ളത്തിൽ നന്നെ തെച്ച കഴുകുകയും ചെയ്യും.

ശിങ്കളത്തിന്റെ നിറം കറുപ്പ — കുണ്ടു കണ്ണും ഒതുക്കുപൊലെ ചാഞ്ഞ നെറ്റിയും മുഖത്ത പരിവെഷം പൊലെ വെളുത്ത മിശയും മനുഷ്യനെ പൊലെ ചിരിക്കയും കൊപഭാവം നടിക്കുകയും പുഴയിൽനിന്നകൈകൊണ്ടവെള്ളം മുക്കി കുടിക്ക യും സ്വഭാവം — ഒരു ദിക്കിൽ തിന്മാൻ വളരെ ഉണ്ടെന്നറിഞ്ഞാൽകൂട്ടത്തോടെചെന്ന ചിലർകാവൽകാരായി നിന്ന ഒരുവൻ ഫലങ്ങൾപറിക്കുമ്പൊൾശെഷമുള്ളവർ അണിയായിനിന്ന അവയെ കൈമാറി കൈമാറി കുടിയിരിപ്പിൽ എത്തിക്കും ശത്രു വരുമ്പൊൾ മണൽ പൊടി  വക വാരി കണ്ണിൽഎറിയും കണ്ണ തുടയ്ക്കുന്നെരംകൊണ്ട ഒടിക്കളയും.

കരിങ്കുരങ്ങു. അവന്റെ മുഖം കരി തെച്ചതുപൊലെ ശെഷം ശരീരം വെളുത്ത നിറത്തിലും ആകുന്നു. കൈ കാലുകൾക്കും വാലിന്നും അധികം നീളം ഉണ്ട വെടിവെയ്ക്കയൊ മറ്റ കഠിന ദണ്ഡങ്ങളെ ചെയ്താൽ മനുഷ്യനെ പൊലെ തലയിലും മാറത്തും രണ്ടു കൈകളെകൊണ്ടും അടിച്ച ദുഃഖഭാവം കാട്ടി കരയും, ഹിന്ദുക്കാർ  ജാതിയിൽ ഹനുമാനെന്നൊരു കുരങ്ങിനെ വളരെ മാനിച്ച പൂജിക്കയും കഥകളിയിൽ ഇവന്റെ വെഷം കെട്ടി ആടുകയും ചെയ്തുപൊരുന്നുണ്ട.

മനുഷ്യക്കുരങ്ങു. ഇവൻ എറ്റം വിരുതുള്ളവൻ മനുഷ്യരൊട അടുത്ത സഞ്ചരിക്കയും ബലഹീനന്മാരുടെ കയ്യിൽ വല്ലതും കണ്ടാൽ പിടിച്ച പറിച്ച തിന്നുകയും ചെയ്യും ശീലിപ്പിക്കുന്നതിനെ വശമാക്കുവാൻ ബുദ്ധിയും കൌശലങ്ങളും ഉണ്ട. മുഖം കൂർത്തുള്ള — താടിക്കിരുപുറവും തിന്മാൻ കരുതുന്ന രണ്ടു സഞ്ചി ഉള്ളവനും ധൂസര നിറമുള്ളവനുമാകുന്നു.

ബാബൂൻ. തലയിൽ കുടുമയും കവിൾ രണ്ടും നീല നിറമായും മൂക്ക കടുഞ്ചുവപ്പു ള്ളതായും കാണുന്നതിനാൽ അവൻ നാട്യ വിദ്യ അഭ്യസിച്ചിരിക്കുന്നു എന്ന തൊന്നും ദുശ്ശീലംകൊണ്ടു അവനെ ഇണക്കുവാൻ ശ്രമിക്കുന്നില്ല എലിയെ പൊലെ കക്കും ഒരു സായ്പു ഒന്നിനെ കപ്പലിൽ കയറ്റി പാപ്പിച്ചു ഒരു മുറിയിൽ മരുന്ന കുപ്പി കണ്ടിട്ടു അതിന്റെ അകത്തുള്ളത കിട്ടുവാൻ വളരെ കൌശലങ്ങൾ പ്രയോഗിച്ചു — മൂടി കെട്ടിരുന്ന ശീലയും കയറും അഴിച്ച അടച്ചിരുന്ന മുഴ എടുത്തു കയ്യെത്തുന്നവരക്കും കുപ്പിയിൽ മുക്കിയും നക്കിയും എത്താതയായപ്പൊൾ ചെരിപ്പാനും ശ്രമിച്ചു കപ്പലിൽ ആകകൊണ്ടു നല്ലവണ്ണം ഉറപ്പിരുന്നതിനാൽ കഴിയാഞ്ഞപ്പൊൾ മണൽ വാരി അകത്തിട്ടു നികത്തി നികത്തി മുക്കുകയും നക്കുകയും ചെയ്തു.

കുരങ്ങുകളെ പിടിപ്പാനുള്ള ഉപായങ്ങളിൽ രണ്ടിനെ മാത്രം പറയുന്നു — ൧മത അവക്ക കണ്ടതുപൊലെ ചെിവാൻ ബുദ്ധി ഉണ്ടാകുന്നതിനാൽ അതു തന്നെ ഒരു കണിയായി തീരുന്നു നായാട്ടുകാരൻ ഒരു വലിയ പാത്രത്തിൽനിന്ന വെള്ളം എടുത്ത അവയുടെ മുമ്പിൽ വെച്ച കണ്ണു കഴുകി കുരുടാക്കുവാൻ വെള്ളം ഒഴിച്ച വെച്ചിരുന്ന മറ്റൊരു പാത്രം പൊക്കാക്ക കളിക്കുന്നതുപൊലെ അറിയാതെ മാറ്റി വെച്ച നീങ്ങി നിൽകുന്ന സമയം വൃക്ഷങ്ങളിൽനിന്ന അവ ഇറങ്ങി വന്ന തങ്ങളുടെ കണ്ണു കഴുകും അതുകൊണ്ടു കുറെ നെരം അന്ധന്മാരാകുന്നതിനാൽ പിടിക്കപ്പെട്ടും ൨ മത കുരങ്ങു കൂട്ടത്തിന്റെ മുമ്പി ൽ വെച്ച ഒരു കൈമെശ മൂന്നു പ്രാവിശ്യം ഊരി ഇട്ടു അകത്ത പശ നിറച്ച മറ്റൊന്ന പകരമായി വെച്ച പൊന്നാൽ അവ വെഗം വന്ന അപ്രകാരം ചെയ്യും കൈകൾക്കു അസ്വാധീനം വരുന്നതുകൊണ്ടു പിടിപ്പാൻ വിഷമമില്ല.

**൯ –ം അദ്ധ്യായം – മുല കുടിപ്പിക്കുന്ന ചിറകുള്ള ജന്തുക്കൾ**

നരിച്ചീരുകൾ. സൂൎയ്യന്റെ വെളിച്ചം ഇവക്ക അനുകൂലമല്ലായ്ക കൊണ്ടു അസ്തമിച്ച ശെഷം മാത്രം വൃക്ഷങ്ങൾ പാറ പാലങ്ങൾ □ സ്ഥലങ്ങളിൽനിന്ന പുറപ്പെട്ടു വരുന്നു. □ നാറുന്ന ജന്തുക്കൾക്ക ഒരു വിശെഷം ഉണ്ടു മനുഷ്യനും കുരങ്ങിനും ആനക്കും ഉള്ളതുപൊലെ ഇവക്കും മാറത്ത പാൽപാത്രങ്ങൾ ഉണ്ടു. ഭക്ഷണത്തി ന്ന പുഴുക്കൾ പാറ്റകൾ. ഹിമം കഠിനമായുള്ള ദിക്കുകളിൽ ഇവ ആയിരത്തൊളം ഒന്നിച്ച തല കീഴ്പട്ടു ത്തുങ്ങിനാലഞ്ചമാസം ഉറങ്ങുന്ന രാത്രിയിൽ പറക്കുമ്പൊൾമു ട്ടാതിരിക്കുന്നത കാഴ്ചകൊണ്ടല്ല. പരീക്ഷിപ്പാൻ മനസ്സുള്ളവൻ ഒരു മുറിയിൽ അഞ്ചാറ വടി തൂക്കിഇവയെ പത്തോപന്ത്രണ്ടൊ പിടിച്ച മെഴുകൊണ്ടു കണ്ണു മൂടി ആ മുറിയിൽ ആക്കിയാൽ വടികളിൽ മുട്ടിപ്പോകാതെ മുമ്പിലത്തെ പൊലെ

പറക്കും ഘ്രാണം കൊണ്ടും അല്ലാ മൂക്കിന്മെൽ കസ്തുരിയോ കപ്പൂരമോ തെച്ച വിട്ടാലും തടഞ്ഞുപൊകയില്ല ഇവയുടെ സ്പശ്നശക്തി വിശെഷത്താൽ വരുന്ന തത്രെ.

വമ്പൈർ. ഇവയുടെ മൂക്കിന്മെൽ വൃക്ഷത്തിന്റെ ഇല പൊലെ ഒരു തൊൽ പറ്റീട്ടുള്ളതിനാൽ ചിലപൊൾ ഇലമൂക്കൻ എന്ന പറയും നാവ നന്നെ പുറത്തെക്ക നീട്ടുമ്പോൾ അതിന്മെൽ അരിമ്പാറ നിറച്ച കാണും രാത്രികാലങ്ങളിൽ കുതിരകളുടെയും പശുക്കളുടെയും കഴുത്തിലും ഉറങ്ങുന്ന മനുഷ്യരുടെ കാൽകളിലും കടിച്ച രക്തപാനം ചെയ്യുമ്പൊൾ ഉണരാതിരിപ്പാൻ ചിറക വീശും കടിച്ച കഴിഞ്ഞിട്ടും രക്തനാഡിയിൽനിന്ന തുള്ളികൾ വീണ ചിലപ്പോൾ മൊഹാലസ്യമുണ്ടാകും അമ്രിക്കായിലുള്ളരക്തപാനികളിൽ ഇത വലിയത.

പാറ്റാട. പകൽ സമയത്ത തെങ്ങിന്മെലും വലുതായുള്ള ചില വൃക്ഷങ്ങളിലും ഒളിച്ച കിടക്കും ഒച്ച കാപ്പിക്കുന്നതു പൊലെ ആകയാൽ രാഗക്കാരുടെ കൂട്ടത്തിൽ മാനിക്കുന്നില്ല രാത്രികാലങ്ങളിൽ വൃക്ഷന്തൊറും പറന്ന വീഴ്കയും തെങ്ങിൽ കുമ്പിന്റെ ചാറ കുടിക്കയും ശീലം ശൂദ്രർ ഇവയുടെ മാംസം ഭക്ഷിക്കുന്നു. ഒരു കിട്ടിയെ മാത്രം പ്രസവിച്ചകൂടെ കൊണ്ടപറക്കയും ചെയ്യും.

**ർ –ം അദ്ധ്യായം – സഞ്ചിമൃഗങ്ങൾ**

അമ്രിക്കായും ഔസ്ത്രാലിയായും ഇവയുടെ സ്വദെശം. എലി മുതൽ ആട്ട വരക്കും പൊക്കം വയറ്റിനന്നുള്ള നീളത്തിൽ ഇരുപുറവും അടപ്പാനും തുറപ്പാനും ദ്വാരമുള്ള ഒരു സഞ്ചി ഉണ്ട, ചെന പിടിച്ച ഒരു മാസം കഴിഞ്ഞാൽ ജീവശവമായി കുട്ടിയെ പ്രസവിക്കുന്നെരം സഞ്ചിയിൽ ആക്കി മുലക്കണ്ണപിടിപ്പിച്ചാൽ പൂണ്ണത വരുന്ന അമ്പത ദിവസം വരക്കും അവിടെ പറ്റിയിരിക്കും പിന്നെ വെയിലുള്ള സമയങ്ങളിൽ പുറത്ത വരും മഴ വരുമ്പൊഴും ശത്രുക്കളുടെ ഉപദ്രവത്തിങ്കലും അകത്തെക്കും പോകും.

ഒപൊസ്സം. ഇത അമ്രിക്കായിൽ മാത്രം കാണും ധൂസര നിറവും വെളുത്ത നീണ്ട കെസരവും ഉണ്ട കറുത്ത ചെവിയുടെ തുമ്പ മാത്രം വെളുത്ത. ചെന പിടിച്ചതിന്റെ ശെഷം ഇരിപത്താറാം ദിവസം പതിനാറ കുട്ടി വരക്കും പ്രസവിക്കുമാറുണ്ട. ശരീരത്തിന്റെ പൂണ്ണതക്ക അമ്പത ദിവസത്തൊളം മെൽപ്രകാരം സഞ്ചിയിൽ ആക്കിയതിന്റെ ശെഷം കുട്ടിക്ക എലിയുടെ പൊക്കം ഉണ്ടാകും പിന്നെ തള്ളയൊട കൂടെ നടക്കും.

കങ്കരു. ഇത കാഴ്ചക്ക ഭംഗി ഉള്ളത പിങ്കാൽ നീളം എറിയതും മുങ്കാൽ കുറഞ്ഞതുമാകകൊണ്ട മുങ്കാലിന്റെ അപെക്ഷ കൂടാതെ ചാടി സഞ്ചരിക്കുന്നു.

കുത്തിരികുമ്പോൾ വാൽ സഹായമുണ്ട, ഇത ഒപൊസ്സം പൊലെ കുട്ടിയെ സഞ്ചിയിൽ വെക്കും എങ്കിലും രണ്ട കുട്ടികളെ മാത്രം പെറും മെയുന്ന സമയം കുട്ടികൾ തലമാത്രം പുറത്ത പുറപ്പെടീച്ച ഒന്നും രണ്ടും പുല്ലുകൾ കടിച്ചെടുത്ത തിന്നും നായാട്ടിങ്കൽ നായൊ നായാട്ടുകാരനൊ അടുത്താൽ കെട്ടിപ്പിടിച്ച നഖങ്ങളെ കൊണ്ട മാന്തി കീറും സമഭ്രമിയിൽ അല്ലാതെ കുന്നും കുഴിയുമായ സ്ഥലങ്ങളിൽ ചാട്ടം കൊണ്ടും ജലങ്ങളിൽ നീന്തുന്നതിനാലും പിടിപ്പാൻ വിഷമം.

ഫാലങ്ക്സർ. ഇത വൃക്ഷങ്ങളിൽ മാത്രം ഇരിക്കും, പകൽ പൊത്തുകളിൽ കിടക്കും രാത്രിയിൽ കൊമ്പുതൊറും സഞ്ചരിച്ചഫലങ്ങളും കുമ്പും പുഴക്കളും തിന്നും,ഏകദെശം പൂച്ചയുടെ പൊക്കം,പറക്കെണമെന്ന തൊന്നിയാൽ വാൽ ചിറകുപോലെ പരത്തി പറക്കുന്നു, ആപത്തു വരുമ്പൊൾ വാൽ കൊണ്ട പിടിച്ച തൂങ്ങി ക്ഷീണിച്ച വീഴുന്ന വരക്കും നില്ക്കും.

## ൫ –ം അദ്ധ്യായം – പല്ലില്ലാത്ത ജന്തുക്കൾ

 ജാതിക്കാർ തെക്കെ അമ്രിക്കായിലും കാപ്രിയിലും ജീവിക്കുന്നു നെരെ പല്ലുകൾ ഒന്നിന്നും ഇല്ല, ചിലതിന്ന അണക്കൽ രണ്ടും മൂന്നും ഉണ്ടായിരിക്കും. എങ്കിലും പല്ലിന്റെ പ്രവൃത്തികൾ കാൽകളിലെ നീണ്ടുള്ള നഖങ്ങൾ ചിലപ്പൊൾ ചെയ്യും ഭക്ഷണത്തിങ്കലും സഞ്ചാരത്തിങ്കലും അതിമാന്ദ്യം ഉണ്ടാകുന്നതിനാൽ ഇവക്ക മടിയർ എന്നൊരു പെര കൂടെ ഉണ്ട.

കുട്ടിത്രാവ. ഇതിനെ തെക്കെ അമ്രിക്കായിൽ കാണുന്നുണ്ട വൃക്ഷങ്ങളിൽ പെറപ്പെട്ടുകയും ജീവിക്കയും മരിക്കയും ചെയ്യുന്നു. ആദിത്യന്റെ രശ്മി പറ്റാതിരിക്കുന്ന കാട്ടിൽ പാമ്പ ഉറുമ്പ തെള  വക ഇല്ലാത്ത പ്രദെശങ്ങളിൽ മിക്കവാറും ഇരിക്കും. കാറ്റടിക്കുന്ന സമയം മാത്രം നീങ്ങും. ഒരു വൃക്ഷത്തിന്മെൽ ഭക്ഷണം ഒടുങ്ങുന്ന വരക്കും മറ്റൊന്നിന്മെൽ പൊകയില്ല ഇത്ര മടിയൻ, അണ്ണാൻ കുരങ്ങ ഇവപൊലെ കൊമ്പിന്റെ മെൽപുറത്തല്ല എപ്പോഴും താഴെ ഭാഗത്ത കെട്ടിപ്പിടിച്ചിരിക്കും ആയി ആയി എന്ന ശബ്ദത്തൊടെ എപ്പൊഴും ദുഃഖഭാവം കാണിക്കും മുഖത്ത രൊമം ഇല്ലായ്കകൊണ്ട എകദെശം മനുഷ്യ മുഖം പൊലെ. ഇത്തിൾപന്നി. തെക്കെ അമ്രിക്കായിലുള്ള വയലുകളിലും പടപ്പുകളിലും കുറുകാട്ടുകളിലും അവന്റെ ഇരിപ്പ. ഉറുമ്പ പുഴ കൃമികളിന്മെൽ മെശകഴിക്കുന്നു.തൊൽ അരക്കച്ച കെട്ടിയതുപൊലെ ഇരിക്കുന്നതിനാൽ തമ്മിലുള്ള പിണക്കത്തിങ്കൽ മുറി എൽക്കുന്നില്ല ശത്രു അടുത്താൽ തനിക്കുള്ള തുരവ ശക്തികൊണ്ട നിമിഷം ശരീരത്തിന്റെ നീളത്തിൽ കുഴി ഉണ്ടാക്കി ഒളിക്കും. തുരമുഖത്തിരിക്കുന്ന പിങ്കാൽ പിടിച്ച എത്ര വലിചാലും പൊരാതിരിപ്പാൻ ശരീരം വിരവ വരുത്തി തിങ്ങലാക്കി കൈകൊ

ണ്ട അമർക്കുന്നതിനാൽ ഒരു മനുഷ്യനാൽ പുറത്താക്കുവാൻ കഴിയുന്നതല്ല, ഒരു പൊട്ടു കണ്ടാൽ അതിൽ ഇത്തിൽ പന്നി ഉണ്ടെന്നറിയണമെങ്കിൽ ഒരു വലിയ കോലെടുത്ത പൊട്ടിൽ കടത്തി വളരെ ഇളക്കുമ്പൊൾ പെരുത്ത കൊതുക പുറത്ത വരുന്നെങ്കിൽ അതിൽ അവനുണ്ടെന്ന നിശ്ചയിക്കാം പ്രാണരക്ഷക്കെന്നിയെ വെള്ളത്തിൽ ചാടി നീന്തുന്നില്ല.

ഉറുമ്പതീനിക്ക. മുക്കാൽ കൊൽ പൊക്കം ഒന്നര കൊൽ നീളവും ഉണ്ട നെരെ ബഹു നീളത്തിൽ തല. വെളുത്ത രൊമം പെരുകിയ ഒന്നര കൊൽ നീളമുള്ള വാൽ മഴ പെയ്യുന്നെരം ശരീരത്തിന്മെൽ മടക്കി പരത്തി ഒരു കുട പൊലെ ആക്കും.വലിയ ഉറുമ്പുകൂട കാണുമ്പൊൾ ആനറാഞ്ചന്റെ പൊലെ ഉള്ള നഖം അതിൽ താഴ്ത്തി ആ ദ്വാരത്തിൽ കൂടി നീളമുള്ള നാക്ക കടത്തും അതിന്മെൽ ഒരു പശ ഉണ്ടാകകൊണ്ട വളരെ ഉറുമ്പ പറ്റുന്ന സമയം അകത്തു വലിച്ച ഉറുമ്പിനെ നുണച്ച തിന്നും ഇപ്രകാരം അസംഖ്യം ഉറുമ്പുകളെ അവൻ വിഴുങ്ങും.

## ന്ന –ം അദ്ധ്യായം – കരളുന്ന ജന്തുക്കൾ

ഉമ്മരപ്പല്ലുകൾക്ക വളരെ മൂച്ച് ഉള്ളതിനാൽ കഠിന വസ്തുക്കളെ കരളും. കരണ്ട തെഞ്ഞലും പൊട്ടിപ്പൊയാലും കൂടെ വദ്ധിക്കും പിങ്കാൽകളുടെ നീളം കാരണത്താൽ ശരീരത്തിന്ന അല്പം വളവുണ്ടാകുന്നു. പറ്റിക്കെറുക ചാടുക മണ്ണ മാന്തി മറിക്കുക നീന്തുക തുടങ്ങിയ ശീലത്താൽ ഫലം വൃക്ഷത്തിന്റെ തൊൽ ഇല വെര  വക കൈവശമാക്കുവാൻ പ്രയാസമില്ല ചിലതിന്ന പുഴു മൊട്ട പക്ഷികൾ ഇവ തിന്മാൻ രസമുണ്ട അന്നന്ന പ്രയത്നത്താൽ പൊറുക്കുന്നവയും നല്ല ഗൃഹസ്ഥനെ പൊലെ ആവശ്യകാലത്തിന്ന ശെഖരിച്ച വെക്കുന്നവയും  കൂട്ടത്തിലുണ്ട മുല കുടിപ്പിക്കുന്ന ജന്തുക്കളിൽ ഇവക്കെത്രെ അധികം സന്തതി. രൊമമൊ മുള്ളൊ മൂടലായിരിക്കും.

മുയൽ. ഇവനെ എല്ലാ ദെശങ്ങളിലും കാൺകകൊണ്ട നിറം പൊക്കം ശീലം  വക വിസ്തരിച്ച പറയുന്നതിന്ന ഒരു അപെക്ഷ ഇല്ല എങ്കിലും കുറഞ്ഞൊന്ന പറയുന്നുണ്ട പുറമ്പൊളക്ക വലിയ കണ്ണിനെ മൂടുവാൻ വലിപ്പം പൊരായ്ക കൊണ്ട തുറന്ന കണ്ണല്ലാതെ ഉറങ്ങുവാൻ നിർവാഹമില്ല. വലിയ ഭയശീലനാകുന്നതിനാൽ ഇലയുടെയൊ എലിയുടെയൊ മാക്രിയുടെയൊ ശബ്ദം അവനെ ദൂരത്ത ഒടിക്കും ശത്രുവിന്ന കുട്ടിൽ പൊകുന്നതിനെ തൊന്നിക്കാതിരിപ്പാനായി അതിന്റെ സമീപത്ത തിരിച്ചും മറിച്ചും വളരെ ചാടി ഒടുക്കം ഒരു വലിയ ചാട്ടത്താൽ കുട്ടിൽ വീഴുന്നു. മുമ്പിൽ തന്നെ ഉണ്ടെങ്കിൽ ചവിട്ടുവാൻ തക്കവണ്ണം അടുത്താലും ഇളകുന്നില്ല പത്ത വയസ്സൊളം ജീവിക്കും പെണ്ണ ആണ്ടിൽ നാലതവണയാ

യിട്ട രണ്ടും നാലും കുട്ടികളെ പ്രസവിക്കും ഇവ പെറപെട്ട ദെശം ഉപെക്ഷിച്ച പൊകുന്നില്ല ചെണ്ട കൊട്ട നൃത്തം ഹുക്ക വലിക്ക വെടിവെക്ക മുതലായതും ശീലിപ്പിക്കാം. അഭ്യസിപ്പിക്കുന്ന വന്ന നന്നെ മുഷിച്ചിൽ പൊറുക്കാമെങ്കിലെ വശമാവൂ ഇരു തല കീറിയ ചെവി മുടമ്പല്ല മുച്ചുണ്ട  വക വിരൂപങ്ങൾ ഇവക്ക അപൂർവ്വമല്ല കൊമ്പുള്ളതും ഉണ്ടെന്ന ചിലർ പറയുന്നു ഞാൻ കണ്ടെങ്കിലെ ഇനിക്ക വിശ്വാസമുള്ളു.

മുള്ളൻപന്നി. മൂക്കും കൈകാൽകളുടെ അഗ്രവും ഒഴികെ ശെഷം ഒക്കെയും മുള്ളു കൊണ്ട മൂടിയിരിക്കും ശത്രുക്കൾ അടുക്കുമ്പൊൾ മുള്ളുകൾ അത്രെയും വിരിയിച്ച കുടയും. അത അസ്ത്രം പൊലെ വന്ന കൊള്ളുമെന്ന ഒരു കെൾവി ഉണ്ട അല്ലങ്കിൽ മൂക്കും കൈകാൽകളും വിരിയിച്ച മുള്ളിൽ ഒളിപ്പിച്ച ഉരുള പൊലെ കിടക്കും മണ്ണിലും കല്ലിലും പല ശാഖകളായി പൊട്ടുണ്ടാക്കിയതിൽ പകൽ സമയം ഇരുന്ന രാത്രിയിൽ ഭക്ഷണം തെടി പുറത്ത പൊകും. കിഴങ്ങകൃഷിക്ക വളരെ നഷ്ടം വരുത്തും പിടിപ്പാൻ നന്നെ പ്രയാസം കിഴങ്ങ കുത്തുമ്പൊൾ യന്ത്രപ്പണിയിൽ വെച്ചിരിക്കുന്ന തൊക്കിൽനിന്ന താനെ വെടിപൊട്ടി ചത്തുപൊകുന്നുണ്ട മുള്ള ചിത്ര മെഴുതുന്ന ഋലികത്തണ്ടിന്നും മത്സ്യം ചൂണ്ടൽകൊണ്ട പിടിക്കുന്നവർക്ക പൊന്തിന്നും സൂചികൾ കുത്തി വെക്കുന്നതിന്നും കൊള്ളാം. എലിപന്നി. ബ്രസീലിയുടെയും പറക്വായിയുടെയും സമഭ്രമികളിൽ കാണ്മാനുണ്ട അതിന്റെ നടയും ഒച്ചയും എകദെശം പന്നിക്ക ഒക്കും കഴുത്തും തലയും വെളുത്ത, ശെഷം സ്വർണ്ണ നിറം. തൊരപ്പന്റെ വലിപ്പവും ഉള്ളതെത്രെ പിങ്കാൽകളെക്കൊണ്ടിരുന്ന രണ്ടുകൈകൊണ്ട ഭക്ഷ്യങ്ങൾ പിടിച്ച ചപ്പി തിന്നുന്ന മുറിയിൽ ഉണ്ടായിരുന്നാൽ വാതത്തിന്നും സന്നിക്കും ശക്തി ഉണ്ടാകയില്ല എലി മൂട്ട പെനിത്യാദികൾ വരികയുമില്ലെന്ന ചിലർ പറയുന്നുണ്ട രണ്ട മാസം കൂടുമ്പൊൾ രണ്ടും മൂന്നും നാലും കുട്ടികളെ പ്രസവിക്കും ബഹു സാധുസ്വഭാവം കൊപത്തിങ്കൽ പല്ല കടിച്ച ഇളിച്ച കാട്ടും സായ്പന്മാർ കാഴ്ചക്കായിട്ട ചിലപ്പൊൾ  ദിക്കിൽ കൊണ്ടുവന്ന രക്ഷിക്കും.

എലി. പുരയിലും കപ്പലിലും എല്ലാറ്റിലും കെറി നല്ലതും ആകാത്തതുമായ വസ്തുക്കളെ ഒരുപൊലെതിന്നും ഇവനെ പൊലെ മൊഷണ ശീലൻ എങ്ങുമില്ല പകരുന്ന വ്യാധിപൊലെ പെരുക്കുമ്പൊൾ ചില ദെശങ്ങളിൽ കൃഷിക്കാർ ദിവസന്തൊറും ഇത്ര എലിയെ കൊണ്ടുവന്ന അധികാരിയുടെ മുമ്പാകെ എണ്ണം കൊടുക്കണമെന്ന ഒരു സൎക്കാർ കല്പന ഉണ്ടാകും പെറ്റാൽ ഒമ്പത ദിവസം കുട്ടിക്ക കാഴ്ചയില്ല.

തുരപ്പൻ. പകൽ മടയിൽ കിടക്കും രാത്രികാലങ്ങളിൽ പുറത്തപൊയി നെല്ല മുതലായത തിന്നുന്ന ഗൃഹസ്ഥനെപൊലെ തന്റെ മടയിൽ ശെഖരിച്ച വെക്കയും

ചെയ്യും വലിപ്പത്തിൽ കൂടിയവൻ. കറുത്ത നീണ്ട രൊമവും മൂടലായിട്ടുണ്ട.
നൊച്ചൻ. മൂത്രക്കുഴി മുതലായ ചീത്ത ദിക്കുകളിൽ മട ഉണ്ടാക്കി പകൽ നെരം കിടക്കും രാത്രി പുരക്കകത്തെ ഭക്ഷണം തെണ്ടി കെറി വരുമ്പൊൾ അതി ദുൎഗ്ഗന്ധം ഉണ്ടാകും.
മൎമ്മൊട്ട. എന്നൊരു എലി വലിയ പൎവ്വതങ്ങളിലും അവിടെ ഉള്ള പാറക്കു ഴികളിലും ഇരിക്കും അദ്ദിക്കിൽ മൂന്ന മാസം മാത്രം വെനൽ ഉള്ളതിനാൽ  അവധിക്കിടയിൽ ഭക്ഷിച്ച പുഷ്ടി വരുത്തുന്നത അവന്റെ സമ്പ്രദായം. ശെഷം ഒമ്പത മാസം ഹിമംകൊണ്ട മൂടിരിക്കുന്നതിനാൽ വലിയ തുര ഉണ്ടാക്കി വയ്ക്കോൽ ഉണങ്ങിയ പുല്ല മുതലായ മൃദു വസ്തുക്കളെ കൊണ്ടുവന്ന വിരിച്ച പത്തു പതിനഞ്ച കൂട്ടക്കാർ അകത്തുചെന്ന തുരമുഖം രണ്ടുകൊൽക്ക മാത്രം കല്ലും മണ്ണും കൊണ്ട അടച്ചുറപ്പിച്ച അതിൽ ഉറങ്ങുന്ന ഉറക്കത്തിന്നായി പൊക്കും മുമ്പെ വെള്ളം പള്ളയിൽ നിറച്ച ശുദ്ധിയാക്കും മാംസത്തിന്ന വളരെ രുചി ഉണ്ടെന്ന കെട്ടിട്ടുണ്ട.മലയണ്ണാൻ. മരപ്പൊത്തുകളിൽ പുല്ല മുതലായ മൃദുവസ്തുക്കളെ സമ്പാ ദിച്ച കൂടുണ്ടാക്കിയതിൽ രാവ വസിക്കും പകൽ ഭക്ഷണം നിമിത്തമായി പുറത്ത സഞ്ചരിച്ച ഫലങ്ങൾ തിന്നും രണ്ട കുട്ടിയെ പെറും ബഹു രൊമമുള്ള വാലും പുറത്ത മൂന്ന വരയും ചുവന്നതൊഴികെ മൂടലായിട്ട കറുത്ത രൊമം. മനുഷ്യരിൽ വെഗം നല്ല പൊലെ ഇണങ്ങിയാൽ അകത്തും പുറത്തും ഭെദം കൂടാതെ സഞ്ചരി ക്കും പായസം അരി ചൊറ ഇതൊക്കെയും അവന്ന ഇഷ്ടം മരപ്പട്ടി കുരങ്ങ പൂച്ച ശത്രുക്കൾ. ഫലങ്ങൾ തിന്നുമ്പൊൾ രണ്ടു കൈകൊണ്ട പിടിച്ച പിങ്കാൽകൊ ണ്ടിരുന്നകരളുകയത്രെ ശീലം. ചെറുതായൊരു വക നാട്ടിലുള്ളതിന്ന വെളുത്ത വരയും ചുവപ്പില്ലായ്കയും ഭെദം. അമ്രിക്കായിൽ ഒരിക്കൽ ചൊളക്കൃഷി മൂലനാശം വരുത്തുവാൻ തക്ക പെരുത്താറെ ഒന്നിനെ കൊന്ന കൊണ്ടുവന്നാൽ ഒരു അണ വീതം കൊടുക്കാമെന്ന സൎക്കാർ കല്പന ഉണ്ടായിട്ട ആ ആണ്ടിൽ ഒരു കൊടി ഇരുനൂറ്റെണ്പത ലക്ഷം നശിപ്പിച്ചു.

**൭ – ം അദ്ധ്യായം – മാംസം ഭക്ഷിക്കുന്ന ജന്തുക്കൾ.**

പല്ലുകളിൽ ദംഷ്ട്രകൾക്ക മൂൎച്ചയും ശക്തിയും കൂടും. തൊലിയിൽ ഒളിപ്പാൻതക്ക അകവളവിൽ നാലൊ അഞ്ചൊ നഖങ്ങളും ദഹന ശ്വാസ രക്തഗമനങ്ങളുടെ എളുപ്പവും കാഴ്ചക്കും മറ്റിന്ദ്രിയങ്ങൾക്കും സാമൎത്ഥ്യവും കൂട്ടമായി നടക്കായ്കയും മല മൂത്രങ്ങളുടെ അതിദുൎഗ്ഗന്ധവും  ജാതിക്കാരുടെ സാമാന്യ ലക്ഷണം.
എയ്യൻ. ശത്രു ബാധയിൽ മുള്ളനെ പൊലെ ഉരുളയായി കിടക്കുക അവന്ന ശീലം. മുള്ളുകൾക്ക ഒരു വിരൽ മാത്രം നീളം വയറ്റത്ത വെളുത്ത രൊമം.

തൊട്ടങ്ങളുടെ വെലി സമീപങ്ങളിൽ ശരീരത്തിന്റെ നീളത്തിൽ മട ഉണ്ടാക്കി വയ്ക്കോൽ ഇല ഇവ പതുപ്പിലിട്ട അവിടെ കിടക്കും എലി മാക്രി പല്ലി പെക്കാന്തവള അവന്ന ഭക്ഷണം. പാഷാണം കറുപ്പ തുടങ്ങിയ വിഷങ്ങളെ ഭക്ഷിച്ചാൽ അവന്ന സൌഖ്യക്കെടുപൊലും ഇല്ല. സ്ത്രീക്ക ചെനപിടിച്ച അമ്പത ദിവസം ചെല്ലുമ്പൊൾ നാലൊ ആറൊ കുട്ടികളെ പ്രസവിച്ച ഒരു മാസം മുല കുടിപ്പിക്കും പിന്നെ അച്ച കൃമിയാദി കൊണ്ട വളൎത്തും പെറുമ്പൊൾ കുട്ടികൾ മൊഴക്കനെ, ഒരു ദിവസം കഴിഞ്ഞാൽ മുള്ളുകൾക്ക കാൽ വിരൽ പൊക്കം കാണും പതിനാറ ദിവസമായാൽ കണ്ണും ചെവിയും ഉണ്ടാകും പണ്ടെ കാലത്തെ ചണവക്ക൭ുന്നതിന്ന അവന്റെ തൊൽ ഉപകരിച്ചിരുന്നു എലി പാമ്പ മുതലായതിനെ നശിപ്പിക്കുന്നവനാകകൊണ്ട അതിനെ ആരും ഉപദ്രവിക്കുമാറില്ല.

മൊൾ. എന്ന മെഘവണ്ണമായ തൊരപ്പ ജാതി മിക്കവാറും ഭൂമിക്കകത്ത ഇരിക്കുന്നു കൂൎത്ത തലയുള്ളവൻ. മൂക്കിന്മെൽ ഉള്ള തഴമ്പിനാൽ ഇളക്കിയ മണ്ണ കയ്യൊട്ടിനൊടൊക്കുന്ന കാൽകളെക്കൊണ്ട പിന്നാക്കം തള്ളും മണ്ണിൻ കീഴെയുള്ള കൃമി ഞാഞ്ഞൂള ചീടം ൭ വക ജന്തുക്കളെ തിന്നും ഉറുമ്പകണ്ണാകയാൽ അവന്ന കണ്ണില്ലെന്ന തൊന്നും ചെവി ഒട്ടുമില്ല താനും. പെറുമ്പൊൾ കുട്ടിക്ക കാപ്പിക്കുരുവിന്റെ വണ്ണം. അവൻ ഭൂമി ഒക്കെയും നിലവറ പൊലെ തുരന്ന കൃഷിക്ക വളരെ ദൊഷം വരുത്തുന്നതിനെ വിചാരിച്ച പിടിക്കെണ്ടതിന്ന ചില ഹീന ശമ്പളക്കാരെ നിൎത്തിരിക്കുന്നു.

ബെജ്ജർ. എന്ന മൃഗത്തിന്ന ഒരുക്കൊൽ നീളം അരക്കൊൽ പൊക്കം. രൂപത്തിൽ കരടി പന്നി മുള്ളൻ എന്നിവയെ പ്രമാണിച്ചിട്ടാകുന്നു. ശീലം തുരക്കുന്നവയൊടുംചെരും. കൃഷിക്കടുത്ത കാട്ടുപ്രദെശങ്ങളിൽ ഇരിക്കകൊണ്ടും ശുദ്ധാ ശുദ്ധങ്ങളെ പ്രമാണിക്കുന്നില്ലായ്കകൊണ്ടും ഉപജീവനം എളുപ്പത്തിൽ കഴിച്ച പൊരുന്നു ഒരു തുരയിൽ കൂടി രണ്ടു കൊൽ താഴ്ച ചെല്ലുമ്പൊൾ പതുപ്പിൽ വിരിച്ചിരിക്കുന്ന വിസ്താരത്തിലുള്ള തളവും അതിന്റെ നാലു പുറവും തുരകളും ഉണ്ടായിരിക്കും ഒന്നു മാത്രം സഞ്ചാരത്തിന്നും മറ്റുള്ളത ശത്രുഭയത്തിങ്കൽ ഒളിപ്പാനുമല്ലൊ. ശുദ്ധവീടുപൊലെ വെടിപ്പ കാൺകകൊണ്ട അതിങ്കലെ അത്യാശ മൂലം മറ്റ മൃഗങ്ങൾ മലമൂത്രങ്ങളെ കൊണ്ടഅശുദ്ധമാക്കുമ്പൊൾ അവൻ താനെ ഒഴിച്ച പൊകും. മടിയനാകയാൽ ഇണക്കിയവക്ക് പ്രയൊജനമില്ലാഞ്ഞിട്ട എറെഇണക്കുന്നില്ല ഇവന്റെ മാംസം ചിലക്ക് പഞ്ചസാര പൊലെ ഇരിക്കുന്നു. എതു രൊമത്തെ എങ്കിലും വെളുപ്പിപ്പാൻ ഇതിന്റെ നെയ്യിന്ന ഒരു ശക്തി ഉണ്ടാക മൂലം കുതിരക്ക ചൂട്ടുണ്ടാക്കുക മുതലായ ആവശ്യങ്ങളെ വിചാരിച്ച നൈവല അധികം വില കൊടുത്ത വാങ്ങിക്കും.

പന്നിക്കരടി. മൂക്കും കാലടികളും ഒഴികെ ഇവന്ന കറുത്ത നീണ്ട രൊമം മൂടലാ

യിട്ട ഉണ്ട. വളഞ്ഞ നീളമുള്ള നഖങ്ങളും കുറ്റിവാലും പന്നിയുടെ പൊലെ മുഖവും ഉള്ളവൻ. തെൻ അതി പ്രിയമാകയാൽ അതുള്ള മരങ്ങളിൽ പറ്റിപ്പിടിച്ച കെറി നഖങ്ങൾ കൊണ്ട മാന്തി തെൻ കുടിക്കും ഇറങ്ങുവാൻ വഹിയായ്കയാൽ അവിടെ ഇരുന്ന ലഹരിയും ഉറക്കവും കൊണ്ട താഴത്തവീക്ക എത്രെ ചെയ്യപൊരുന്നത. വലിയ കാട്ടുകളിൽ ഉണ്ടായിരിക്കയാൽ കുട്ടികളെ മാത്രം പിടിച്ചിണക്കി വളരെ ദണ്ഡിപ്പിച്ചിട്ട കെട്ടിപ്പിടിച്ചുരുളുക ചാട്ടം രണ്ട കാൽമെൽ സഞ്ചാരം ഹുക്ക വലി വെടി വെക്കുക പിച്ച ചൊദിക്കുക മുതലായ കളികൾ ശീലിപ്പിച്ച കൊണ്ടുനടന്ന കാണിക്കുന്നവൻ കിട്ടുന്ന സമ്മാനങ്ങൾ വാങ്ങി ഉപജീവനം കഴിക്കുന്നു.

പൊലാർകരടി. ബഹു വടക്കുള്ള ദെശങ്ങളിലും സമുദ്രക്കരകളിലും ഉണ്ട ചിലപ്പൊൾ തിമിംഗലങ്ങളുടെ മാംസം തിന്നുന്നതിന്ന സമുദ്രത്തിൽ ഇരുനൂറ നാഴിക അകലം നീന്തുന്നു അതല്ലാതെ പക്ഷികളെയും മറ്റ മൃഗങ്ങളെയും തിന്നും വിശപ്പുള്ള സമയവും ഉപദ്രവിക്കുന്ന കാലവും ഒഴികെ ആരെയും അസഹ്യപ്പെടുത്തുകയില്ല സസ്യത്തിന്റെ ക്ഷാമത്താൽ അവിടെ ഉള്ള മനുഷ്യർ അവയെ തിന്നും എങ്കിലും കരൾ തിന്നുമ്പൊൾ രൊഗം പിടിച്ച മരിക്കയും ചെയ്യും അതിന്ന വിഷമുണ്ടെന്ന അപജയം കൊണ്ടറിഞ്ഞു. നീണ്ട വെളുത്ത രൊമത്തിന്റെ ഗുണം വിചാരിച്ചിട്ട സായ്പന്മാർ ഇതിന്റെ തൊല വണ്ടികളിലും വെങ്ക്ളാവിന്റെ മുറികളിലും വിരിപ്പായി ഇടുന്നു.

മരപ്പട്ടി. പകൽ ഉപദ്രവം എറുകയാൽ ഇല്ലിപ്പട്ടിലുകളിലും ഇരിട്ടുള്ള സ്ഥലങ്ങളിലും ഒളിച്ച കിടക്കും വെളുത്തും കറുത്തും വരിയായി രൊമം ഉണ്ട രാത്രിയിൽ ഇറങ്ങി വീടുകളിൽ സഞ്ചരിച്ച അരി ചൊറ പായസങ്ങൾക്കും പുറമെ മാംസവും കിട്ടിയത തിന്നുന്നു കൊഴിയെയും പ്രാവിനെയും പിടിച്ച തിന്നുന്നതിന്ന എറ്റം താല്പര്യമുണ്ടാകയാൽ അവയുടെ കൂട കണ്ടാൽ ദൂരത്തനിന്ന തുരന്ന അതുവഴിയെ കൂട്ടിൽ കടന്ന ആവിശ്യത്തിന്ന മാത്രം കൊന്ന ഭക്ഷിക്കും ഇരിക്കുന്ന സ്ഥലം അറിയാതിരിപ്പാൻ സമീപത്തുള്ളതൊന്നും കക്കുന്നില്ല മലം ദൂരത്ത കളയും കുട്ടികളുണ്ടെങ്കിൽ അവയുടെ മലവും അകലെ കൊണ്ടുപൊകും. വീട്ടിൽ വരുമ്പൊൾ തിരി കത്തിച്ച കാട്ടിയാൽ നെരെ നൊക്കി നിൽക്കുമ്പൊൾ പിടിപ്പാൻ പ്രയാസമില്ല ഒരു മൊട്ടയുടെ അകത്ത ചൂണ്ടൽ ഒളിപ്പിച്ച വെച്ചാൽ അത തിന്നുമ്പൊൾ വായിൽ കൊളുത്തപ്പെട്ടു പൊകുന്നെരവും കൈ വശമാക്കാം.

കൊക്കാൻ. ഇത പൂച്ച തന്നെ. വീട്ടുകളിൽ വളന്നിരുന്ന കാടൻ പൂച്ച ശക്തി പെരുക്കുമ്പൊൾ ഇണക്കം ഇല്ലതെ കാട്ടുകെറി പകൽ മുടിലുകളിലും മറ്റും ഒളിച്ച പാൎത്ത കൊഴി അണ്ണാൻ മറ്റ കിളികളെയും ചതിയിൽ പിടിച്ച കടിച്ച വിഴുങ്ങുന്നു. പൂച്ച മൂത്ത കൊക്കാൻ എന്നുള്ള പഴഞ്ചൊല്ല എല്ലവരും അറിയുമല്ലൊ.

മെരു. കറുത്തും വെളുത്തും വരിയായി രൊമം. പക്ഷികൾ ഒന്ത മത്സ്യം  പ്രി

യഭക്ഷണം ക്കുടുകളിൽനിന്ന മൊട്ട എടുത്ത തിന്നുകയും ചെയ്യുന്ന വൃക്ഷങ്ങളുടെ വെരും ഭക്ഷിക്കും ചിലപ്പൊൾ തങ്ങളുടെ വാൽ വെള്ളത്തിൽ ഇട്ട ഞണ്ടുകൾ വന്നിറുക്കുന്ന സമയം എടുത്ത പിടിക്കും അതിസൌരഭ്യമുള്ള പച്ചപ്പുഴ എന്നൊരൌഷധം അണ്ഡത്തിൽ ഉണ്ട അത ഞെക്കി ഇറുപ്പിച്ചെടുത്ത കൈത്തണ്ടയിൽ തെച്ച കഴുകി ശൊധന ചെയ്ത വടിച്ചെടുത്ത അളക്കിൽ ആക്കി സൂക്ഷിച്ചു കൊണ്ടാൽ വായുവിന്റെ ഉപദ്രവത്തിന്നും ഒരു വക മുഖക്കുരുവിന്നും നന്ന. ഒരു പണത്തിന്ന രണ്ടൊ മൂന്നൊ പണത്തുക്കം കൊടുത്താൽ മതി അത്ര സാരമുള്ളത. പാൽ കുടിക്കും ചൊറും ഇഷ്ടം ഉപ്പും പുളിയും ബഹുവിരൊധം. പച്ചപ്പുഴ അധികം ക്കുടുമ്പൊൾ വല്ലതിന്മെലും ഉരച്ചുകളയും,

യപാത വലിപ്പം. എന്നിയെ ശെഷം ഒക്കയും മെരുവിന്റെ ഛായ. കാഴ്ചയിൽ മരപ്പട്ടി ഇവനൊടൊക്കുന്നതിനാൽ വിൽക്കുന്നവർ യപാതെന്ന പറയുന്ന വാക്കിനെ പ്രമാണിച്ച വിലകൊടുക്കകൊണ്ട പലക്കും ചതി പറ്റിപൊകുന്നു,

കീരി. പാമ്പവെര എന്നൊരൌഷധം തിന്നുപൊരികകൊണ്ട വിഷം ഫലിക്കയില്ല എന്ന പറയുന്നത സത്യമല്ല സ്വഭാവത്താൽ പാമ്പിന്ന ശത്രു ഭാവം തൊന്നുന്നതിനാൽ കൌശലം കൊണ്ട കൊല്ലുന്നു ലാക്ക തെറ്റി പാമ്പ കടിച്ചെങ്കിൽ മരിക്കും നരെച്ചതിനൊത്ത രൊമം. ചുണ്ട ചുവപ്പിനെ അനുസരിക്കും പിടിച്ച വളത്തൽ നായ്ക്കളെപൊലെ ഇണങ്ങും നീളത്തിൽ ക്കുടി, പൊക്കം കുറഞ്ഞതുമാകുന്നു എലി തവള മുതലായ ചെറിയ ജന്തുക്കളെയും പാലും ചൊറും അഹൊ വൃത്തികഴിക്കുന്നു.

പൂച്ച. ഉരുണ്ട തല കുറ്റിച്ചെവി അരം പൊലെ പറുപറുപ്പുള്ള നവങ്ങളിലും അല്ല നിറത്തിലെത്രെ പല ഭെദങ്ങൾ കാണുന്നത. മുൻ കാലുകളിൽ നാലും പിങ്കാൽകളിൽ അഞ്ചും വിരലുകളിലുള്ള നഖങ്ങൾ ആവശ്യങ്ങളിലല്ലാതെ പുറത്ത കാണിക്കുന്നില്ല രാത്രിയിൽ പ്രത്യെകമായിട്ട എലിയെ പിടിപ്പാൻ പൊകും കുറുങ്ങൽകൊണ്ട സന്തൊഷഭാവം ചീറൽകൊണ്ട നീരസത്തെയും തൊന്നിക്കുന്നു. ഉല്പാദനകാലം വളരെ പിണക്കമുണ്ടാകും അമ്പത്തഞ്ച ദിവസം ചെനപിടിച്ചിരിക്കും. മൂന്ന മുതൽ പന്ത്രണ്ട വരെ പ്രസവിച്ച കുട്ടികൾക്ക ഒമ്പതാം ദിവസം കണ്ണും ചെവിയും തുറക്കും മാംസം ചില മനുഷ്യർതിന്നും വൃക്ഷങ്ങളുടെയും പുരകളുടെയും മുകളിൽ കെറുവാൻ വളരെ സാമൎത്ഥ്യമുണ്ട വീഴുമ്പൊൾ കാൽ കുത്തിയല്ലാതെ വരികയില്ല പൂച്ച വീണാൽ തഞ്ചത്തിൽ എന്നൊരു പഴഞ്ചൊല്ലുണ്ടല്ലൊ പലക്കും പൂച്ചകളിൽ വെറുപ്പുള്ള ത മണശക്തികൊണ്ടത്രെ. ഒന്നിനെ പട്ടിയിൽ പൊതിഞ്ഞ മുപ്പത നാഴിക ദൂരം കൊണ്ടുപൊയി വിട്ടാൽ തിരിച്ച വരുവാൻ ബുദ്ധി ഉണ്ട കുട്ടികളിലെ വാത്സല്യത്താൽ സ്വന്തത്തിനെ മാറ്റി ഒരു മുയലിന്റെ കുട്ടിയെ വെച്ചുകൊടുത്താലും വളൎത്തും പൂച്ചയെ എത്ര

തന്നെ സ്നേഹിച്ച വളൎത്താലും വിശ്വസിച്ചുകൂടാ സ്നേഹത്തെ പ്രകാശിപ്പിപ്പാൻ അടുത്തവന്ന ഉരുമ്മുകയും വാൽകൊണ്ട തലൊട്ടുകയും മറ്റും ചെയ്യും എങ്കിലും ഒരു സമയം കാരണം കൂടാതെ മാന്തുന്ന പൂച്ചക്കും നായ്ക്കും ചിലപ്പൊൾ വളരെ സഖ്യത കാണ്മാനുണ്ട ഒരു സായ്പിന്ന രണ്ടും ഉണ്ടായിരുന്നപ്പൊൾ ഭക്ഷണവും രാത്രിയിൽ കിടപ്പും ഒരുമിച്ച തന്നെ വെറിട്ട എങ്ങും സഞ്ചരിക്കയുമില്ല ഒരു ദിവസം സഖ്യത്തെ പരീക്ഷിപ്പാനായിട്ട ആ സായ്പ നായയെ ഒരു മുറിയിലാക്കി അടച്ച പൂച്ചയെ മറ്റൊരു മുറിയിൽ കൊണ്ടുചെന്ന തിന്മാൻ വെണ്ടുവൊളം കൊടുത്തു ഒരു കൊഴിയുടെ പാതി തിന്നപ്പൊൾ തൃപ്തി വന്ന പൂച്ച പൊകയും ചെയ്തു. ശെഷം പാതി ഉള്ളതിനെ എടുത്ത ഒരു സ്ഥലത്ത സൂക്ഷിച്ചവച്ച സായ്പ തൊപ്പിയുമിട്ട പുറത്തുപൊയാറെ നായ കിടക്കുന്ന മുറിയിൽ പൂച്ച ചെന്ന എറിയ അംഗ്യങ്ങൾ കാണിച്ച കൂട്ടിക്കൊണ്ട കൊഴി വെച്ചിരിക്കുന്ന മുറി വാതിൽക്കൽ ചെന്നപ്പൊൾ വെലക്കാരൻ അകത്തുണ്ടായിരിക്കയാൽ പൊകുന്നവരക്കും സാധുത്വം ഭാവിച്ച പൂച്ചയും നായും ഉമ്മറത്ത നിന്നു അവൻ പൊയാറെ പൂച്ച അകത്ത കടന്ന കൊഴിയുടെ പാതി വെച്ചിരിക്കുന്നതിനെ നായ്ക്ക കാണിച്ചു കൊടുത്തപ്പൊൾ വലിച്ചെടുത്ത മുഴുവനും തിന്നു പൂച്ച തെല്ലുപൊലും തിന്നില്ല പിന്നത്തെതിൽ സായ്പ വരുവോളം ഒളിച്ച പാൎത്തു. വന്നപ്പൊൾ രണ്ടും ഭയത്തൊടെ അടുത്ത ചെന്ന പിഴക്ക പ്രതിശാന്തി ചെയ്യുന്നതുപൊലെ കാൽ നടുവിൽ കൂടി അങ്ങൊട്ടു മിങ്ങൊട്ടും അധികമായി സഞ്ചരിച്ചു സായ്പിന്ന നല്ലവണ്ണം വിശ്വാസം വരികയും ചെയ്തു. സകല ദെശങ്ങളിലും പൂച്ചയെ കാണും ചീനത്തിലുള്ളതിന്ന വെളുത്ത നീണ്ടുള്ള രൊമങ്ങളും ചെവികൾ നല്ല നായ്ക്കളുടെ പൊലെ വീണതുമാകുന്നു.

വരിയൻപുലി. ഇവൻ എല്ലാ മൃഗങ്ങളിലും അധികം രക്തപ്രിയൻ. പുറത്ത ചുവപ്പിന്മെൽ കറുത്തും കഴുത്തിലും മാറത്തും വെളുപ്പിന്മെൽ കറുപ്പമായ രെഖകൾ ഉണ്ട വലിയ കാടുകളിൽ ജലം അടുത്തുള്ള വള്ളിക്കുടിലുകളിൽ ഒളിച്ച കിടക്കയും വെള്ളം കുടിപ്പാൻ വരുന്ന മൃഗങ്ങളെ പിടിച്ച തിന്നുന്നതുകൂടാതെ ഉഴന്ന സമയം പൊത്തിന്റെ മേൽ ചാടി വീണ കടിച്ച കൊണ്ടുപൊകയും ചെയ്യും. എതു മൃഗമായാലും ഒരടികൊണ്ട കൊല്ലും. മനുഷ്യമാംസത്തിന്റെ രുചി അറിഞ്ഞാൽ എപ്പൊഴും അതിന്ന ശ്രമിക്കും. പിടിച്ചതിനെ വിട്ടാലും നഖങ്ങളും പല്ലുകളും എറ്റ കുഴകൾ നാൽ വിരല്ക്ക താഴ്ച വരുന്ന കാരണത്താൽ രക്ഷപ്പെടുകയില്ല. കാശി സമീപങ്ങളിൽ നല്ല മാതിരിയൊടെ കാണും ചില സമയങ്ങളിൽ എട പ്രഭുക്കന്മാർ പത്തായിരം വെടിക്കാരും ഒരുമിച്ച ആനപ്പുറത്ത കെറി നായാട്ടിനായി കാട്ടിൽ ചെന്നാൽ തൊക്കുകാർ കടവിരുന്ന മൃഗങ്ങളെ തെളിക്കുട്ടുമ്പോൾ ഇവ പുറപ്പെട്ട കടവിൽ പെട്ടാൽ വെടിവെച്ച കൊല്ലുന്നുണ്ട മൂന്നര മാസം ചിന. രണ്ടും അപൂൎവ്വമായി മൂന്നും നാലും കുട്ടികളെ പെറും ആദ്യം പൂച്ചയുടെ വലി

പ്പം പെറ്റുകിടക്കുന്നതിന്റെ സമീപങ്ങളിൽ എതൊന്നെങ്കിലും സഞ്ചരിച്ചാൽ കുട്ടികളിലെ വാത്സല്യനിമിത്തം കൊപം കൊണ്ട തന്റെടം മറന്ന ഭ്രാന്തനെ പൊലെ ഒടിവന്ന അപ്പൊൾ തന്നെ കൊല്ലും റ്റപ്പുലി പൊലെ വരുന്നതെന്തെന്ന ചൊദിക്കുമാറുണ്ടല്ലോ

ഇണങ്ങിയാൽ വിശ്വസിക്കാമെന്നുള്ളതിന ദൃഷ്ടാന്തമായിട്ട ഒരു കഥ പറയുന്നു. കുറെ കാലം മുമ്പെ ഒരു സായ്പു രാജാവിന സമ്മാനമായി ഒരു വരിയൻ പുലി യെ ശീമക്ക കൊടുത്തയച്ചു കപ്പലിൽ വെച്ച അവൻ പൂച്ചയെ പൊലെ കളിച്ച കപ്പൽക്കാർ അവനെ തലെണ്ണയായി വെക്കുന്നതിനെ സഹിച്ചു ചിലപ്പൊൾ പാമരത്തിൻമെൽ കെറി നൊക്കും ഒരിക്കൽ കപ്പലാശാരിയുടെ പാകം ചെയ്ത മാംസം കട്ടാറെ അവൻ തല്ലിയതിനെ പട്ടി പൊലെ കൊണ്ടു. പതിനഞ്ച വഷം ശീമയിൽ ജീവനൊടിരുന്നു. ഇതിന്നിടയിൽ ഒരുത്തനെ എങ്കിലും ഉപദ്രവിക്ക ഉണ്ടായതുമില്ല. കാവല്ക്കാർ ഒരു ചെറിയ പട്ടിയെ അകത്ത വെച്ചപ്പൊൾ നക്കി തലൊടി വാലിളക്കികളിപ്പിച്ചും ഒരുമിച്ചു തന്നെ തിന്നുംവന്നു. രണ്ടു മൂന്ന മാസം കഴിഞ്ഞ പട്ടി പെറ്റപ്പൊൾ പുറത്താക്കിയതിന്റെ ശെഷം പുലി തല തല്ലുക മാന്തുക അലറുക തുടങ്ങി പല കൊപഭാവങ്ങളെ കാട്ടി പിന്നെയും കൂട്ടിലാക്കിയപ്പോൾ പണ്ടത്തെപ്പൊലെ സന്തൊഷവും ആശ്വാസവും ഉണ്ടായി. രണ്ടു വഷം കഴിഞ്ഞ മെൽ പറഞ്ഞ ആശാരി കാണ്മാൻ ചെന്ന കൂട്ടിന്നകത്ത കടന്നപ്പൊൾ പുലി അവനെ അറിഞ്ഞ കാൽ നടുവിൽ സഞ്ചരിക്കുക തലൊട്ടുക ഉരുമ്മുക ഇങ്ങിനെ അതി സ്നെഹപ്രവൃത്തികളെ കാണിച്ച എട്ടു നാഴിക നെരം താമസിപ്പിച്ചു

കരിമ്പുലി പുള്ളിപ്പുലി പട്ടിപ്പുലി എന്നിവയെ സ്വഭാവ തുല്യത കൊണ്ട വിസ്തരി ക്കുന്നില്ല.

സിംഹം എല്ലാ മൃഗങ്ങളുടെയും രാജാവ തന്നെ. മഞ്ഞനിറമുള്ള രൊമങ്ങൾ പ്രഭുത്വം ശൊഭിപ്പിക്കുന്നുഇവന്റെവാല്ക്കടത്തിൽ ഒരു മുള്ളുണ്ട നാലാം വയസ്സിൽ പുരുഷന സ്കന്ധ രൊമങ്ങൾ ഉണ്ടാകുമ്പൊൾ പൂണ്ണ ശരീരനായി വീര്യമുള്ള ഒരു മനുഷ്യനെ തന്റെ ഒരു വാലടികൊണ്ട നിലത്തവീഴിക്കുന്നതും പുഷ്ടിയുള്ള കാളയെ പിടിച്ച ദൂരത്ത കൊണ്ടുപൊകുന്നതും അവന്ന ഒരു കളി പൊലെ. ഇര പിടുത്തത്തിൽ സ്കന്ധ രൊമങ്ങൾ കുടഞ്ഞ വാൽ ഉയത്തി മിന്നുന്ന കണ്ണ ഉരുട്ടി മിഴിച്ച നാലു കാൽ മെൽ കുനിഞ്ഞുനിന്നലറി നാലഞ്ച കൊൽ ദൂരം ചാടും. ലാക്ക തെറ്റിപൊയാൽ നാണിച്ച പിൻവാങ്ങും പുലിയെപൊലെ ഇവൻ രക്തപ്രിയം കൊണ്ട കാള കുതിര മാൻ കാട്ടുപന്നി മുതലായ്യിനെ വളരെ കൊല്ലാതെ വിശപ്പടക്കാൻ മാത്രം ഹിംസിച്ചതിന്നും.നാറുന്ന വസ്തുക്കൾ അവന്ന വെറുപ്പ രാത്രിയിൽ കാഴ്ച അധികമാകയാൽ പകൽ ഏറെസഞ്ചരിക്കുന്നില്ല

കുതിരയെക്കാൾ അധികം ഒടുന്നതിനാൽ അതിലല്ല ദൃഷ്ടിയൊടെ ദൃഷ്ടിപതിച്ച ഒരു ത്തണ പൊലെ നിൽക്കുന്നതിൽ മാത്രം രക്ഷകിട്ടും സിംഹിക്ക ചിന പിടിച്ച ദ്രാവ്യ ദിവസം ചെല്ലുമ്പൊൾ ഒന്നു മുതൽ ആറൊളം പെറും പാതിവ്രത്യവുമുണ്ട. സ്കന്ധരൊമം കറുത്തും ശെഷം പാടലവണ്ണമായും ഒരു ജാതി പാസിയിലും നന്നെ കറുത്ത എല്ലാസിംഹങ്ങളിലും പൊക്കം എറിയ വെറൊരു വക കാപ്രിയി ലുംകാണ്മാനുണ്ട.

പണ്ടെക്കാലങ്ങളിൽ സിംഹങ്ങളെ സ്വാധീനമാക്കി യുദ്ധത്തിന കൊണ്ടു പൊയി ട്ടുണ്ട അജ്ഞാനികളായ രാജാക്കന്മാർകളിക്കായിട്ട ചിലപ്പൊൾ അറുനൂറൊളം ഒരു രംഗ സ്ഥലത്ത കൂട്ടിവിട്ട തങ്ങളിൽ യുദ്ധം കൊണ്ട കൊല്ലിച്ച വന്നിരുന്നു കാഴ്ചക്കയിട്ട ലൊൻദൊനിലെ തൌരെന്ന ആയുധശാലയിൽ മുമ്പെ സിംഹങ്ങ ളെ വരുത്തി രക്ഷിച്ച പൊന്നിരുന്നു കാണുന്നവരിൽനിന്ന കാക്കുന്നവർ വല്ലതും മെടിക്കുംവകയില്ലാത്തവർ പൂച്ചയോ നായൊ കൊണ്ടുവന്ന കൊടുത്ത കാണും ഒരു ദിവസം ഒരു കറുത്ത പൂച്ചയെ കൂട്ടിൽ എറിഞ്ഞപ്പോൾ അതിനെ നക്കി സിംഹം ശൊധന കഴിച്ച ഘ്രാണിച്ച തിരിച്ചും മറിച്ചും ലഹനം ചെയ്തു. ഭക്ഷണം കൊടുത്തപ്പൊൾ സിംഹം അതിനെ തൊടാതെ ദൂരത്ത വാങ്ങി കണ്ണുകൊണ്ടപു ച്ചയെ ക്ഷണിച്ചു പൊടി നീങ്ങിയപ്പൊൾ മാംസത്തിന്നടുപ്പിക്കയും തൊടുകയും മറ്റും സിംഹപ്രവൃത്തികൾ കൊണ്ട വളരെ ദിവസം കഴിയുന്നതിന മുമ്പെ അവർ തമ്മിൽ അധികംസ്നെഹിച്ചു എപ്പൊഴും കളിക്കയും ഒരുമിച്ച ഭക്ഷിക്കയും ഉറങ്ങു കയും ചെയ്തു പൊന്നു. ഒരു വഷം ചെന്നപ്പൊൾ പൂച്ചക്ക ദീനം പിടിച്ച വദ്ധിച്ച ചത്തുപൊയി. സിംഹം അതിന്ന ഉറക്കം മാത്രമെന്ന വിചാരിച്ചിട്ടലാളിച്ച മാറ്റി കിടത്തീട്ടും ഇളക്കമില്ലായ്കയാൽ ചത്ത അവസ്ഥ അറിഞ്ഞാറെ ഭക്ഷിക്കാതെയും കുടിക്കാതെയും ഉറങ്ങാതെയും കരഞ്ഞ വലഞ്ഞ അഞ്ചാം പക്കം തന്റെ തല പൂച്ചയുടെ മെൽ വെച്ച മരിച്ചു.

സന്തതിയുടെ നെരെ ഇവക്കുള്ള വാത്സല്യം പ്രാകാശിപ്പിക്കുന്നതിന്ന ഒരു കഥയെ മാത്രം പറയുന്നു.

ഗുജരാത്തെന്ന രാജ്യത്ത എതാനും മരം വെട്ടുന്നതിന ഒരു കപ്പല്ക്കാരൻ കപ്പലിൽ നിന്ന ഇറങ്ങി പൊയി കാട്ടിൽ ചെന്ന കുറെ സഞ്ചരിച്ചപ്പൊൾ അവൻ ഒരു സിംഹിയെ കണ്ടു. ഒടി പൊകുന്നതിനും പിണങ്ങി തടുപ്പാനും തരമില്ലാതെ ചമഞ്ഞ ശെഷം വെറുതെ നിന്നു സിംഹിഅവന്റെ അടുക്കൽ വന്ന ഉരുമി കാല്ക്കൽ വീണ കുറെ ദൂരത്ത നില്ക്കുന്ന വൃക്ഷത്തിന്മെൽ നൊക്കുവാൻ ആംഗ്യം കാട്ടി അവളുടെ മനസ്സറിഞ്ഞ കപ്പല്ക്കാരൻ വൃക്ഷത്തിന്നടുത്ത ചെന്നനൊക്കുന്നെരംഒ രുകുരങ്ങരണ്ടുസിംഹക്കുട്ടികളെ കയിൽ പിടിച്ച കൊണ്ടിരിക്കുന്നതിനെ കണ്ടു ഇരഅന്വെഷിപ്പാൻ സിംഹം പൊയതക്കത്തിൽ കളിപ്പാനായിട്ട കുട്ടികളെ കു

രങ്ങ എടുത്തിരിക്കുന്നതിനെ കപ്പല്ക്കാരൻ അറിഞ്ഞിട്ട തന്റെ കൊടാലി കൊണ്ട മരം വെട്ടി വീഴിച്ച ഉടനെ സിംഹി ഒരുചാട്ടത്താൽ കുരങ്ങിനെപിടിച്ച തുണ്ടങ്ങളാക്കി പിന്നെ കപ്പല്ക്കാരന്റെ മെൽ പൂച്ചയുടെസമ്പ്രദായപ്രകാരം നന്ദി കാണിച്ച കുട്ടികളെ കടിച്ചെടുത്ത കൊണ്ടുപൊയാറെ അവൻ തിരിച്ച കപ്പലിൽ വന്ന കൂട്ടക്കാരൊട തനിക്കുണ്ടായ പരിഭ്രമത്തെയും ആശ്വാസത്തെയും അറിയിച്ചു.

കഴുതപ്പുലി എകദെശം ചെന്നായ്ക്കൊക്കുന്നവെറുപ്പതൊന്നിക്കുന്ന ജന്തുക്കളിലി വന്നതുല്യൻചുരുക്കം.എപ്പൊഴും അഴുക്കൊട്ട കൂടിയ കൂർത്ത മുഖം. ജാത്യാഉള്ള ദുർമ്മണം ചെറിയ വാല്ക്കീഴിലിലെ മാംസക്കുട്ടിയിൽനിന്ന പുറപ്പെടുന്നതത്രെ. ശബ്ദംമനുഷ്യന്റെ ചിരിയെ അനുസരിക്കും പകൽ നെരത്തെ ഗുഹകളിലും കുഴികളിലും എകനായി വസിച്ച രാത്രിയിൽ കഴുത നായ ആട എന്നിവയെ ഇരക്കായിട്ട പിടിച്ച ഒടിപൊകാതിരിപ്പാൻ ആദ്യം കാൽ ഒടിക്കുന്നു ചത്തു ചീഞ്ഞ നാറുന്ന ജന്തുക്കളിൽ അവന്ന തെനിന്റെ രുചി ഉണ്ടാകും കുഴിച്ചിട്ട ശവങ്ങളെ മാന്തി എടുത്ത തിന്നും പിടിച്ചതിനെ പിന്നെ വിടുന്നില്ല വരിയുള്ള ജാതിയെ കാപ്രിയിലും പാസിയിലും കാണും.നായ മനുഷ്യനെയും മുതലിനെയും പറമ്പുകളെയും ആട്ടിൻ കൂട്ടത്തെയും കാക്കുന്നതിന ഇവൻ സമൎത്ഥൻ നായ്ക്കളില്ലാഞ്ഞാൽ നായാട്ടിന്റെ ഉല്ലാസം എതുമില്ല കാട്ടുമൃഗങ്ങളെയും പക്ഷികളെയും മീനുകളെയും പിടിപ്പാൻ അഭ്യസിപ്പിക്കാം കാണാതെപൊയെ വസ്തുക്കളും കുലപാതകം ദ്രൊഹം കവൎച്ചമുതലായ്ത ചെയ്ത ഒളിച്ചു കിടക്കുന്ന കള്ളന്മാരെ തിരക്കി പിടിക്കുന്നതിനും പുറമെ, വണ്ടി വലിപ്പാനും ചാണക്കല്ല മുതലായത തിരിപ്പാനും കൌശലം ഉണ്ടാക്കാം ക്ഷയരൊഗത്തിന്നശ്വമാംസം വിശെഷമുള്ള ഔഷധം. രൊമം തൊപ്പിയെയും തൊൽ ചെരിപ്പിനെയും ഉണ്ടാക്കുന്നതിന കൊള്ളാം പ്രസവിച്ച സ്ത്രീക്ക മുലക്കണ്ണു പൊരാതെ വന്നാലും കുടി കുടിച്ച മുലപ്പാൽ ഒഴിയാതെ വരുമ്പൊഴും നായ്ക്കുട്ടിയെക്കൊണ്ട കുടിപ്പിക്കുന്നത വിശെഷം ജാതി ഭെദങ്ങൾ അസംഖ്യമാകകൊണ്ട പ്ര ത്യെകം വൎണ്ണിപ്പാൻ പാടുള്ളതല്ല എങ്കിലും പ്രധാനികളുടെ സമ്പ്രദായങ്ങളെ വിസ്തരിച്ച പറയാം നായാട്ടിന്ന അഭ്യസിപ്പിച്ചിരിക്കുന്നതിൽ ചിലർ കാട്ടുമൃഗങ്ങളുടെ ഇരിപ്പിനെ അന്വെഷിച്ചറിയും വെടികൊണ്ട ഒടിയ മൃഗത്തിന്റെ ഒരു തുള്ളി രക്തം മാത്രം കാണിച്ച കൊടുത്താൽ തിരഞ്ഞ കണ്ടെത്തും ചുവട്ടാലെ പൊയറിയുന്നവരുമുണ്ട മറ്റൊരു വക പുല്ലിലും കൃഷിപഞ്ചകളിലും ഇരിക്കുന്ന പക്ഷികളെയും മുയലുകളെയും അന്വെഷിച്ച കണ്ടെത്തിയാൽ മുൻകാൽ പൊക്കിപ്പിടിച്ച നിന്നറിയിക്കും ഒരു വകയെ വെള്ളത്തിൽ വീണ താണുകിടക്കുന്ന മനുഷ്യരെ എടുപ്പാൻ ശീലിപ്പിച്ചിരിക്കുന്നു ഇടയരുടെ നായ ആടുകളെ അന്യന്റെ പറമ്പിൽ കെറാതെയും ഒന്നെങ്കിലും തെറ്റി പൊകാതെയും സൂക്ഷിക്കും സ്വിത്ത്സല്ലാണ്ടിൽ ഇരിക്കുന്ന സന്തബെൻഹാഡ

എന്ന പവ്വതത്തിലെ സന്യാസി മഠത്തിൽ ഇരിക്കുന്ന സന്യാസികൾക്ക വലിപ്പ ത്തിലും ബുദ്ധിയിലും കീൎത്തിപ്പെട്ട ഒരു തരം നായ്ക്കളുണ്ട എപ്പൊഴും ഹിമം ഉള്ള ആ പവ്വതത്തിൽ കൂടി മറുരാജ്യങ്ങളിലെക്ക പൊകുവാൻ ആവശ്യമുണ്ടാകയാൽ പൊകുമ്പൊൾ മൂടൽമഞ്ഞു കൊണ്ട വഴി കാണാതെയും കുഴിയിൽ വീണിട്ടെങ്കി ലും വഴി പൊക്കക്ക് കുടുക്കം പറ്റിയാൽ എപ്പൊഴും അങ്ങുമിങ്ങുംസഞ്ചരിക്കുന്ന നായഇവരുടെ ശബ്ദം കെട്ടഅവിടെ ചെന്ന കണ്ട തിരികെ സന്യാസിമഠത്തിൽ വന്ന ആംഗ്യം കൊണ്ടറിയിക്കും അപ്പവും വീഞ്ഞും കഴുത്തിൽ കെട്ടി വിട്ടാൽ ആപത്തിൽ അകപ്പെട്ടിരിക്കുന്നവക്ക് കൊണ്ടുപൊയി കൊടുക്കുംഅതിൽ ഒരു നായ പന്ത്രണ്ട വഷത്തിന്നകം നാല്പത ജീവനെ രക്ഷിച്ചു.പറമ്പനായ. ശീമയിലെ യന്ത്രശാലപ്പറമ്പുകളിൽ ആയിരം പെർ വെലക്കരുണ്ടായിരുന്നാൽ അവരല്ലാതെ അന്യൻ കടക്കുമ്പോൾ ഇവൻ തടുത്ത നിൎത്തും. നായ്ക്കൾക്ക അനെ കംകൌശലങ്ങളെ അഭ്യസിപ്പിക്കുന്നുണ്ട കുറെ മുമ്പെ ധാൻസിക്ക ആണ്ടിൽ ഒരിക്കലുള്ള ചന്തയിൽ ഒരുത്തൻ നല്ല മിടുക്കുള്ള നായെ കാണിച്ചു നൂറ്റിരിപത ചൊദ്യങ്ങൾക്ക ഉത്തരം പറവാൻ അതിന്ന അറിവുണ്ട. ഒന്നാമത ചൊദ്യം റൊമ എന്ന പട്ടണത്തെ ആര പണി ചെയ്യിച്ചു എന്ന ചൊദിച്ചപ്പൊൾ നായഒരു പെട്ടി യിൽനിന്ന പല അക്ഷരങ്ങളും എടുത്ത റൊമലൂസ എന്ന വാക്ക കൂട്ടി ചെൎത്തു. റൊമരുടെ ഒന്നാം കൈസർ ആരെന്ന ചൊദ്യത്തിന യൂലിയുസകൈസർ എന്ന കൂട്ടിചെൎത്തു ഇങ്ങിനെതന്നെ എത്ര മണി ആകുന്നെന്നും മുറിയിലിരിക്കുന്ന മനുഷ്യരുടെ ആക തുക ഇത്രഎന്നും സ്ത്രീകൾ എത്ര പുരുഷന്മാരെത്ര ഉടുപ്പുകളുടെ മാതിരി ഭെദം എന്തന്നും ചൊദിച്ചതിനൊക്കക്കും തെറ്റാതെ ഉത്തരം പറഞ്ഞ വന്നിരുന്നു കീഴ്ക്കണക്കിന്ന മാത്രം അവന്റെ ബുദ്ധി എത്തിട്ടില്ല.

പറീസ എന്ന പട്ടണത്തിലെക്ക ഒരു സായ്പ കാഴ്ച കാണ്മാൻ പോയപ്പൊൾ അതിപുരുഷാരത്തിൽ നായ കാണാതയാകുമെന്ന വിചാരിച്ച ഒരാളെ എല്പിച്ചു. കാഴ്ച കണ്ട നില്ക്കുമ്പൊൾ തന്റെ കുപ്പായൊറയിൽ ഇട്ടിരുന്ന മണി പൊയതറി ഞ്ഞിട്ട തിരികെ വന്ന ആംഗ്യം കൊണ്ട നായെ അറിയിച്ചപ്പൊൾ കൂടെ പൊയി അങ്ങുമിങ്ങും സഞ്ചരിച്ച നല്ല ഉടുപ്പിട്ടിരിക്കുന്ന ഒരാളുടെ മുമ്പിൽ ചെന്ന മുരണ്ട കൊപഭാവം കാട്ടിയനെരം പെടിച്ചതിനെ കണ്ട ഒരു ശിപായിയെ കൂട്ടി അവനെ പൊലീസ്സ കച്ചെരിയിൽ കൊണ്ടു ചെന്ന ശോധന ചെയ്യിച്ചാറെ അവന്റെ പറ്റിൽ എട്ടു മണി കാണുക കൊണ്ട കള്ളനെന്ന നിശ്ചയിച്ച നല്ലവണ്ണം ശിക്ഷിക്കയും ചെയ്തു.

നായുടെ വിശ്വസ്തതെക്ക ഒരു ദൃഷ്ടാന്തം ഒരു സായ്പ ഒരു നായയെ സ്വന്തക്കുട്ടിയെ പൊലെ വളൎത്ത വരുമ്പോൾ സായ്പിന്ന ഒരു ദീൎഘരൊഗം പിടിപെട്ട മരിച്ചു അതുവരക്കും തിന്മാനല്ലാതെ കിടക്കുന്ന കട്ടിലിൽ നിന്നും പിരിഞ്ഞിട്ടില്ല ശവം

പെട്ടിയിൽ വച്ച കൊണ്ടുപൊകുമ്പൊൾ കൂടെ പൊയി. മറച്ചതിന്റെ ശെഷം ശവക്കുഴിക്കടുത്ത ഒരു പൊത്തുണ്ടാക്കി അതിൽ കിടന്ന തിന്മാൻ മാത്രം സായ്പിന്റെ വെങ്ങാവിൽ ചെല്ലുന്നതല്ലതെ മറ്റൊരു ദിക്കിന്നും പൊകയില്ല ഇങ്ങിനെ പത്തവഷം കഴിഞ്ഞു രണ്ട മൂന്നതവണ തിന്മാൻ വരാതെ ഇരിക്കയാൽ നൊക്കിയപ്പൊൾ കുഴിയിൽ ചത്തു കിടന്നിരുന്നു.പക പൊക്കുന്നതിന്ന ഒരു ദൃഷ്ടാന്തം ഒരു അഞ്ചലൊട്ടക്കാരൻ പൊകുന്ന സമയം അവന്റെ നായും കൂടി പൊയ്ക്കൊണ്ടിരുന്നു ഒരു ദിവസം നെരം വൈകിയതിന്റെ ശെഷം തപാല്ക്കാരനെ കൂടാതെ നായ തന്നെ ചെന്ന ഭ്രാന്തനെ പൊലെ ഒരൊന്ന കാട്ടി അഞ്ചല്ക്കാരനെ അപായം വരുത്തിരിക്കുന്നതറിയിച്ചപ്പൊൾ അഞ്ചൽ പ്രമാണി ഒരു കുതിരപ്പുറത്ത കെറി നായ ഒരുമിച്ച പതിനഞ്ച നാഴിക ദൂരം ചെന്നതിന്റെ ശെഷം വഴിവിട്ട കാട്ടിൽ ഒരു മരത്തിന്റെ ചുവട്ടിൽ മാന്തി അഞ്ചല്ക്കാരന്റെ ശവം കാണിച്ച കൊടുത്തു പൊലീസ്സുകാർ വളരെ തിരക്കീട്ടും കുലപാതകനെ അറിഞ്ഞില്ല ഒരു ദിവസം അഞ്ചൽപ്രമാണി ഒരു ഗ്രാമത്തിലെക്ക പൊകുമ്പൊൾ നായ കൂടെ ചെന്ന ഒരു വീട്ടിന്റെ ഉമ്മറത്തിരിക്കുന്നവന്റെ നെരെ പെരുത്ത കൊപഭാവം കാട്ടി ശംഖിൽ കടിച്ച വലിച്ച താഴത്തിട്ട പിന്നയും കടിക്കുമ്പൊൾ അയൽക്കാർ വന്ന നായയെ നീക്കിയാറെ അവൻ പശുത്തൊഴുത്തിന്നരികെ കൂട്ടിയിരിക്കുന്ന വയ്ക്കൊൽ മാന്തി കട്ടുപൊയിരുന്ന സാമാനങ്ങളെ കാണിച്ച കൊടുത്തു അപ്പൊൾ കുലപാതകന്റെ നിശ്ചയം വരികയാൽ അവനെ ശിക്ഷിക്കുകയും ചെയ്തു.

നായ്ക്കൾക്കു വരുന്ന രൊഗങ്ങളിൽ പെയ അതിനാശകരം ഇതിന്റെ ലക്ഷണം ആവിത യജമാനന്റെ നെരെ നിമിഷത്തിൽ മുരണ്ട കൊപഭാവം കാട്ടുകയും സ്നെഹത്തെ നടിക്കയും ശിക്ഷിക്കുന്ന സമയം ഒടിപ്പൊകയും തണുപ്പുള്ള വസ്തുക്കളെ നക്കുകയും വാൽ തറ്റിരിക്കയും ശബ്ദഭെദവും അസ്വസ്ഥതയും തന്നെ. പത്തുദിവസത്തിന്നപ്പുറം ജീവിക്കുമാറില്ല കടിച്ച മുറിയിൽ പഴപ്പിച്ച വെക്കുന്നതും ഉപ്പുവെള്ളം കൊണ്ട നനക്കുന്നതും നല്ല ഔഷധം.

കുറുക്കൻ എത്രയും ഉപായമുള്ള ജന്തു. പശുക്കുട്ടി കൊഴി താറാവ തുടങ്ങിയ ജന്തുക്കളെ ചതിയിൽ പിടിച്ച തിന്നുകയും കരുതുകയും ചെയ്യുന്നു. കൊപ്രക്കൂടിന്നകലെ കൂടി പൊട്ടുണ്ടാക്കിയതിൽ കൂടി ആരും അറിയാതെ അകത്ത ചെന്ന കൊപ്ര കൊണ്ടുപൊയി സൂക്ഷിക്കും മനുഷ്യരുടെ ചെറിയ കുട്ടികളെയും തക്കം കിട്ടിയാൽ കടിച്ച തിന്നും.

ഒന്നായ നായാട്ടിന്ന മനുഷ്യക്ക തുല്യൻതന്നെ അമ്പൊതൊന്നുറൊ കൂട്ടത്തൊടെ സഞ്ചരിക്കയും ചില സമയം കാട വളഞ്ഞ കടവിരുന്ന ചിലർ കാട്ടിൽ കെറി കൂകുകയും മറ്റും ശബ്ദങ്ങളെക്കൊണ്ട മൃഗങ്ങളെ ഇളക്കി ഒട്ടനെരം ഒപ്പം പാഞ്ഞ കടിച്ചതിന്നും പതിനെട്ടാണ്ടൊളം അയുസ്സ പെണ്ണിന പതിന്നാലാഴ്ചവട്ടം ചിന

നിന്ന മൂന്ന ആറ ഒമ്പത ഇങ്ങിനെ പെറ്റാൽ കുട്ടികൾക്ക പതിന്നാല ദിവസം കാഴ്ചയില്ല രൊമത്തൊട കൂടിയ തൊൽ കച്ചൊടത്തിന്ന കൊള്ളാം ദംഷ്ട്രപ്പല്ലുകൾ പൊന്നു കൊണ്ട കെട്ടി കുട്ടികൾക്ക പല്ല വരുന്ന സമയം കുടിപ്പാൻ കൊടുക്കുന്നുണ്ട.

**വ്യ ാംഅദ്ധ്യായം – ഒറ്റക്കുളമ്പുള്ള ജന്തുക്കൾ**

വക ജന്തുക്കൾ ചുരുക്കമെങ്കിലും ഇവയുടെ രൂപഗുണവും പാൽ വിശെഷവും പ്രസിദ്ധമാകുന്നു. കടിഞ്ഞാണ വെക്കുന്നതിന്ന കൊന്നിയിൽ ഇരട്ടപ്പല്ല തുടങ്ങുന്നതിന്നമുമ്പ ഒരു ഇടമുണ്ട.

കുതിര കെസരകെശം പൊക്കം സൗന്ദൎയ്യമുള്ള രൂപം ശക്തി വെഗം ധൈൎയ്യം ഇന്ദ്രിയബലം അനുസരണം വിശ്വസ്തത എന്നീവക വിചാരിച്ചാൽ വിസ്മയം തൊന്നും. ദെശഭെദം പൊലെയും തീറ്റുന്നതുപൊലെയും ഗുണം. നിറങ്ങൾ വെളുപ്പ ചുവപ്പ കറുപ്പ പുള്ളി പാണ്ട പിംഗലം. ചൂടുള്ളതിന്ന അധികം പ്രിയമുണ്ട. അച്ചമട്ടം ഒരു ജാതി കാട്ടിൽ ഇണക്കം കൂടാതെ പെറ്റുണ്ടാകയും ബഹുശക്തന്മാരും നടക്കെ എതിരില്ലാതവയുമാകുന്ന തെക്കെ അമ്രിക്കായിൽ പതിന്നാലായിരത്തൊളം കൂട്ടമായി കാണും നായാട്ടിങ്കലും യുദ്ധത്തിങ്കലും കുതിരകളുടെ വിശെഷം പ്രത്യെകം ശൊഭിക്കും കാഹളത്തിന്റെയും ബീരങ്കിയുടെയും ശബ്ദം കെൾക്കുമ്പൊൾ ഉത്സാഹവും ധൈൎയ്യവും കൂടും സലാം പറെവാനും മുട്ടു കുത്തുവാനും അഭ്യസിപ്പിക്കാം പെട്ടകുതിരക്ക പന്ത്രണ്ടു മാസം ചിന ഉണ്ട കുട്ടി ആറുമാസത്തൊളം പാൽ കുടിക്കും മൂന്നും നാലും വയസ്സിൽ അണ്ഡം കീറി തരി എടുക്കും പൂൎണ്ണ ലക്ഷണമുള്ള കുതിരക്ക നെഞ്ഞിന്റെ വിസ്താരവും മാനിനൊത്ത തലയും കാൽകളും ചെറിയ രൊമങ്ങളും കാളയുടെ പൊലെ കണ്ണുകളും നാസാദ്വാരങ്ങളും സിംഹത്തിന്റെ ഗതി ധൈൎയ്യങ്ങളും പാമ്പിനെപ്പൊലെ സൂക്ഷ്മ ദൃഷ്ടിയും കൊവരകഴുതയുടെ ശക്തിയും ക്ഷണമില്ലായ്മയും മുയലിനെ പൊലെയുള്ള ചാട്ടവും ആവശ്യമുണ്ടെന്ന കുതിരപ്പരിചയമുള്ളവർ പറയുന്നുണ്ട വക കുതിരകൾ അറബിദെശത്തിലെ ഉള്ളൂ. മഹമ്മതകാർ പണ്ടെ തന്നെ കുതിരപ്പാരംപൎയ്യം ഉള്ളവരാകുന്നു. ചിലത രണ്ടായിരം വൎഷത്തൊളം എത്തിരിക്കുന്ന മഹമ്മത നാലുകൂട്ടുകാരും ഒരുമിച്ച മക്കത്തനിന്നും രാത്രിയിൽ ഒടിപ്പൊകുമ്പൊൾ ഉണ്ടായിരുന്ന കുതിരകളുടെ സന്തതി ദിവസം വരക്കും അറിയുന്നു രണ്ടാംതരത്തിൽ ഫാൎശിക്കാരുടെയും തുൎക്കിക്കാരുടെയും ഇംഗ്ലീഷകാരുടെയും കുതിരകളെ സംഗ്രഹിക്കാം മനുഷ്യരെപ്പൊലെയും പുരകളെ പൊലെയും പെരുണ്ട ഇവക്കുണ്ടാകുന്ന രൊഗങ്ങൾ എണ്പത്തെട്ട. അതിനുള്ള ചികിത്സകളും കുതിരശാസ്ത്രങ്ങളും പ്രത്യെകം

ഗ്രഹിച്ചിരിക്കുന്ന സായ്പ്പന്മാരുണ്ട ശീമയിൽ ഒരു വക അതിവെഗകുതിരകൾ കാൽനാഴികകൊണ്ട ആറ നാഴിക ദൂരം ഒട്ടും അവയിലൊന്നിനെ ഒന്നരലക്ഷം രൂപായ്ക്ക കിട്ടുവാൻ പ്രയാസം കുതിരകൾ മുപ്പതും നാല്പതും വയസ്സ ജീവിക്കും കഴുതക്ക പാളച്ചെവികളും ചുമലിൽ ഒരു കുരിശുപൊലെ ഉള്ളതും ധൂസരവണ്ണവും പ്രത്യെകം ലക്ഷണം. ഇത ഒരു നിന്ദ്യമൃഗമാകകൊണ്ട മനുഷ്യർ നീ എന്തൊരു കഴുത എന്ന പറഞ്ഞു പൊരുന്നു മാനമുള്ള ജനങ്ങൾ നിന്ദ്യകമ്മങ്ങൾ ചെയ്താൽ തലയിൽ അഞ്ചുകുട്ടമവെച്ച ചുരച്ച കഴുതപ്പുറത്ത പൃഷ്ഠഭാഗത്തെക്ക മുഖമാക്കി ഇരുത്തി നഗരികളിൽ വാദ്യത്തൊടെ കൊണ്ടുനടത്തി നാട്ടുകടത്തുന്ന വലിയ ശിക്ഷ ഉണ്ട എങ്കിലും വളരെ ഉപകാരമുള്ള ജന്തു തന്നെ ക്ഷയരൊഗക്കാൎക്കും ബാലന്മാൎക്കും അതിന്റെ പാൽ വിശെഷം പത്തുതുലാം ഭാരം ചുമക്കുന്നു മറ്റു ജന്തുക്കൾ കെറാതുള്ള വഴുക്കപ്പാറകളിലും മറ്റും കാൽ തെറ്റാതെ കയറുന്നതക കൊണ്ട മലകളിലും മറ്റും കൊണ്ടുനടപ്പാൻ ഏറ്റം നല്ല മൃഗം ഒരിക്കൽ നടന്ന വഴി പിന്നെ തെറ്റാതെ ചെല്ലുവാൻ നിശ്ചയം ഉണ്ട കഴുതയും കുതിരയും തമ്മിൽ ചെൎന്നുണ്ടാകുന്ന സന്തതി കൊവര കഴുത. ഇതിന്ന എകദെശം ഒക്കുന്ന ജന്തുക്കൾ സെബ്രായും ക്വാക്കയും തെക്കെ അപ്രിക്കയിൽ ഉണ്ട ചുവന്ന നിറത്തുമ്മൽ കറുത്ത രെഖകൾ ഇവക്ക വിശെഷലക്ഷണം,

**൯-ം അദ്ധ്യായം - ഇരട്ടക്കുളമ്പുള്ള അയവൎക്കുന്ന ജന്തുക്കൾ**

 അദ്ധ്യായത്തിൽ പറയുന്ന ജന്തുക്കൾ മനുഷ്യൎക്ക വളരെ ആവശ്യമുള്ളതാകുന്നു. ചുമക്കുന്നതിന്നും ഉഴുന്നതിന്നും വലിക്കുന്നതിന്നും പുറത്തു കെറുന്നതിന്നും പുറമെ പാല മാംസം വെണ്ണ കൊഴുപ്പ എല്ല തൊല കൊമ്പ രൊമം എന്നിവ കൊണ്ട പലരും ഉപജീവനം കഴിക്കുന്നു. സാമാന്യമായി രണ്ടും അപൂൎവ്വമായി നാലും കൊമ്പുള്ള ഇവയിൽ ചനച്ചം പൊട്ടി ആണ്ടുതൊറും വീഴുന്ന കൊമ്പുകൾ പുരുഷന്ന മാത്രം ഉണ്ട. ഇവ സാധുക്കളത്രെ. പുല്ലും മരങ്ങളും മാത്രം ഭക്ഷിക്കുന്നതുകൊണ്ട അതിന്റെ സാരാംശം വലിച്ചെടുക്കുന്നതിന്ന നാല പള്ളകളുണ്ട. തിന്നുന്ന വസ്തു മുമ്പിൽ ഒന്നാം പള്ളയിൽ ചെല്ലും കുറെ നെരം കഴിഞ്ഞ രണ്ടാം പള്ളയിൽ ഇറങ്ങിയാൽ പങ്ക പങ്കായി തെട്ടി അയവൎക്കുന്നത മൂന്നാം പള്ളയിൽ ഇറങ്ങും ആടിന്ന നാല്പതും പശുവിന്ന നൂറും അറകളുള്ള ആ പള്ളയിൽ കുറെ നെരം കിടക്കും പിന്നെ നാലാം പള്ളയിൽ ഇറങ്ങിയതിന്റെ ശെഷം ദഹനം തീരും കുട്ടികൾ പാൽ മാത്രം കുടിക്കകൊണ്ട അത അപ്പൊൾ തന്നെ നാലാം പള്ളയിൽ ചെല്ലുന്നതാകയാൽ അയവൎക്കുന്നതിന ആവശ്യമില്ല.

ഒട്ടകം ഇവന്ന മൂന്ന കൊൽ പൊക്കവും കാളക്കുള്ളതിൽ വലിപ്പം കൂടിയ പൂഞ്ഞ

യുമുണ്ട. കുതിരയുടെ വെഗവും കഴുതയുടെ ക്ഷമയും ഇവയിൽ യൊജിച്ചിരിക്കുന്നു പശുവിനെപ്പൊലെ കൊഴുത്ത പാൽ വളരെ ഉണ്ട. ചില ജാതിക്കാൎക്ക ◌ മൃഗങ്ങളെക്കൊണ്ട ആവശ്യം അത്രെയും തീരുന്നുണ്ട അ വർ ഇതിനെ ഒരു സ്വൎഗ്ഗീയനിക്ഷെപം പൊലെ സൂക്ഷിച്ച രക്ഷിക്കുന്ന വൃക്ഷവും ജലവുമില്ലാത്ത മരുഭൂമികളിൽ കച്ചവടക്കാർ ഇവയെ വാഹനമായി കൊണ്ടുപൊകുന്നതുകൊണ്ട മരുഭൂമിക്കപ്പൽ എന്നപെരിടുന്നു മുപ്പതുതുലാം ഉള്ള ഭാരം അമ്പതും തലെന്നാൾ വെല ഇല്ലാതെ സ്വസ്ഥത ഉണ്ടായിരു ന്നാൽ നൂറും നാഴീകദൂരം ചുമക്കും പണി ഇല്ലത്ത സമയം മുള്ളുള്ളവ ഒക്കെയും തിന്നും ഉള്ളപ്പൊൾ യവം ◌ന്തപ്പഴം കൊതമ്പിന്റെ മാവ കുഴച്ചുരുട്ടിയതും കൊടുക്കുന്ന ചില സമയം ആനയെപ്പൊലെ മദമ്പാടുണ്ടാകയും പകപൊക്കുകയും ചെയ്യും കൊപം ശമിപ്പിപ്പാൻ പാട്ടും കുഴൽനാദവും ഒരു മ ന്ത്രം പൊലെ അല്ലൊ ആറാം വയസ്സിൽ വളൎച്ച നിലക്കും അമ്പതു വയസ്സു വരെക്കും ആയുസ്സുണ്ടു.

ലാമ ഇതിന്ന ഒന്നെമുക്കാൽ കൊൽ പൊക്കം രണ്ടു കൊൽ നീളം ഉണ്ട. രൂപവും ഗതവും എകദെശം നല്ല മാനിനൊടൊക്കുന്നു നെഞ്ചിലും മുട്ടിലും തഴമ്പ കാണും സാമാന്യമായിട്ട ചെമ്പ നിറമെങ്കിലും വെളുത്തിട്ടും കറുത്തിട്ടും അപൂൎവ്വമില്ല തെക്കെ അമ്രിക്കായിൽ വെള്ളി എടുക്കുന്ന സ്ഥലങ്ങളിൽനിന്ന കടവുകളിലെക്കെങ്കിലും തുറമുഖങ്ങളിലെക്കെങ്കിലും ആണ്ടുതൊറും ആറന്നൂറായിരത്തൊളം വെള്ളിയെ എട്ട തുലാം വീതം ചുമക്കുന്നു ഒന്ന ഒന്നിന്റെ പിന്നാലെ ഇങ്ങിനെ നടക്കും കൂട്ടത്തിൽ മുമ്പന്ന ഒരു മണിയും കൊടിയും അലങ്കാരമായിട്ട കെട്ടുന്നുണ്ട. മലം കളയുന്നതിന്ന എല്ലാവരും ഒരുമിച്ച ഒരറ്റത്ത പൊകുന്നത ചട്ടം. കൊപിച്ചാൽ അവർ തുപ്പലനെ നാലുകൊൽ ദൂരം വരെക്കും തെറിപ്പിക്കും മെൽ പറ്റിയാൽ നന്നാ ചൊറിയും

അൽപ്പക ഇതിന്റെ ശീലം വെലകൾ ലാമയൊട തുല്യം തന്നെ. എങ്കിലും ഇണക്കം കുറവാകകൊണ്ട ചെവി തുളച്ച തൊൽവാറ ഇട്ട നടത്തിക്കും രൊമം കൊണ്ട സായ്പന്മാർ ഉടുക്കുന്ന അൽപ്പക എന്ന വിശെഷമുള്ള ഉടുപ്പ തീൎപ്പിക്കുന്നു കറുത്ത കാങ്കി പൊലെ നിറവും പട്ടിനൊടൊത്ത മയവും ഉണ്ട.

കസ്തൂരിമൃഗം ഹിമവാന്റെ അപ്പുറമുള്ള തീബെത്ത താൎത്തറി എന്ന രാജ്യങ്ങളിൽ കൂടുവെച്ച പിടിക്കും പുള്ളിമാനിന്റെ വലിപ്പം. പുരുഷന്ന പൊക്കിൾ സമീപത്തിങ്കൽ കസ്തൂരി എന്ന മഹൌഷധമുള്ള ഒരു സഞ്ചി ഉണ്ട രൊഗശമനത്തിന്ന ഏറ്റവും നല്ലതാകയാൽ അതമുറിച്ചെടുത്ത കച്ചൊടം ചെയ്യുന്ന ഉണങ്ങിയ അപ്പം ഗൊമാംസം മെഴുക ◌ വക വഞ്ചനമായിട്ട കൂട്ടി കലൎന്ന വില്ക്കുന്നതിനാൽ വെള്ളത്തിൽ ഇടുമ്പൊൾ ചുവന്ന ഒരു നൂൽ പൊലെ കാണുകയും ഒടികിതപ്പും തളൎച്ചയും വന്നവൻ ഘ്രാണിച്ചാൽ അപ്പൊൾ ശമിക്കുന്നതും കൂടാതെ വായുമുട്ടൽ

തീക്ക്യും കടലാസിൽ പരത്തി നൊക്കുമ്പൊൾ നന്നാ മയമുണ്ടായിയും ഇരിക്കുന്നഗുണങ്ങളെ പരീക്ഷിച്ചെ മെടിക്കാവൂ ഒരു മനുഷ്യന്റെ ശരീരത്തിൽ അല്പം സ്പർശിച്ചാൽ ബഹുദൂരത്തിങ്കൽ വാസന ഉണ്ടാകും

ഒട്ടകപ്പുള്ളിമാൻ ഇതിന്ന മഞ്ഞ നിറത്തിന്മെൽ ചുവന്ന പുള്ളിയും നെറ്റിമെൽ തൊൽ കൊണ്ട മൂടി ആറുവിരൽ നീളത്തിൽ രണ്ടു കൊമ്പും മൂക്കിന്മെൽ മുഴയും കാണും. മുൻകുളമ്പ മുതൽ തല വരക്കും എകദെശം എട്ടുകൊലും പിങ്കുളമ്പമുതൽ വാൽ വരക്കും അതിൽ പാതിയും പൊക്കം. സഞ്ചരിക്കുമ്പൊൾ മുങ്കാലും പിങ്കാലും ഒരു വശം തന്നെ നീക്കുന്ന ശെഷം മൃഗങ്ങളെ പൊലെ വിപരീതമയീട്ടല്ല. കാപ്പ്രിദെശത്തിൽ മാത്രം കാണും ശത്രുവായിട്ട സിംഹമെത്ര അവൻ ഇതിന്റെ പുറത്ത ചാടി വീണ ആലസ്യം പറ്റുന്നവരക്കും കടിക്കും എങ്കിലും സ്രഷ്ടാവ ഇതിന്ന നാലു പുറവും കാണ്മാൻ തക്കവണ്ണം അല്പം പിൻ വാങ്ങിയ കണ്ണുകളെ കൊടുത്തതിനാൽ ശത്രുവിനെ ബഹു ദൂരത്ത കണ്ടറിഞ്ഞ ഒടിഒളിച്ച പൊവാൻ അവസരമുണ്ട മിമ്മൊസ എന്നമുള്ളു വൃക്ഷത്തിന്റെ ചില്ലകൾ തിന്നും മാംസം ബഹു രുചി ഉള്ളതെന്ന ചില നായാട്ടുകാർ പറഞ്ഞു കെൾക്കുന്നു. മ്ലാവ  മാനിന്ന കുതിരയുടെ പൊക്കവും ചുവന്ന നിറവുമെത്രെ പടച്ച്യുള്ള വൃക്ഷശാഖകൾ പൊലെ നാല്പത റാത്തൽ ഭൂക്കം കാണുന്ന പുരുഷന്റെ കൊമ്പ ആണ്ടുതൊറും മകരമാസത്തിൽ വീഴും മൂന്നാം വയസ്സിൽ ആണിന്ന കഴുത്തി ൽ നാൽ വിരൽ നീളമുള്ള രൊമങ്ങളെ കൊണ്ട മൂടിയിരിക്കുന്ന ഒരു സഞ്ചി കാണും ബഹു വടക്കുള്ള പ്രദെശങ്ങളിൽ ഒരു മുള്ള നീരാപ്പൊറ്റകളിൽ വാസം ചെയ്യും ചിന പിടിച്ച ഒമ്പതാം മാസത്തിൽ സ്ത്രീ രണ്ടു കിടാക്കളെ പെറും വെഗം വളരുകയാൽ മുട്ടുകുത്തിയും മലന്ന് കിടന്നും മുല കുടിക്കും സാധുസ്വഭാ വമെങ്കിലും വെളികുട്ടുന്ന സമയം ശത്രുവിനെ കണ്ടാൽ രൊമാഞ്ചത്തൊടെ വന്ന കുത്തിനിലത്തു വിഴീക്കുന്നു. തൊല തൊല്പണിക്കാരെക്കൊണ്ട ഭൂറക്കിട്ടുവിച്ച ചില ദിക്കുകളിൽ കൃഷിപ്പണിക്കാർ അതിൽ നിന്ന കാൽച്ചെട്ട തീപ്പിച്ച ഉടുക്കുന്നു. കൊമ്പും കൊഴപ്പും ഔഷധത്തിന്ന വിശെഷം പണ്ടെകാലങ്ങളിൽ ബുദ്ധിഹീനന്മാർ സന്നി വരാതിരിക്കുമെന്നൊത്ത് ഇവറ്റിന്റെ കുളമ്പുകൊണ്ട മൊതിരങ്ങളും പാനീയപാത്രങ്ങളും തീപ്പിച്ച വെച്ച പൊന്നിരുന്നു.

ഒടൽമാൻ ഇവനെ കൂടാതെ ലപ്ലിന്തർ മറ്റും വടക്കു ദെശക്കാക്ക് ജീവിപ്പാൻ പാടില്ല നായാട്ടിൽ പിടിച്ചിണക്കി പശുക്കളെപ്പൊലെ ദിവസവും രണ്ടുനെരം കറന്ന വെണ്ണയും മൊരുമുണ്ടാക്കി ഉപജീവനം കഴിക്കുന്നു അകിട്ടിൽ മുല നാലുണ്ട. നായാട്ടിങ്കൽ ഒന്നിനെ കൊന്നാൽ അതിന്റെ ചൊരയും തൃണാദിയും കൂടി വെച്ചുണ്ടാക്കുന്നത അവക്ക് എത്രെയും സ്വാദുള്ള പായസം ഇതല്ലാതെ പള്ളയിൽ ഇരിക്കുന്നതൊക്കെയും നൈവലയും ചൊരയും കൂടി ഒരു വെപ്പായി

വെച്ചതിന്നും അവിടെ ഉള്ള ഭൂമി ആണ്ടിൽ പത്തു മാസവും ഹിമം കൊണ്ട മൂടിരിക്കുന്നതിനാൽ നടക്കാവും മറ്റും ഇല്ല എങ്കിലും മരം കൊണ്ട ഇഴയുന്ന ഒരു വക വഞ്ചിവണ്ടി ഉണ്ടാക്കി  മൃഗങ്ങളെ പൂട്ടി അവിടെ ഉള്ള ജനങ്ങൾ ഒരു ദിവസം നൂറും നൂറ്റമ്പതും നാഴിക വഴി എളുപ്പത്തിൽ സഞ്ചരിക്കുന്നുണ്ട ചെന്നായും മനുഷ്യനും ഒഴികെ ഇവക്ക ശത്രുക്കളില്ല.
കടമാൻ ലക്ഷണ യുക്തനും കാട്ടുകളുടെ അലങ്കാരവും നായാട്ടുകാൎക്ക ഉല്ലാസം കൊടുക്കുന്നവനുമായ മൃഗം.  ഇവന്റെ കണ്ണിന്ന സമീപത്തിങ്കൽ അരവിരൽ താഴ്ചയിൽ ഒരു കുഴി ഉണ്ട അതിൽനിന്ന ആദ്യം ഒരു തൈലം പൊലെ ഒഴുകി പിന്നെത്തെതിൽ ഉറെക്കുമ്പൊൾ മാൻ ഗൊരൊചനമെന്ന ഔഷധം ചെമ്പിച്ച നിറവും വെളുത്ത നിറവും പിന്നെയും പലവക നിറങ്ങൾ ഇടകലൎന്നിട്ടും കാണും തണുപ്പ പറ്റാതിരിപ്പാൻ തമ്മിൽ ചാരി ചാരി കിടന്നുറങ്ങും ആണ്ടുതൊറും കൊമ്പ വീഴും വീണതിന്റെ ശെഷം പതിന്നാലാം ദിവസം പുതിയ കൊമ്പിന്ന കാല്ക്കൊൽ നീളം പിന്നത്തെ പതിന്നാലാം ദിവസത്തിന്ന കാല്ക്കൊൽ കൂട്ടും ഇങ്ങി നെ പതിന്നാല ആഴ്ചവട്ടം കൊണ്ട കൊമ്പിന്റെ വളൎച്ച പൂൎണ്ണമാകും ആദ്യം കൊമ്പിന്ന ഉറപ്പില്ലായ്കകൊണ്ട തടയുന്നതിനെ ഭയപ്പെട്ട മൂടിലുകളിൽ ഏറെ സഞ്ചരിക്കയില്ല. അറുപത്താറ ശാഖകളൊട കൂടിയിരിക്കുന്ന കൊമ്പ കണ്ടിട്ടുണ്ട. വരുണ്ട ഇല തളിര തൃണാദി തിന്നും വെനൽക്കാലത്തു വെള്ളം തെടി ബഹുദൂരം പൊകും.  വാസനയെ പ്രമാണിച്ച ദാവീദ നാല്പത്തുരണ്ടാം സങ്കീൎത്തനത്തിൽ ഒന്നാം വാക്യത്തിൽ ദൈവമെ മാൻ വെള്ളമുള്ള പുഴകളെ കുറിച്ച വാഞ്ഛിക്കു ന്നതുപൊലെ തന്നെ എന്റെ ആത്മാവ നിന്നെക്കുറിച്ച വാഞ്ഛിക്കുന്നു എന്ന പറയുന്നു.  മാങ്കുട്ടി പശുവിന്റെ മുല കുടിക്കുന്നതുകൊണ്ട ഇണക്കുവാൻ പ്രയാസ മില്ല പണ്ടെകാലത്തിൽ വെളുത്ത ഇവയെ ആറും എട്ടും ഒരുമിച്ച ഒരു വണ്ടിക്ക പൂട്ടി സപാരി പൊകുന്നത ഒരു രാജചിഹ്നമായിരുന്നു നായാട്ടിന്ന താല്പൎയ്യമുള്ള സായ്പന്മാർ തങ്ങളുടെ നായാട്ട വെങ്ങ്ലാവ മാനിന്റെ കൊമ്പ തല കാൽ തുടങ്ങിയ അവയവങ്ങളെ കൊണ്ട അലങ്കരിക്കുന്നു ഇങ്ങിനെ നസാവിന്റെ എടപ്രഭു തന്റെ നായാട്ട വെങ്ങ്ലാവിൽ ഇരിക്കുന്ന മെശ കസെര കട്ടില പാനീയ പാത്രങ്ങൾ  വക ഒക്കെയും കലങ്കൊമ്പുകൊണ്ട തീൎപ്പിച്ചിട്ടുണ്ടായിരുന്നു.
കൃഷ്ണമൃഗം വെളുപ്പിന്മെൽ കറുത്ത രെഖകൾ നിറം, ഇതിന്റെ തൊൽ എകദെശം രണ്ടുവിരൽ വീതിയിൽ ഒരു വാറായി എടുത്ത ബ്രാഹ്മണബാലന്മാൎക്ക ഉപനയ നം കഴിച്ച ബ്രഹ്മചാരി ആകുമ്പൊൾ മൂന്ന സംവത്സരം വരക്കും കഴുത്തിൽ ഇട്ട മെഖലപ്പുല്ലുകൊണ്ട ചരട പിരിച്ച മൂന്നിഴയിൽ അരയിലും കെട്ടി കയ്യിൽ ഒരു ചമതക്കൊലും പിടിക്കണം പിരിവുള്ള കൊമ്പിന്ന വളരെ വില കൊടുക്കാറുണ്ട, കൊമ്പ വീഴുന്നില്ല.

പുള്ളിമാൻ കാട്ടുമൃഗങ്ങളിൽ ഏറ്റവും സാധുശീലൻ. കഴുത്തും തലയും എകദെശം ആടിന്റെ പൊലെ. ചുവപ്പിന്മെൽ വെളുത്ത പുള്ളിനിറം. പൂണ്ണലക്ഷണമുള്ള കണ്ണ ഇതിന്നെത്രെ ചാട്ടത്തിങ്കൽ അതിപ്രസിദ്ധി. ഇവിടെ പറഞ്ഞ ജാതികൾ കൂടാതെ തെക്കെ കാപ്പ്രിയിൽ സിത്ത്സല്ലാണ്ടിൽ എട്ടുപത്തു ജാതികൾ ഉണ്ടെങ്കിലും ഇവയൊട എകദെശം അനുസരിക്കുന്നതാകകൊണ്ട ഇപ്പൊൾ വെവ്വെറെ വിസ്തരിക്കുന്നില്ല.

ഗ്നൂ ഇവന്റെ രൂപവികൃതികൾ കണ്ടാൽ പരിഭ്രമിച്ചപൊകും കാട്ടുപൊത്തിന്റെ തലയും കുതിരയുടെ ഉടൽ വാൽ കെസരരൊമങ്ങളും പൂച്ചയുടെ മീശയും കണ്ണിന്ന ചുററും താമരപ്പൂ ഭാഷയിൽ രൊമവും കഴുതയുടെ പൊക്കവും സമ്പ്രദായം തെക്കെ കാപ്പ്രിക്കാർ നായാട്ട ചെയ്ത മാംസരുചി നിമിത്തമായി കൊന്ന തിന്നും.

കൊലാട ഇവിടങ്ങളിൽ പാലിന്നായിട്ടും മറ്റുചില ദെശങ്ങളിൽ രൊമത്തിന്ന വെണ്ടിയും വളൎത്തുന്നു വാതം അരൊചകം ചുമ ▯ വക രൊഗങ്ങൾക്കും അമ്മ ഇല്ലാത്ത കുട്ടികൾക്ക കൊടുപ്പാനും പാൽ എറ്റം നല്ലത എന്തെങ്കിലും തിന്നുന്ന തിനാൽ രക്ഷിപ്പാൻ പ്രയാസമില്ലാത്തതുകൊണ്ട ദരിദ്രക്കാർ ഇവയെ വാങ്ങിച്ച സൂക്ഷിച്ച ഉപജീവനം കഴിക്കുന്നു ചെവി വീണിരിക്കുന്ന ഒരു വിശെഷ ജാതി കാശ്മീര ദെശത്തുണ്ട അവയുടെ രൊമം കൊണ്ട ശീലതരങ്ങളിൽ പ്രസിദ്ധിഉള്ള സാല്വ ഉണ്ടാക്കുന്നു കാശ്മീരത്തലപട്ടണത്തിൽ പതിനാറായിരം തറിയിന്മെൽ ആണ്ടുതൊറും എണ്പതിനായിരം സാല്വ ഉണ്ടാക്കി മറ്റുരാജ്യങ്ങളിൽ കച്ചവട ത്തിന്നായി കൊടുത്തയച്ചവരുന്നു ഒരു നല്ല മാതിരി ഉള്ളതിന്ന ശീമയിൽ ൫൦൦൦ രൂപായൊളം വില കൊടുക്കും ഒരു തറിക്ക മൂന്ന പെര വീതം ഉള്ളവർ ഒരു ദിവ സം കൊണ്ട കാൽ വിരൽ നെയ്യും. പുരുഷന്ന ഊശന്താടിയും സ്ത്രീക്ക കഴുത്തിൽ രണ്ടു മുലകളും ഉണ്ടായിരിക്കും ചിന പിടിച്ച ഇരിവതൊന്നാം ആഴ്ചവട്ടത്തിൽ രണ്ടു കുട്ടികളെ പെറും.

ബ്രാഹ്മണർ അജമെധയാഗം ചെയ്യുമ്പൊൾ ആടിന്റെ മന്ത്രശുദ്ധി വരുത്തി കൊന്ന മാംസം നെയ്യിൽ വറുത്ത ഹൊമിക്കയും ഹൊമശെഷമായി അല്പം ഭക്ഷിക്കയും ചെയ്യും.

ചെ1മരിയാട പഴയനിയമത്തിലെ വിശ്വാസിക ഇതിനെ ദൈവത്തിന്ന ബലിക ഴിച്ചതിനാലും മനുഷ്യരുടെ പാപങ്ങളെ നീക്കികളവാനായി കൊല്ലപ്പെട്ടിരിക്കുന്ന ക്രിസ്തുവാകുന്ന കുഞ്ഞാടിന്ന സദൃശമാകുന്നതിനാലും ഇത എല്ലാകാലങ്ങളിലും മനുഷ്യരാൽ വാത്സല്യത്തൊടെ രക്ഷിക്കപ്പെടുന്നു ഒരു ഇടയനും നായും കൂടി ഇരുനൂറിനെ പുല്ലുള്ള സ്ഥലത്ത കൊണ്ടുപൊയി തീറ്റാൻ വിഷമമില്ല എങ്കിലും ഒരു ഒച്ച കെട്ടാൽ പെടിച്ച ഒടിപൊകുന്നതകൊണ്ട ഇടിമുഴക്കമുള്ള രാത്രികളിൽ എത്ര മഴ പെയ്താലും ഇടയൻ അവയുടെ ഇടയിൽ നിന്ന നല്ല വാക്ക പറയാതി

രുന്നെങ്കിൽ ഇരിവത മുപ്പത നാഴിക ദൂരം പാഞ്ഞുപൊകും ഇവയുടെ സാധുത്വം പ്രമാണിച്ചിട്ട യശായ നമ്മുടെ രക്ഷിതാവിനെ കുറിച്ച മുൻ പറഞ്ഞ വാക്കാവിത ആട തന്റെ വാ കത്രിക്കുന്നവരുടെ മുമ്പാകെ ശബ്ദിക്കാതിരുന്ന പ്രകാരം തന്റെ അവൻ തന്റെ വാ തുറക്കുന്നില്ല. എട്ടൊ പത്തൊ വയസ്സത്രെ ജീവകാലം ആണ്ടുതൊറും വെട്ടുന്ന രൊമം കൊണ്ട ഉടുപ്പ തീക്കുന്ന അപ്പവും ആട്ടിന്മാംസവും പല മനുഷ്യരുടെ ഉപജീവനം ഇസ്ലാണ്ടിലുള്ള ജാതിക്ക മൂന്നും ചിലതിന്ന ആറും കൊമ്പുകളുണ്ട. ദെശഗുണം പൊലെ ഇതിന്റെ ആകൃതി മാംസരൊമങ്ങൾ
പശു എത്രയും ഗുണമുള്ള ഒരു ജന്തു. ദിവസത്തിൽ ഒരു നെരം സാമാന്യമായി കറക്കുമ്പൊൾ പന്ത്രണ്ട നാഴി പാലൊളവും ശീമയിൽ രണ്ടു നെരത്തെക്ക ഇരിപതിടങ്ങഴി പാലും അതിൽനിന്ന രണ്ടു റാത്തൽ വെണ്ണയും കിട്ടും പാല്പാത്രത്തിന്ന അകിട എന്ന പെർ പറയുന്നു പാൽ കറന്ന കാച്ചുന്നു എങ്കിൽ പാതി എങ്കിലും പാലൊളമെങ്കിലും വെള്ളം ഒഴിച്ച അതു പറ്റുന്ന വരെക്കും തിളപ്പിച്ചാൽ പിന്നത്തതിൽ തീക്കത്തിക്കാതെ ഉമി ഇട്ട പുക എല്പിച്ച കുറെ കഴിയുമ്പൊൾ പാലിന്റെ മീതെ പാട എന്ന ഒന്നുണ്ടാകുന്നെരം വാങ്ങി വെച്ച ആറിയാൽ നനാഴി പാലിന ഉരി വീതം നല്ല മൊർ ഒഴിച്ച എകദെശം മുപ്പത നാഴിക ചെല്ലുമ്പൊൾ തൈരാകുന്നതിന്ന ഉറ കൂടുക എന്ന പറയുന്നു അത കലക്കി നൈ തരിച്ചാൽ കുറെ വെള്ളം ഒഴിച്ച വെണ്ണ ഉരുട്ടി എടുക്കും പാൽ കുറുക്കി പഞ്ചസാര ചെത്ത കുടിക്കുന്നതിന്ന രുചിയുള്ളത കൂടാതെ ശക്തിയും പുഷ്ടിയും ഉണ്ടാകും കറന്ന ചൂടൊടെ കുടിക്കുന്നതും ഗുണം തന്നെ. മൊർ ചൊറ്റിൽ കൂട്ടി ഉണ്ണുന്നതിന്നും കൂട്ടുവാൻ വെപ്പാന്നും വെണ്ണ അപ്പത്തിൽ പിരട്ടി തിന്നുന്നതിന്നും നന്ന നാനാഴി പാലിന്ന ഒരു പലം വീതം വെണ്ണ ചിലതിന്ന കാണും പാലും തൈരും നെയ്യും മൂത്രവും ചാണകവും കൂടിയത പഞ്ചഗവ്യം ഇത സെവിച്ചാൽ മനശ്ശുദ്ധി വന്നബുദ്ധിവൎദ്ധനയുണ്ടാകുമെന്ന ബ്രാഹ്മണർ പറയുന്നു ഈശ്വരന്മാൎക്ക ആടുവാനും മരിച്ച ശവം ദഹിപ്പിക്കുന്നെരവും ഇത വെണം. നായും ബ്രാഹ്മണനുമല്ലാതെ ചാണകം തിന്നുന്നില്ലായ്കകൊണ്ട രണ്ടുപെരുടെയും ശുദ്ധി ഒരു പൊലെ നിശ്ചയിക്കാം. കൊമ്പും കുളമ്പും മഷിക്കുപ്പി ചീപ്പ വെടിമരുന്നിൻ പാത്രം നാസികാ ചൂൎണ്ണപെട്ടി കുഴൽ തുടങ്ങിയ പണികൾക്ക കൊള്ളാം ചെറിയ എല്ല ചുട്ട ഇതിന്റെ ഭസ്മം പൊന്നും വെള്ളിയും പണിയുന്ന തട്ടാന്മാൎക്ക ആവശ്യമുണ്ട. പശുപിത്തം ഔഷധത്തിനും ചായം ഇടുന്നതിനും ചൊര പഞ്ചസാര ഉണ്ടാക്കുന്നതിനും കൊഴുപ്പ വെക്കുന്നതിന്നും മെഴുത്തിരിക്കും കൊള്ളാം. പ്രായം അറിയുന്നതിന കൊമ്പിന്റെ തുമ്പ മുതൽ വര തുടങ്ങുന്ന വരക്കും മൂന്നും പിന്നെ ഒരൊ വരെക്ക ഒരൊന്നും ഇങ്ങിനെ പതിനാറു വയസ്സ വരെക്കും എകദെശം നിശ്ചയിക്കാം. കാട്ടുപൊത്ത. ഇത ശക്തി എറിയ ഒരു പക മൃഗംതന്നെ. കാളക്കൊമ്പിന്നൊത്ത കൊമ്പുകൊണ്ട

മനുഷ്യരെയും മൃഗങ്ങളെയും കൊരിയും വെട്ടിയും കൊല്ലും സാമാന്യം മരങ്ങളും തകക്കും കുഴിഞ്ഞ നെറ്റിക്ക താഴെ മുഴയുള്ള മുഖത്തിന്ന കറുത്തും വെളുത്തും നിറമുണ്ട. മാംസം ചിലർ തിന്നും കൊമ്പ അളക്ക പിശാക്കത്തിപിടി തുടങ്ങിയ പണികൾക്ക എത്രയും ഗുണമുള്ളത. പൊത്തും പുലിയും മുറിയെറ്റ ഒടിപ്പൊയാൽ ആവഴി തന്നെ നൊക്കി കിടക്കുന്ന കാരണത്താൽ ചുവട്ടാലെ ചെല്ലുന്നവരെ കൊല്ലും എന്ന അറിഞ്ഞിട്ട നായാട്ടുകാർ രണ്ടു വകക്കാരുടെയും ചുവട നൊക്കി ചെല്ലുമാറില്ല കുട്ടികാലത്ത പിടിച്ചിണക്കാം കഴുത്തിൽ ഉരമില്ലാത്തതുകൊണ്ട വണ്ടിവലിപ്പാനും ഉഴവിന്നും ഉപകാരമില്ലെങ്കിലും ചുമപ്പിക്കാം നാട്ടുപൊത്ത കൃഷിപ്പണിക്കും വണ്ടിവലിപ്പാനും ഉപകരിക്കുന്ന പാലല്ലാതെ മാംസം ആരും തിന്നുകയില്ല നൊഴമ്പുകളെ തടുപ്പാനും തണുപ്പിന്നായിട്ടും വെള്ളത്തിൽ കിടക്കുന്ന കൊമ്പും തൊലും ഒരൊ പണികൾക്ക ആവശ്യമുണ്ടാകയാൽ കച്ചവടക്കാർ വിലക്ക വാങ്ങിക്കും.

**൧൦ അദ്ധ്യായം - പല കുളമ്പുകളും ഘനത്വക്കുകളുമായ മൃഗങ്ങൾ**

□ അദ്ധ്യായത്തിൽ ഭൂമിയിലെ സകല ജന്തുക്കളിലും അധികം ശക്തിയും പൊക്കവും ആയുസ്സുമെറിയ ജന്തുക്കളെ എത്രെ പറയുന്നത.സസ്യങ്ങളെ മാത്രം തിന്നുന്നെങ്കിലും അയവക്കുന്നില്ല. രൊമം നന്നാ ചുരുക്കം വെദത്തിങ്കലിരിക്കുന്ന ഇവയെ കുറിച്ചുള്ള വൎണ്ണനങ്ങൾ അറിവാൻ ആഗ്രഹമുള്ളവർ യൊപ്പപുസ്തകത്തിലെ നാല്പതും നാല്പത്തൊന്നും അദ്ധ്യായങ്ങൾ വായിച്ച ഗ്രഹിച്ചാലും.

ആന. ഇത മൃഗജാതിയിൽ വലിപ്പം കൂടിയതാകുന്ന നാലുകാലിന്മെൽ കൂടി ഇരിപത നഖവും അഞ്ചുകൊൽ ഉയരവും പൂൎണ്ണലക്ഷണം കറുത്തനിറം. വായിൽ വെളുത്ത നിറത്തിൽ രണ്ടു വലിയ കൊമ്പുള്ളതിനാൽ പുരുഷനെ കൊമ്പനെന്നും ചെറുതായി രണ്ടു തെറ്റ ഉള്ളതിനെ പിടി എന്നും പറയുന്നു. മസ്തകം എന്ന പറയുന്ന നെറ്റിമെൽ മൂന്ന മുഴകളുണ്ട മൂക്കിന്റെ സ്ഥാനത്തുള്ള തുമ്പിക്കയ്യിൽ വെള്ളം നിറച്ച കുടിക്കയും മെൽ ഒഴിക്കയും ചെയ്യും ഒടുന്ന സമയം ചെവി വട്ടം പിടിച്ച തുമ്പിക്കയ്യും ചുരുട്ടും. കുത്ത നീണ്ടുള്ള ഒരു ചുണ്ടു മാത്രം ഉണ്ട. നാവ വിപരീതമായി ചുവട്ടിൽനിന്ന മെല്പെട്ടനീങ്ങുന്നുള്ളു വിയൎപ്പും വൃഷണവും ഉള്ളിലെത്രെ.വിയൎപ്പ തുമ്പിക്കയ്യിൽ കൂടി പുറത്തകളയും, അഭ്യസിപ്പിക്കുന്നതിനെ ഗ്രഹിക്കയും ഇണങ്ങുകയും ചെയ്യുമെങ്കിലും അധികം ഉപദ്രവിച്ചാൽ പക പൊക്കും നൂറ്റിരിപത വൎഷം ആയുസ്സൊളം ജീവിക്കും വൃക്ഷങ്ങളുടെഇലയും കൊമ്പും ചൊറ മുതലായതും തിന്നുന്ന മദമ്പാട്ടുണ്ടായൽ സകലവും നശിപ്പിച്ചുകൊണ്ട എപ്പൊഴും ഒടി നടക്കുന്നതാകകൊണ്ടും ഉറങ്ങുവാനും തിന്മാനും കൂടി

താല്പൎയ്യമില്ലാത്തതിനാലും മാറുന്നവരെക്കും ചങ്ങല കൊണ്ട തളച്ച നല്ലവണ്ണം സൂക്ഷിക്കണം കൊമ്പും എല്ലും പല വക പണികൾക്കും പല്ലഔഷധത്തിന്നും നന്ന.ആനയെ പിടിപ്പാൻ മൂന്ന ഉപായങ്ങളുണ്ട. ൧മത ആന സഞ്ചരിക്കുന്ന മലകളിൽ ആഴത്തിലും വിസ്താരത്തിലും കൂടിയ കുഴികൾ കുത്തി മെലെ കൊല്യകളും ഇലകളും പരത്തി മണ്ണിട്ടമൂടി പുൽക്കട്ടകളും കുത്തിവെച്ചപൊന്നാൽ ആന സഞ്ചരിക്കുമ്പൊൾ അതിൽ ചാട്ടും. മലയർ അപ്പൊൾ തന്നെഉടയവനെ ഗ്രഹിപ്പിച്ച ആനകളെയും ആൾക്കാരെയും കൂട്ടികൊണ്ട ചെന്ന കുഴിക്ക ചുറ്റും വലിയ തടികൾവെട്ടി ഇട്ട കാവലും വെക്കും ശക്തിയുടെ അവസ്ഥ പൊലെ പാകം വരുത്തി പിന്നത്തതിൽ കുഴിയിൽനിന്ന കയറ്റുവാൻ ശീലമുള്ള ആളുകളും ആനയും ചെന്ന വക്ക ഇട്ട പിടിക്കുന്നതിന്ന പാകത്തിൽ മണ്ണിട്ട നികത്തി രണ്ടു വക്ക കഴുത്തിലിട്ട ആനകളെ കൊണ്ട രണ്ടുപുറത്തും പിടിപ്പിച്ചതിന്റെ ശെഷം കുഴി മുഴുവനും ത്തുത്ത കയറ്റിയാൽ നാട്ടാനകൾ രണ്ടും ഇരുപുറവും തിരക്കികൊണ്ട വക്കയും പിടിച്ച ആനക്കൊട്ടലിൽ ആക്കും അല്പമായ തീനും കൊടുത്ത ആനക്കാർതൊട്ടി വളര കുന്തം ഇവ കൊണ്ട ദണ്ഡിപ്പിച്ച ഭാഷ പഠിപ്പിക്കുന്നു. ൨മത കൂട്ടത്തൊടെ പിടിക്കുന്നതിന്ന ഇറങ്ങുന്ന ദിക്ക നൊക്കി കടന്നാൽ പുറത്തു പൊകാതിരിപ്പാൻ തക്കവണ്ണം ചുറ്റും കുറ്റികൾ നാട്ടി എതിൎത്ത രണ്ട ദ്വാരങ്ങളും അതിന്റെ വാതിലുകൾ കൌശലത്തിൽ പൊക്കി കയറിട്ട നടുവിൽ ഒരു യന്ത്രമരത്തിന്മെൽ കെട്ടും ആന കടന്നാൽ ആ മരം മുട്ടി യന്ത്രം തെറ്റി കതകുകൾ രണ്ടിന്റെയും ഒപ്പം വീഴുമ്പൊൾ ആനകൾ കുടുങ്ങും ഇത കൊപ്പത്തിൽ പിടിക്കുന്ന ഉപായം. ൩മത ചില ദുഷ്ടന്മാർ മത്ത വെച്ച പിടിക്കുന്നുണ്ട ആനകൾ നടക്കുന്ന സ്ഥലങ്ങളിൽ പലെക നിരത്തി മരം കൊണ്ട ആണികൾ നിരക്കെ തറക്കും അതിന്മെൽ ചവിട്ടുമ്പൊൾ ആണി കെറി ഇളക്കുവാൻ പാടില്ലാതെ നില്ക്കുന്ന സമയം പാട്ടിലാക്കാം ▯ ഉപായത്തിൽ ചാകുന്നത എറൂ. ഇണക്കം വന്നാൽ മരങ്ങൾ മലകളിൽനിന്നും ചാൽപണി ചെയ്യൂ കൊണ്ടുപൊരുന്നതിന്നും ഉയരത്തനിന്ന കീഴ്പെട്ട വീഴുന്നദിക്ക പാറയായിരുന്നാൽ അതിന്മെൽ വീണ മരം തകൎന്നുപൊകതിരിപ്പാൻ താഴത്ത നിന്ന ഒഴുക്കിൽ തൊട്ടു തൊട്ടു വരുന്ന മരങ്ങൾ അത്രെയും തട്ടി വെള്ളത്തിൽ വീഴിപ്പാനുമുള്ള ബുദ്ധി കൌശലങ്ങൾക്കും പുറമെ കടവാരങ്ങളിലുള്ള മരങ്ങൾ കയറ്റി തരംപൊലെ വെക്കുന്നതിന്നും കാമരം കയറ്റുന്നതിന്നും വലിയ ത്തുണുകൾ നീൎത്തുവാനും ചിറകൾക്ക ചാരുകാല ചാരുന്നതിന്നും പാലം വെപ്പാനും ഇവക്ക നല്ല സാമൎത്ഥ്യമുണ്ട.

താപ്പീര ഇതിന്റെ സ്വരൂപവും ശീലവും പന്നിയെപൊലെ തന്നെ എങ്കിലും നീളം കുറഞ്ഞ ഒരു തുമ്പിക്കയ്യുള്ളതുകൊണ്ട ആനയെപ്പൊലെ പുല്ലും വെരുകളും വലിച്ച തിന്നും. പൊക്കം ഒരു നല്ല കഴുതക്ക തുല്യം പെടിയുള്ളതുകൊണ്ട രാത്രിയിൽ

മാത്രം ഭക്ഷണത്തിന്നായി പുറത്ത സഞ്ചരിക്കും ശത്രുഅടുത്താൽ വെള്ളത്തിൽ ചാടിനീന്തുകയും ആവശ്യം പൊലെമുങ്ങുകയും ചെയ്യും മൂന്ന ജാതിയുള്ളതിൽ രണ്ട തെക്കെ അഫ്രിക്കയിലും ഒന്ന ഇവിടങ്ങളിലുമുണ്ട

കാട്ടുപന്നി ഇതിന്ന ഒന്നരക്കൊൽ വരക്കും ഉയരം കാണും ചെറ്റിൽ കിടക്കയും കിഴങ്ങുകൾ കുത്തി തിന്നുകയും വിതച്ച വിത്ത വെള്ളത്തൊട്ട കൂടി ഇളകിയിരിക്കുമ്പൊൾ ഒരറ്റത്ത വാ വെച്ച വലിച്ച അടുത്തിട്ടുള്ള വിത്ത അത്രയും വായിലാക്കി ചപ്പുകയും സ്വഭാവം.ചെരയും ഞാഞ്ഞൂളും അധികം ഇഷ്ടം പുരുഷന്ന വായിൽ എകദെശം ആറു വിരൽ നീളംഒരു വിരൽ വീതിയിൽ മുക്കൊണായി തെറ്റകളുണ്ട അതുകൊണ്ട മനുഷ്യരെയും മൃഗങ്ങളെയും കീറും ഇതന്റെ മാംസം നല്ലതാകകൊണ്ട ശൂദ്രർ മുതലായി എല്ലാവരും തിന്നും മുറിച്ചുണക്കി പല ദിക്കുകളിലെക്കും കൊടുത്തയക്കുന്നതുമുണ്ടനല്ല ഒറ്റപ്പന്നിക്ക പത്തു രുപാ വില കിട്ടും പെടക്ക തെറ്റയില്ല വയറ അധികം തുങ്ങിയിരിക്കും മനുഷ്യരിൽ ഇണങ്ങുമെങ്കിലും യൌവനം വന്നാൽ വിശ്വസിച്ചു കൂടാ.  നാട്ടുപന്നിക്ക പൊക്കെന്ന പെരുണ്ട ആണ്ടിൽ രണ്ടുതവണയായിട്ട നാല്പതു കുട്ടി വരെക്കും പ്രസവിക്കും യഹൂദന്മാൎക്കും മഹന്മതുകാൎക്കും ഇവയുടെ മാംസം ശാസ്ത്രത്താൽ വിരൊധിക്കപ്പെട്ടിരിക്കുന്നെങ്കിലും ചീനക്കാർ ഒരു വിരുന്ന കഴിക്കുമ്പൊൾ പൊക്കിന്റെ മാംസം പ്രധാനം

കാണ്ടാമൃഗം മൂക്കിന്മെൽ അഞ്ചു വിരൽ വണ്ണവും മുക്കാൽ കൊൽ നീളവും ആയുധമായുമുള്ള ഒരു കൊമ്പുള്ളതു കൊണ്ട കുത്തി ഒരു കാളയെ കളിപ്പന്തുപൊലെ മെല്പെട്ടെറിവാൻ പ്രയാസമില്ലെങ്കിലും കൊപിപ്പിക്കാതെ ആരെയും ഉപദ്രവിക്കയില്ല ഒന്നര കനമുള്ള തൊൽ ഒക്കെയും ചുളിവായിരിക്കുന്നുകാൽകളിൽ മുമ്മൂന്ന നഖം മാത്രം.  പുല്ലും വെള്ളവുമുള്ള സ്ഥലങ്ങളിൽ ആനക്കൂട്ടത്തിൽ കാണും ഇര തെണ്ടി നടക്കുന്ന സിംഹം ഇവനെയും ആനയെയും കൂടി കണ്ടാൽ ആനയെ മാത്രംപിടിക്കും പന്നിയെപൊലെ ചളിയിൽ കിടക്കയും മുരളുകയുംചെയ്യുന്നു ചിലപ്പൊൾ മദം പിടിക്കും ൧൫൧൩ മാണ്ടിൽ പൊൎത്തുഗളിലെ രാജാവായ ഇമാനുവെൽ റൊമിലെ പാപ്പക്ക അയച്ചിരുന്ന കാണ്ടാമൃഗങ്ങൾ കപ്പലിൽനിന്ന മദം പിടിച്ച അതിനെ നശിപ്പിച്ചു കാപ്പ്രിയിൽ കാണുന്ന ഒരു ജാതിക്ക കണ്ണിന്റെ നെരെ മുകളിൽ ചെറുതായൊരു കൊമ്പു കൂടി ഉണ്ട തൊലിന്ന ചുളിവുമില്ല.

പുഴക്കുതിര ശക്തിയിലും വലിപ്പത്തിലും ആനക്ക തുല്യം കാഴ്ചക്ക വികൃതി തന്നെ. വളരെ കനത്ത തലയും കാൽകളും വാലും നീളം കുറഞ്ഞും സമ്പ്രദായം.  നീഗർ എന്ന നദിയിൽ ഇവയെ അസംഖ്യമായി കാണാം രാത്രിയിൽ പുഴയിൽ നിന്ന കെറി കരിമ്പ മുതലായ കൃഷികളെ നശിപ്പിച്ച പകൽ പുഴക്കടുത്ത കരയിലുള്ള വെഴൽ പുല്ലുകളിൽ ഒളിച്ച കിടക്കും വെടിക്കാരുടെ ഉണ്ട എത്ര ശക്തി ഉള്ളതായാലും പറ്റുകയില്ല എല്ലാ മൃഗങ്ങൾക്കും ഇവയൊട മടക്കം ഇതിനെ പിടിക്കുന്നതിന്ന

ഒരു കൂട്ടക്കാർ വഞ്ചിയിൽ കെറി അടുത്ത ചെന്ന തരം നൊക്കി ഒടക്കൊളി കുന്തം ചാട്ടി അഞ്ചൊ ആറൊ എല്പിച്ചശെഷം പൊന്തും കെട്ടിയ ചരടുകൾ പിടിച്ചു വലിച്ച കൊപിപ്പിക്കുമ്പൊൾ മെല്ലെട്ടു ചാട്ടും ഇങ്ങിനെ ക്ഷീണിപ്പിച്ച ഒടുക്കം തല തച്ച തകൎക്കും ശവം അഞ്ച കാളയുടെ കനമുണ്ടാകയാൽ കരയിൽ വലിച്ച കയറ്റുവാൻ പാടില്ലായ്കകൊണ്ട കഷണങ്ങളായി മുറിച്ച കയറ്റുന്നു. മാംസം ബഹു രുചി ഉള്ളതും കാലും നാക്കും നാട്ടുകാൎക്ക പഞ്ചസാരപൊലെയുള്ളതുമാകുന്നു.

**൧൧ അദ്ധ്യായം – ജലസ്ഥലങ്ങളിൽ ജീവിക്കുന്ന സ്തനപന്മാർ**

 ജാതികൾക്കത്രെക്കും കാൽ വിരലിടകളിൽ നെൎത്ത തൊലുണ്ട ചിലൎക്ക പുളി വെള്ളത്തിലും മറ്റു ചിലൎക്ക ശുദ്ധജലത്തിലും സഞ്ചാരം. ഒരൊ വകക്കാർ സസ്യ മാംസങ്ങളിൽ വെച്ച ഒരൊന്നിനെ മാത്രം തിന്നും

കൊക്കമൃഗം ഇതിനെ ഒസ്ത്രാലിയായിൽ മാത്രം കാണും വായുടെ സ്ഥാനത്ത കൊക്കാകകൊണ്ട താറാവിനെ പൊലെപുഴകളിലും കുളങ്ങളിലുമുള്ള ചെറ്റിൽ ഭക്ഷണം സാധിക്കുന്നു ശ്വാസം കളെവാന്മാത്രം പൊങ്ങും. ഇതിന്ന കാലിന്റെ പിമ്പുറത്തുള്ള മുള്ളിന്നകത്ത ഒരു വിഷ പാത്രമുണ്ടാകകൊണ്ട ശത്രു വരുമ്പൊൾ മുള്ളു കൊണ്ട കീറി വിഷം എല്പിച്ച ഭ്രാന്ത പിടിപ്പിക്കും കഴുനാ പൊലെ കൂട്ടുണ്ടാക്കുന്നു.

ബീവർ യൂറൊപ്പ ആസ്സിയാ വടക്കെ അമ്രിക്കാ എന്ന രാജ്യങ്ങളുടെ വടക്കു ഭാഗങ്ങളിലിരിക്കുന്ന ഇത ഒരു വക വലിയനീർതുരപ്പൻ.ഒട്ടു പരന്ന വാലിന്റെ അറ്റത്തെ രൊമമൊഴികെ ശെഷം മീൻചെതുമ്പൽ പൊലെ വരഞ്ഞും വില്ലുസ പൊലെ മിനുത്ത രൊമവുമുള്ള ഇതിന്റെ ശരീരം മൂന്നടിയും വാൽ ഒരടിയുംനീളമുള്ളതാകുന്നു ഇരിപ്പിടങ്ങൾ മനുഷ്യരില്ലാതുള്ള നീർസ്ഥലങ്ങളെ പറ്റിയും മരക്കൂട്ടങ്ങളെ പറ്റിയുമെല്ലൊ കൂടെ കൂടെ ഒരുമിക്കുന്ന ഇവയുടെ കൂട്ടുപണികൾ നൊക്കുമ്പൊൾ വിസ്മയം തൊന്നും പലർ കൂടി പുഴയരുകിൽ സ്ഥലം നിശ്ചയിച്ച മരങ്ങൾ കടിച്ച മുറിച്ച ആറ്റിൽ വിലങ്ങി വീഴിച്ച ചെറുമരം നാട്ടി നിൎത്തി ചില്ലകൾ കൊണ്ട മടയുമ്പൊൾ പഴുതിൽമണ്ണും തെക്കുന്നതു കൂടാതെ താഴത്തെ ഭാഗങ്ങളിൽ കൊമ്പുകൾ നാട്ടി മറുവശങ്ങളിൽ എറി പൊലെയും ഉണ്ടാക്കുന്നു.നിരന്ന ദിക്കിൽ കരക്കകെറുന്നതിന്നും വെള്ളത്തിൽ ചാടുവാനും തരത്തിൽ രണ്ടു വാതിലുകളും വെച്ചിരിക്കുന്ന കൂടിന്റെ ഭാഷ മെൽവശം ഉരുണ്ടും അടിയിൽ പരന്നുമിരിക്കുന്നു ഇതിൽ ചിലതിന്ന എട്ടും പത്തും അടി ഉയരവും മൂന്നും നാലും നിലകളുമുണ്ട എകദെശം ഒരുക്കൊൽ കനവും നല്ല ഉറപ്പുമുള്ള ഭിത്തിയുടെ അകവും പുറവും കാൽകൊണ്ട ചളി കുത്തി കുലെരിന്ന പകരം വാൽകൊണ്ട മിനുസം വരുത്തിരിക്കുന്ന കൂട്ടിൽ

ഇവക്ക പ്രിയഭക്ഷണമാകുന്ന ഇളന്തൈകളും തൊലികളും ശെഖരിക്കുന്നതിന്ന പ്രത്യെകം സ്ഥലമുണ്ട ചില ദിക്കുകളിൽ ഇരുപതും ഇരുപത്തഞ്ചും കൂട്ടുകൾ കാണുന്നതിൽ രണ്ടുംനാലും ആറും വലിയതുള്ളതിൽ മുപ്പതൊളം ബീവികൾ പാൎക്കുക പതിവാകുന്നു എണ്ണത്തിൽ ആണും പെണ്ണും ശരി ആപത്തിങ്കൽ വെള്ളത്തിൽ വാൽകൊട്ടി തമ്മിൽ അറിയിക്കുന്നെരം ചിലത വെള്ളത്തിൽ താഴ്കയും മറ്റെവ കൂട്ടിൽ ഒളിക്കയും ചെയ്യും കരങ്ങുപൊലെ ഇരിക്കയും മുൻകാൽക ളെക്കൊണ്ടപിടിച്ച തിന്നുകയും ശീലം ഒട്ടത്തിൽ എറെ സാമൎത്ഥ്യമില്ലെങ്കിലും ഒരു കടിക്ക നായുടെ കാൽ രണ്ടു മുറിയാക്കുവാൻ പ്രയാസമില്ല സസ്യങ്ങൾ അല്ലാതെ മറ്റു മീനൊ മൃഗങ്ങളൊ തൊടുകയില്ല വെനല്ക്കാലത്ത ശെഖരിച്ചതിനെ മുട്ടുമ്പൊൾ എടുക്കും.ഇതിന്റെ തൊലും കസ്തൂരിയും കച്ചവടക്കാൎക്ക ഒരു ലാഭമുള്ള ചരക്കാകകൊണ്ട അമ്രിക്കായിൽ ആണ്ടിൽ പതിനയ്യായിരത്തൊളം പിടിക്കും

കഴുനാ മുണ്ടൻ മുഖവും കുറിച്ചെവിയും ഉരുണ്ടു നിണ്ട വാലും ചുവപ്പ നിറമുള്ള ജന്തു. കൂട്ടത്തൊട ഇണയായും സഞ്ചരിച്ച മുതലയെയും മത്സ്യങ്ങളെയും രണ്ടു കൂടി വാലും തലയും പിടിച്ച കരയിൽ കെറ്റി കടിച്ച തിന്നും മൂളിച്ചപൊലെയുള്ള ഇവയുടെ ശബ്ദം കെട്ടാൽ കൂട്ടുക്കാർ അവിടെ വരും തീരത്തിങ്കലുള്ള പൊടുകളില്വ മിരിക്കും വല വീശുന്നതുപൊലെ ഒഴുക്കിന്ന വിപരീതമായി നീന്തി വെള്ളത്തിൽ ജീവിക്കുന്ന ജന്തുക്കളെ മാത്രം പിടിക്കുന്നു കുടിയിൽ എച്ചിൽ മീൻ എപ്പൊഴുമു ണ്ടാകകൊണ്ട വളരെ ദുൎഗ്ഗന്ധമുണ്ടായിരിക്കും മലത്തിന്റെ മണം നിമിത്തമായി ശത്രു സമിപത്തിങ്കലുണ്ടെന്നൊൎത്ത ഒടിക്കളയുമെന്ന വിചാരിച്ച കരയിൽ കെറി പാറയുടെ മുകളിൽ മലം കളയുന്നതല്ലാതെ ഒരിക്കലും വെള്ളത്തിൽ ചെയ്യുന്നില്ല പെണ്ണിന്ന ഒമ്പത മാസം ചിന ഉണ്ടായിരണ്ടും നാലും കുട്ടികളെ പെറും ഒമ്പത ദിവസത്തിന്ന കാഴ്ചയില്ല.കുട്ടി കാലത്ത പിടിച്ചിണക്കിയാൽ മീൻ പിടുത്തം അഭ്യസിപ്പിക്കാം ആദ്യം തൊൽകൊണ്ടൊ മറ്റൊ മീൻപൊലെ ഉണ്ടാക്കി കടി പ്പാൻ കൊടുക്കയും വെപ്പിക്കയും പിന്നത്തെതിൽ ദൂരത്തെറിഞ്ഞ എടുപ്പിക്കയും ഇങ്ങനെ ശീലിപ്പിച്ച മീൻ പിടിപ്പാൻ കൊണ്ടുപൊയാൽ പിടിച്ച കൊണ്ടുവന്ന തരും ചെറുപ്പം മുതൽ അപ്പം പായസം തുടങ്ങിയതിനെ തീറ്റി ശീലിക്കകൊണ്ട മീനിന്റെ രുചി പറ്റായ്കയാൽ തിന്നുന്നില്ല.

സമുദ്രക്കഴുനാ ആകൃതി മെൽ പറഞ്ഞ കഴുനായ്ക്കൊക്കുന്നെങ്കിലും ഇവ വടക്കുള്ള വെള്ളങ്ങളിൽ മാത്രം കാണും. എല്ലാ മൃഗങ്ങളുടെ തൊലിനെക്കാൾ ഇവയുടെ തൊലിന്ന മൃദുത്വവും ശൊഭയും എറെ ഉണ്ടാകകൊണ്ട അറുപതും ചിലപ്പൊൾ നൂറും രുപാ വില പിടിക്കും കറുപ്പ കൂടുന്നെടത്തൊളം വില കെറും വടക്കെ അമ്രിക്കായിൽനിന്ന ചീനത്തെക്കും ചാപ്പാണത്തെക്കും ഒരാണ്ടിൽ എകദെശം നാലയ്യായിരത്തൊളം അയക്കുന്നുണ്ട ഒരു തൊലിന്ന നാല റാത്തൽ തൂക്കം.

കടൽനായ നെയ്യും തൊലും നിമിത്തമായി ഇവയെ പിടിക്കുന്ന ശീമയിൽനിന്നും അമ്രിക്കായിൽനിന്നും വടക്കുള്ളകായലിലെക്ക മകര മാസത്തിൽ വളരെ കപ്പലുകൾ പൊകും അവിടങ്ങളിലുള്ള വെള്ളം എപ്പൊഴും ഉറച്ച മഞ്ഞുകൊണ്ട മൂടിയിരിക്കുന്നതിനാൽ തെക്കെ അറ്റത്ത മാത്രം കട്ടയായി പൊട്ടി നൂറും ഇരുനൂറും നാഴിക ദൂരം തെക്കൊട്ട ഒഴുകുന്ന ഉറച്ച മഞ്ഞിൻകട്ടെക്ക എകദെശം ഒരു പുരയുടെയൊ പവ്വതത്തിന്റെയൊ പൊക്കം ഉണ്ടായിരിക്കും അതിന്റെ ഇടയിൽ  വക നായ്ക്കൾ പത്തും ഇരുവതും ദിവസമായി പെറ്റിട്ടുള്ള കുട്ടികളൊട്ടും കൂടി അസംഖ്യമായി കാണാം ഇവ മഞ്ഞിൻകട്ട മെൽ പെറുന്ന തള്ള മാത്രം ഭക്ഷണം കൊണ്ടുവരുവാൻ വെള്ളത്തിലറങ്ങുംകുട്ടികൾക്ക പെറുന്ന സമയമുള്ള വെളുത്ത രൊമങ്ങൾ ഒരു മാസത്തിന്നപ്പുറം കൊഴിഞ്ഞ പുതിയ രൊമം വരുന്നെരം ധൂസര വണ്ണം. കപ്പക്കാർ കയ്യിൽ കനത്ത വടി പിടിച്ച കുട്ടികളെ പ്രത്യെകമായി അടിച്ചു കൊല്ലും ഉടനെ കഴുത്ത വട്ടത്തിൽ മുറിച്ച ഉടൽ മൂന്ന വിരൽ കനമുള്ള നൈവലയൊടു കൂടി നീളത്തിൽ കിറി അഞ്ചും ആറും ഒന്നിച്ച കെട്ടി മഞ്ഞിൻ കട്ടമെൽ കൂടി വലിച്ച കപ്പലിൽ കയറ്റി നിറഞ്ഞാൽ തിരികെ സ്വദെശത്തെക്ക പൊകും അവിടെ എത്തി ഇറക്കിയതിൽ പിന്നെ നൈവല തിരിച്ചെടുക്കും ആയിരം തൊലിന്നഅഞ്ഞൂറും നൂറു തുലാം നെയ്യിന്ന അമ്പതും രൂപാ വില.  വെല മൂന്ന മാസം കൊണ്ട തീരുന്നതിനാൽ ഒരു കപ്പലിൽ ഗ്രന്ധ പിടിച്ചു കൊണ്ടുവരും ആകെ കൂടുമ്പൊൾ പതിനാറായിരത്ത ഇരുനൂറ്റ അമ്പത രൂപാ വില കിട്ടും.

കടലാന പന്ത്രണ്ടുകൊൽനീളം എഴുവണ്ണം. കൊപത്തിങ്കൽ മൂക്കിനെ അരക്കൊലൊളം നീട്ടും പെറുന്നതിന്ന കരയിൽ പൊയി പെറ്റാൽ എട്ട ആഴ്ചവട്ടം മുല കുടിപ്പിക്കുന്നതിനിടയിൽ വെള്ളത്തിൽ ഇറങ്ങുന്നില്ല പുരുഷന്റെഒച്ചകാപ്പിക്കുന്നതുപൊലെ.സൌഖ്യക്കെട വന്നാൽ കണ്ണുനീർ ഒഴുക്കിക്കൊണ്ട കരയിൽ കെറിഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഭെദം വരുന്നവരെക്കെങ്കിലും മരിക്കുവൊളമെങ്കിലും കിടക്കും മനുഷ്യക്ക ഉപദ്രവംകൂടാതെ ഇവയുടെഇടയിൽനടക്കാം നൈവല ഒന്നിനൊട കൂടിവെപ്പാനും കത്തിക്കുന്നതിന്നും എറ്റം ഗുണമുള്ളതാക കൊണ്ട കൊല്ലുന്നുചിലപ്പൊൾ ഒന്നിന്ന മുന്നൂറുതുലാം നൈവല കാണും.

കടൽസിംഹം വലിപ്പത്തിൽ കടലാനക്കൊക്കുന്നെങ്കിലും സിംഹത്തിന്റെനിറവും സ്കന്ധരൊമവും ഇവന്നുണ്ട മൂന്ന പുരുഷന്മാരൊട ചെച്ചയുള്ള സ്ത്രീക്ക കുട്ടികളിൽ വാത്സല്യമില്ല പുഷ്ടിയുണ്ടാകകൊണ്ട കുട്ടികൾക്ക നീന്തുവാൻ ബഹുമടിയുണ്ടെങ്കിലും സ്ത്രീ കഴുത്തിൽവെച്ച കൊണ്ടുപൊയി വെള്ളത്തിൽ മുക്കിനീന്തൽ പഠിപ്പിക്കുന്ന വെളി സമയം പുരുഷന്മാർ തമ്മിലുള്ള കടികൊണ്ടസ മുദ്രത്തെ ചുവപ്പിപ്പാൻ തക്കവണ്ണം രക്തനാശം വരും. കടൽകുതിര ഇതിന്റെ ചില ഭാഗം

കാളക്കും ചില ഭാഗം തിമിംഗിലത്തിന്നുമൊക്കും ചെവിപ്പാളയും വാലും ഇല്ല എകദെശം മുക്കാൽ കൊൽ നീളത്തിൽ കൂട്ടകൊമ്പായി ആനക്കൊമ്പിനെക്കാൾ വില എറിയതുമായ രണ്ടു കൊമ്പുകൾ ഇവക്കുള്ളതിൽനിന്ന ശീമയിലെ ദന്ത വൈദ്യന്മാർ പല്ലുപൊയവൎക്ക കള്ളപ്പല്ലുണ്ടാക്കി പൊന്നിൻ ശ്ലാഖകളെകൊണ്ട നില്പുള്ള പല്ലിനൊട കൂട്ടിക്കെട്ടി ഉറപ്പിച്ച മുമ്പെ ഉള്ളതുപൊലെ തൊന്നിക്കും ഇതി ന്റെ ഒരു വിരൽ കനമുള്ള തൊൽ പണ്ടെക്കാലത്ത പാമരം കെട്ടി ഉറപ്പിക്കുന്ന കയറിന്ന വെണ്ടി എടുത്തിരുന്നു ഇവർ പത്തഞ്ഞൂറൊരുമിച്ച കൂട്ടമായി പന്നിയെ പൊലെ തമ്മിൽ തിക്കിത്തിരക്കി ഉറച്ച മഞ്ഞിന്മെൽ കിടക്കും മഞ്ഞപെയ്യൽ കപ്പക്കാരുടെ ദൃഷ്ടിക്ക മറവ വരുത്തുന്നെങ്കിലും രാത്രിയിലുള്ള ഇവയുടെ കരച്ചിൽ ഉറച്ച മഞ്ഞൊ കരയൊ സമീപിച്ചു എന്ന അറിയിക്കുന്നു ശത്രു വരുമ്പൊൾ കുട്ടികളെ തൊടാതിരിപ്പാൻ മരിക്കുന്ന വരക്കും നിന്നെ പിണങ്ങും കഠിനമെറിയ മീശകളും തിമിംഗലം പൊലെ ഊത്തുമുണ്ട.

**൮ാ അദ്ധ്യായം – തിമിംഗിലങ്ങളെന്ന സ്തനപായികൾ**

ഇവ മീന പൊലെ മൊട്ട ഇടുകയും ചെകിളകൊണ്ട ശ്വാസം കളകയും ചെയ്യു ന്നുവെന്ന നൂറു വൎഷം മുമ്പെ പലരും വിചാരിച്ചിരുന്നു എങ്കിലും പലതിനെയും പിടിച്ച ശൊധന ചെയ്താറെ ചെകിളയിൽ കൂടി ശ്വാസം കളയുന്നില്ലന്നും ശി ശുപ്രസവും പാൽമുലയും അകിടും മറ്റു മൃഗങ്ങളെ പൊലെ തണ്ടെല്ലും ചുമലുമുള്ള പ്രകാരം സൂക്ഷ്മമായി അറിഞ്ഞു,

കടൽപന്നി രണ്ടു വശത്തും കൂടി തൊണ്ണൂറ്ററണ്ടു പല്ലുള്ളതുകൊണ്ടു ഇതിന്റെ ക്രൂരത എകദെശം ഊഹിക്കാം തിമിംഗലത്തെ പൊലെ ശക്തിയും വലിപ്പവുമു ണ്ടായിരുന്നാൽ സമുദ്രത്തിലുള്ള ജന്തുക്കളെ എത്ര വെഗം നശിപ്പിക്കും എങ്കിലും രണ്ടുകൊൽ നീളം മാത്രം. ശീമയിൽനിന്ന കൊച്ചിക്കൊ ബെമ്പായ്ക്കൊ വല്ല ദിക്കിലെക്കും പൊകുന്ന കപ്പലുകളുടെ പിന്നാലെ അമ്പതും നൂറും കൂട്ടമായി കളിച്ചപൊരുമ്പൊൾ വല്ലതും കൊടുത്താൽ തിന്നും മുതുകും വാലും അല്പം കാണു മാറ രാത്രിയിൽ തിരകളിൽ കിടന്നുറങ്ങുന്നു എഴുപത വൎഷത്തൊളം ആയുസ്സ പത്താം ആണ്ടിൽ ശരീര പൂൎത്തി.ഗ്രീൻലന്തിലെ തിമിംഗിലം ഇവയുടെ നീളം എകദെശം അറുപത മുഴം പതിനഞ്ചു മുഴം വണ്ണം. വാ തുറക്കുമ്പൊൾ ഒരു വഞ്ചി യും അതിലിരിക്കുന്ന തണ്ടുകാർ എല്ലാവൎക്കും തൊടാതെ അകത്തു ചെല്ലാം വാൽകൊണ്ടുള്ള അടി വഞ്ചിക്ക കൊണ്ടാൽ തകൎന്നുപൊകും സ്ത്രീക്ക രണ്ട അകിടുണ്ട നെയ്യും എല്ലും നിമിത്തമായി ഇവയെ കൊല്ലുന്നു കൂടക്കൂടെ പൊങ്ങി ശ്വാസം കളയുമ്പൊൾ വായുശക്തികൊണ്ട വെള്ളം എകദെശം രണ്ടും മൂന്നും

കൊൽ പൊക്കത്തിൽ മെല്പെട്ട തെറിക്കും ഇവയെ പിടിപ്പാൻ ആണ്ടുതൊറും മുന്നൂറ കപ്പൽ പുറപ്പെടുന്നു ഒരൊന്നിൽ രണ്ടും മൂന്നും പിടിച്ചിട്ടും കപ്പലിൽ ഇരിക്കുന്നവർ ഇവയെ കണ്ടാൽ ഉടനെ രണ്ടു വഞ്ചി ഇറക്കി പതുക്കെ സമീപത്ത ചെന്ന മെല്പട്ടു പൊങ്ങുമ്പൊൾ ഇരിമ്പകൊണ്ടുള്ള അസ്ത്രം മെൽ എറിയും അത എറ്റാൽ ഒരു നാഴിക നെരം വെള്ളത്തിൽ താന്നു കിടന്ന പിന്നയും ശ്വാസം കളെവാൻ പൊങ്ങുമ്പൊൾ ഇതുപൊലെ തന്നെ എറിഞ്ഞെല്പിച്ച ക്ഷീണിപ്പിച്ചാൽ പിന്നെ താഴുകയില്ല അപ്പൊൾ കുന്തങ്ങളെ കൊണ്ട.കുത്തികൊല്ലും അതിന്റെ ചൊര കൊണ്ട സമുദ്രത്തിലെ വെള്ളം കുറെ ദൂരം വരക്കും രക്തവർണ്ണമാകും ചത്തതിന്റെ ശെഷം വലിച്ച കൊണ്ടുപൊയി കപ്പലിന്മെൽ ചെത്ത കെട്ടി കാൽ വഴുക്കാതിരിപ്പാൻ ഒരു വക ആണി തറച്ചിട്ടുള്ള ചെരിപ്പിട്ട പത്തിരുപത പെർ മീനിന്റെ മെലിറങ്ങി നൈവല മാത്രം മുന്നെടുക്കും സാമാന്യം തിമിംഗിലത്തിൽനിന്ന ഏകദെശം അയ്യായിരം ഉറുപ്പായ്ക്ക നൈ കിട്ടും.

നവ്വൽ പുരുഷന്ന വിശെഷ ലക്ഷണമായിട്ട നാലു കൊൽ നീളത്തിൽ പിരിവുള്ള ഒരു ദംഷ്ട്രമുണ്ട എണ്ണത്തിന്ന രണ്ടുണ്ടെങ്കിലും ഒന്ന സാരമില്ലാത്തത. നീണ്ടിരിക്കുന്ന ദംഷ്ട്രം പൊട്ടിപ്പൊയാലും പിന്നയും മിനുസമുള്ള മുന കാണുന്നതുകൊണ്ട ഉറച്ച മഞ്ഞുകട്ട ഉടെപ്പാൻ പ്രയൊഗിക്കുന്നു എന്ന ഊഹിക്കാം കളി സമയങ്ങളിൽ സ്നെഹം പ്രകാശിപ്പിക്കുന്നതിന്ന ദംഷ്ട്രങ്ങൾ തങ്ങളിൽ കൂട്ടി ഉരുമ്മുന്നു നൈവല എറെ ഇല്ലായ്കകൊണ്ട അവനെ പിടിപ്പാൻ കപ്പൽക്കാൎക്ക എറെ താല്പൎയ്യമില്ല.

കച്ചലൊത്ത ഇവന്നുള്ള നീളത്തിൽ പാതിയും തല തന്നെ. മൂക്കിന്റെ ദ്വാരങ്ങളിൽ കൂടി കളയുന്ന ശ്വാസവായുവിന്റെ ശക്തികൊണ്ട മൂന്നു കൊൽ പൊക്കത്തിൽ വെള്ളം മെല്പട്ട തെറിക്കും താടി എല്ലിൽ ചരട്ടുപമ്പരം പൊലെ അമ്പത പല്ലും മുകളിൽ പല്ലില്ലാതെയും താഴത്തുള്ള പല്ലുകൾ പറ്റുന്നതിന്ന അമ്പതു കുഴിയും ഉണ്ട നാല്പതുകൊൽ നീളവും പതിനഞ്ച വണ്ണവുമുള്ള ഇവൻ പന്ത്രണ്ടുകൊൽ നീളമുള്ള മീനുകളെ എളുപ്പത്തിൽ വിഴുങ്ങും പിടിപ്പാൻ കൊണ്ടുചെല്ലുന്ന വഞ്ചി ഒരു വാലടികൊണ്ടു തകൎത്തുകളയും എല്ലൊ നൈവലയൊ കിട്ടുവാനല്ല ഖണ്ഡങ്ങളായ അവന്റെ ശിരസ്സിലിരിക്കുന്ന സ്പെൎമസീതെ എന്ന ഒരു വിശെഷ എണ്ണ കിട്ടുവാൻ പിടിച്ച കൊല്ലുന്നു ഒന്നിൽനിന്ന അയ്യായിരം റാത്തൽ കിട്ടുവാൻ ഞെരുക്കമില്ല അവന്റെ വയറ്റിലുള്ള ഒരു സുഗന്ധ വസ്തുവിനെ എടുത്ത ഔഷധത്തിന്ന പ്രയൊഗിച്ചിരുന്നു അത അവന്ന ഉദരവ്യാധി കൊണ്ടുണ്ടാകുന്നതെന്ന മുമ്പെ വിചാരിച്ചിരുന്നു ഇപ്പൊൾ കസ്തൂരിപൊലെ ഒരു സുഗന്ധവസ്തു ഇവന്നുമുണ്ടെന്ന നിശ്ചയിച്ചു.

## ൨-ം പൎവ്വം - പക്ഷികൾ

മൃഗങ്ങൾക്കു ഭൂമിയിൽ നടക്കുന്നതിനുള്ള യന്ത്രങ്ങൾ പൊലെ പക്ഷികൾക്കു വായുമാൎഗ്ഗങ്ങളിൽ പറന്നു സഞ്ചരിപ്പാനും യന്ത്രങ്ങളുണ്ടു. എങ്കിലും പറക്കെണ്ടു ന്നതിന്നു ലഘുത്വം തന്നെ സാരമായി കാണുന്നു. മൃഗങ്ങളുടെ എല്ലിന്നകത്തു മെദസ്സുള്ളതു പൊലെ പക്ഷികൾക്കില്ല. വായു മാത്രം നിറയുന്നു. ചത്തതിൽ ഒരു പരുന്തിനെ എങ്കിലും കാക്കയെ എങ്കിലും കയ്യിലെടുത്താൽ അതിന്റെ ലഘുത്വം ഒൎത്തു വിസ്മയംതൊന്നും സാമാന്യമായിട്ടു പക്ഷികളുടെ കാൽ നൊ ക്കുമ്പൊൾ മുമ്പൊട്ടു മൂന്നും പിന്നൊക്കം ഒന്നും നഖങ്ങൾ കാണും. കിളിക്കും മരം കൊത്തിക്കും മുമ്പിലക്കും പിന്നിലക്കും രണ്ടു. പക്ഷികൾ തങ്ങളുടെ ജാതിക്കു തക്കവണ്ണമുള്ള മൊട്ടു ഇട്ടു പത്തു ദിവസം മുതൽ നാല്പതു വരക്കും പൊരുന്നി സന്തതി വൎദ്ധിക്കുന്നു.

### ൧-ം അദ്ധ്യായം - റാഞ്ചുന്ന പക്ഷികൾ

ശക്തിധൈൎയ്യങ്ങളും ഇന്ദ്രിയ സൂക്ഷ്മവും നീണ്ടു മൂൎച്ചയുള്ള നഖങ്ങളും കൊത്തിവ ലിപ്പാൻ അല്പം വളവുള്ള കൊക്കും ഇവയുടെ സാമാന്യ ലക്ഷണം. ചിലതു പച്ച മാംസവും ചിലതു ശവവും തിന്നും ദഹിക്കാത്ത വസ്തു വിഴുങ്ങിയാൽ ഛൎദ്ദിക്കും ഇവയുടെ മാംസവും മൊട്ടയും തിന്നുമാറില്ല.

കഴുകൻ തലയിലും കഴുത്തിലും പൊകുട അല്ലാതെ തൂവൽ ഇല്ല. കണ്ണിന്റെ പൊളകളിൽ രൊമം ഉണ്ടു. നാസികാദ്വാരങ്ങളിൽനിന്നു എപ്പൊഴും നാറുന്ന ഒരു നീർ ഒഴുകിയിരിക്കും. ജീവിച്ചിരിക്കുന്ന പക്ഷികളെയൊ മൃഗങ്ങളെയൊ പിടിച്ചു കൊല്ലുവാൻ അവന്നു മാന്ദ്യം ഉണ്ടാകകൊണ്ടു ശവം കൊണ്ടു അവൻ ബുഭുക്ഷ ശമിപ്പിക്കുന്നു. വളരെ പൊക്കത്തിൽ പറക്കുമ്പൊൾ ഭൂമിയിൽ വല്ല ശവമെങ്കിലും ഉണ്ടായിരുനാൽ കണ്ണിന്റെ സൂക്ഷ്മം നിമിത്തമായി അതിനെ കണ്ടു ഒരു അസ്ത്രം പൊലെ ഇറങ്ങി വന്നു പറക്കുവാൻ കൂടി പ്രയാസം വരത്തക്കവണ്ണം തിന്നും. ഭൂമിയിലുള്ള ശവങ്ങളെ ഒടുക്കുന്നതിനാൽ ഇവൻ ഒരു ദിവ്യ പക്ഷി എന്നൊൎത്തു എജിപ്തകാർ ഇവ ന്റെ രൂപം കുത്തി ഉണ്ടാക്കി വെച്ചിരുന്നു.

കൊന്ദൊർ ഇവന്നു ഒരു മുട്ടാടിന്റെ പൊക്കവും ചിറകുകൾ പരത്തുമ്പൊൾ എഴു കൊൽ വിസ്താരവും ഉണ്ടാകയാൽ കഴുകന്മാരിലും കെമൻ. കറുത്തു മിന്നുന്ന തൂവലുകളും കഴുത്തിൽ വെളുത്തു ചുറ്റിയ ഒരു രെഖയും കല്ക്കം പൊലെ ശ്യാമ വൎണ്ണമായ ചൂട്ടും താടയും കണ്മിഴിയും ഇവന്നു കാണും ഭൂമിയിലുള്ള പൎവ്വ തങ്ങളിൽ എല്ലാറ്റിലും ഉയൎന്നിരിക്കുന്ന അണ്ടെസ എന്ന പൎവ്വതങ്ങളിൽ കൂടുണ്ടാക്കി മൊട്ടു ഇട്ടു അവിടെ പാൎക്കുന്നു അവിടെ നിന്നിറങ്ങി വന്നു മാൻ

ലാമ ആടപശുക്കുട്ടി ഇവയെ പിടിച്ചുമത്ത് കൊണ്ടുപൊയി ആദ്യം കണ്ണു കൊത്തി വലിച്ച പിന്നെ പള്ളയിൽ കൊത്തി ദ്വാരം ഉണ്ടാക്കി അതിൽ കൂടി കടലുകൾ ഒക്കയും വലിച്ച തിന്നും മനുഷ്യക്കുട്ടികളെ കൊണ്ടുപൊകുന്നതും അപൂൎവ്വമല്ല. കാട്ടിൽ ഒരു സിംഹത്തിനെ കണ്ടാൽ രണ്ടെണ്ണം കൂടി റാഞ്ചി ആലസ്യപ്പെടുത്തി കിടത്തി അവനെ കൊത്തിതിന്നും ഇവയെ പിടിപ്പാൻ വിഷമുള്ള അസ്ത്രം പ്രയൊഗിച്ചുകൊല്ലുകയും അല്ലെങ്കിൽ അപ്പൊൾ തന്നെ കിഴി ച്ചുള്ള തൊൽ വയലിൽ വിരിച്ച ഒരുത്തൻ അതിന്റെ ചുവട്ടിൽ ഒളിച്ച കിടക്കയും മറ്റൊരുത്തൻ കനത്ത വടിയും കയ്യിലെടുത്ത അരികെ കാണാതെ നില്ക്കയും ചെയ്തിരിക്കുമ്പൊൾ  തൊൽ കൊണ്ടുപൊവാനായി പക്ഷി വന്നിരിക്കുന്നെരം ചുവട്ടിൽ കിടക്കുന്നവൻ തൊലൊട്ടു കൂടി കാൽ മുറുക്കി പിടിച്ചതിന്റെ ശെഷം വടിക്കാരൻ ഒടി വന്ന തല തച്ച തകൎക്കും. ഇറളൻ എകദെശം പ്രാവിന്റെ വലിപ്പം. ശരീരം മുഴുവനും തൂവ്വൽകൊണ്ട മൂടിയിരിക്കും പുരികം അല്പം വീണിരി ക്കയാൽ ഇവന്ന എപ്പൊഴും ഒരു ദുഃഖഭാവം. ജീവനുള്ളതിനെ അല്ലാതെ ശവം തൊടുന്നില്ല. വെളുത്തും കറുത്തും രെഖകൾ ഉണ്ടാകയാൽ ഒരു വെഷധാരിയുടെ ആകൃതി. കൊഴി പ്രാവാ തുടങ്ങിയതിനെ പിടിച്ചുമത്ത് കൊന്ന തൂവ്വലുകൾ അത്രെയും കൊത്തിപ്പറിച്ചെടുത്ത പിന്നെ എല്ലിന്മെൽ എങ്കിലും അല്പം മാംസം ഇരിക്കാതെ കൊത്തിത്തിന്നും, ഇവനെ ചിലർ പിടിച്ച കൂട്ടിലാക്കി, തവള ഒന്ത , വക തീനുകളും കൊടുത്ത ഇണക്കിയതിന്റെ ശെഷം കാലിന്മെൽ പിച്ചള ഇരിമ്പ ചെമ്പ ഇവയിലൊന്നുകൊണ്ടുള്ള വട്ടക്കണ്ണി ഇട്ട അതിന്മെൽ ഒരു ചരട കെട്ടി ഇവന്റെ നഖങ്ങൾ കയ്യിന്മെൽ കെറാതിരിപ്പാൻ കൈത്തണ്ടമേൽ ഒരു തൊൽ കെട്ടി അതിന്മെലിരുത്തികൊണ്ടനടന്ന വല്ല പക്ഷികളെ കാണിച്ച വിട്ടാൽ എത്രയും വെഗം പറന്ന ചെന്ന അതിന്റെ കഴുത്തിൽ ഇവന്റെ ക്രൂര നഖങ്ങൾ കൊത്ത് കെട്ടിപ്പിടിച്ച രണ്ടും കൂടി താഴത്തെ വീഴും ഉടനെ ഉടയവൻ ഒടിച്ചെന്ന പിടിച്ചുകൊള്ളും. ഒരു സമയം വരാതിരുന്നെങ്കിൽ കൈത്തണ്ടമെൽ ഒരു ഒന്തിനെ വെച്ച കാണിച്ച കൊടുത്ത വിളിച്ചാൽ വരികയും ചെയ്യും. സ്ത്രീക്ക വലിപ്പം കാൽ വാശി കൂടും.

ആനറാഞ്ചൻ സിംഹം മൃഗരാജാവെന്നപൊലെ ഇവൻ പക്ഷിരാജാവെന്ന പറയാം. അധികം വളഞ്ഞ കൊക്കും മാറിലെക്ക കവിഞ്ഞിരിക്കുന്ന ചിറകും കാൽച്ചെറ്റകൊണ്ട മൂടിയതുപൊലെ കാലുകളും മഞ്ഞ നിറത്തിൽ വിരൽ നഖങ്ങളും  ജാതിക്ക പ്രത്യെക ലക്ഷണം. ഇവന്റെ ശക്തിധൈൎയ്യ ഗംഭീര ഭാവങ്ങൾ നിമിത്തമായിട്ട ഫ്രാൻസിക്കാർ പ്രൂസിക്കർ അമ്രിക്കക്കാർ എന്നീ മൂന്ന ജാതിക്കാരും ഇവനെ രാജചിഹ്നമായി സീകരിച്ചിരിക്കുന്നു. പൎവ്വതങ്ങളുടെ മുകളിൽ വൃക്ഷത്തിന്റെ ചില്ലകൾകൊണ്ട കൂടുണ്ടാക്കി ഇണയായി പാൎക്കും.

സ്ത്രീ താറാവിന്മൊട്ടയുടെ വലിപ്പത്തിൽ ഇടുന്ന രണ്ടു മൊട്ടക്ക ചുവന്ന പുള്ളി കൾ ഉണ്ടായിരിക്കും. പൊരുന്നി കുട്ടികളായാൽ വളരെ വാത്സല്യത്തൊടെ വളൎത്തുന്നു. പൊരുന്നും സമയും സ്ത്രീക്ക ആവശ്യമുള്ളതൊക്കെയും പുരുഷൻ കൊണ്ടുവരും ചിറക മുഴുവനും ഉണ്ടായാൽ തള്ള കഞ്ഞിനെ തന്റെ മെൽ വെച്ച കൊണ്ടു പറക്കും. ഇത പ്രമാണിച്ചിട്ട മൊശ ഇസ്രായെല്ക്കാരൊട ആനറാഞ്ചൻ തന്റെ കുഞ്ഞങ്ങളുടെ മെൽ ആടിക്കൊണ്ടിരുന്ന തന്റെ ചിറകുകളെ വിരിച്ച അവയെ എടുത്ത തന്റെ ചിറകുകളിന്മെൽ വഹിക്കുന്നതുപൊലെ യഹൊവാ നിങ്ങളെ വഴിയെ നടത്തിക്കയും ചെയ്തു. എന്നു പറഞ്ഞു. നൂറ്റിൽപുറം വയസ്സുണ്ട. ഭക്ഷണം കൊന്തൊറിനൊട തുല്യം തന്നെ. ദാഹം ശമിപ്പിപ്പാൻ ചൂടുള്ള രക്തമെ കുടിക്കു. പൊന്നാനറാഞ്ചൻ മീനാനറാഞ്ചൻ വെള്ളത്തല ആനറാഞ്ചൻ  വകയെ ഇപ്പൊൾ വിസ്തരിക്കുന്നില്ല.

പുള്ള സൎവ്വാംഗവും വെളുത്തും കറുത്തും രെഖകൾ ഉണ്ടെങ്കിലും മാറിൽ എറി യിരിക്കും. നാസികാദ്വാരങ്ങൾ മൊട്ടപൊലെയും ചിറകിൽ മൂന്നിലൊരു ഭാഗം നീളം കൂടിയ വാലും ഇവന്റെ ആകൃതി. കാട്ടുപ്രാവ താറാവ മുയല ഇതൊക്കെയും പ്രിയഭക്ഷണം. പറക്കുന്ന പക്ഷികളെ വിലങ്ങിയും താഴെയും റാഞ്ചുന്ന ശീല ക്കാരൻ. ഉയൎന്ന വൃക്ഷങ്ങളിൽ കൂടു കൂട്ടി പച്ച നിറവും വെളുപ്പും അനുസരിച്ച മൂന്നും നാലും മൊട്ട ഇടും ഒന്നിന്നും ഉപകാരം ഇല്ലാതെയും ദൊഷങ്ങൾ വളരെ ചെയ്യുന്നതുകൊണ്ടും വെടിവെച്ച വളരെ കൊന്നെങ്കിലെ മതിയാവൂ എന്ന വെച്ച കൊല്ലുന്നു.

പരുന്ത കൊഴിക്കുഞ്ഞുങ്ങളെ വളൎത്തുന്നവർ ഇവനെ നല്ലവണ്ണം അറിയുമെല്ലൊ. ഇവൻ എല്ലാനെരവും കാലത്തും സന്ധ്യാ സമയവും വിശെഷിച്ചും ഭൂമിയിൽ നിന്ന പത്തും പന്ത്രണ്ടും കൊൽ പൊക്കത്തിൽ പറന്ന കൊഴി ഓന്ത തവള മത്സ്യം പാമ്പ  വകയെ റാഞ്ചിക്കൊണ്ടുപൊയി തിന്നുന്നു. തെങ്ങ പ്ലാവ ഇട ങ്ങിയതിന്മെൽ വെടിപ്പില്ലാതെ ചില്ലകൾ കൊണ്ട കൂടുണ്ടാക്കി പച്ച നിറത്തിൽ നാലും ആറും മൊട്ട ഇടുന്നു.

കൃഷ്ണപ്പരുന്ത കഴുത്തും തലയും വെളുത്തും ശെഷം താമ്രവൎണ്ണവുമത്രെ. ഇവന്റെ കൃഷ്ണാ എന്ന ശബ്ദഛായയെ അനുസരിച്ച കൃഷ്ണപ്പരുന്തെന്ന പെർ കിട്ടി. വൃക്ഷ ങ്ങളിൽ കൂടു കൂട്ടി രണ്ടു മൊട്ട ഇടും. അവക്ക കൊഴിമൊട്ടയുടെ വലിപ്പം. ഇവൻ വിഷ്ണുവിന്റെ വാഹനമെന്നും ശനിയാഴ്ച വൈകുന്നെരവും ഞായറാഴ്ച കാലത്തും കാണുന്നത വളരെ ശ്ുണമെന്ന കാവിയർ പറയുന്നത അജ്ഞാനത്തിൽനിന്നു വന്നത.

മൂങ്ങ, കൊക്കുമുതൽ കാലടിവരക്കും നല്ല മാൎദ്ദവമുള്ള നരയൻതൂവ്വലുകളും ഉരുണ്ട വലിയ തലയും വട്ടമുഖവും വളഞ്ഞ ചെറിയതായ കൊക്കും ഭയപ്പെടുവാൻ തക്കവ

ണ്ണം മൂളുന്ന ഒച്ചയും രാത്രി സഞ്ചാരവും ഇവന്റെ ലക്ഷണം നിശ്ചലമായ കണ്ണിന്നു പകലും നന്നെ ഇരുട്ടുള്ളനെരവും കാഴ്ചക്കുറവുണ്ടാകകൊണ്ടു സൂൎയ്യന്റെ ചരമകാലത്തിങ്കലും നിലാവുള്ളപ്പൊഴും ഇവന്നു സഞ്ചരിപ്പാൻ സൌഖ്യം. എലി ഞണ്ടു ഞമിഞ്ഞ മത്സ്യം ഇവയെ പിടിച്ചു തിന്നും കൊഴിമൊട്ടയിൽ വലിപ്പംകൂടിയ മൂന്നും നാലും വെളുത്ത മൊട്ട ഇട്ടു മൂന്നു ആഴ്ചവട്ടം പൊരുന്നുന്നു. കുട്ടിപുറത്തായാൽ കൂട്ടുകവിയുന്നവരക്കും ഭക്ഷണസാധനങ്ങളെ പുരുഷൻ കൊണ്ടുവന്നു നിറെക്കും. ദാഹത്തിങ്കൽ മൊട്ടയും രക്തവും മാത്രമെ കുടിക്കു. ചെറിയ ജന്തുക്കളെ ഒന്നായി വിഴുങ്ങുന്നതുകൊണ്ടു ദഹിപ്പാൻ പാടില്ലാതുള്ള എല്ലുകളും രൊമങ്ങളും തുവ്വലുകളും ദിവസന്തൊറും ഒരിക്കൽ ഛൎദ്ദിക്കുന്നു. സ്ത്രീ ഹൂം എന്നു ഒന്നും പുരുഷൻ ഹൂം ഹൂം എന്നു രണ്ടും മൂളുകയും ചെയ്യും വീടിന്റെ കിഴക്കുപുറത്തിരുന്നു മൂളിയാൽ പടിഞ്ഞാറെ പുറത്തവെതുകുഴിയും വടക്കുപുറത്തു മൂളിയാൽ തെക്കുപുറത്തു ചുടലയും എന്നു അമ്മശാസ്ത്രം പറയുന്നു എങ്കിലും ജനനമരണ കാലങ്ങളെ മൂങ്ങാമുഖാന്തരമായിട്ടു മനുഷ്യരെ അറിയിക്കുന്നതു ദൈവത്തിന്നു അയൊഗ്യമെല്ലൊ.

നത്തു. ഉരുച്ചെറുപ്പവും ചിലക്കുന്ന ശബ്ദവും മാത്രം ഭെദം. നത്തലച്ചാൽ ചത്തലക്കും എന്നു പഴഞ്ചൊല്ലിൽ പതിരുണ്ടു.

## ൨-ം അദ്ധ്യായം – എകദെശം കാകസാമ്യമുള്ള പക്ഷികൾ

പശാപ്പുകാരൻ പക്ഷി. മാറിൽ തവിട്ടുനിറവും ചിറകകറുത്തും നീലത്തെ അനുസരിച്ചു കഴുത്തും ഇവന്നു ലക്ഷണം. പുള്ളിനൊടും പരുന്തിനൊടും പിണങ്ങി ജയം കിട്ടിയാൽ വെലിയിന്മെലിരുന്നു പാൽ ആട്ടും. ചെറിയ പക്ഷികൾ തവളഒന്തു എലിയെന്നിവ പലതിനെയും പിടിച്ചു വെലിയിലെ ഉറപ്പുള്ള മുള്ളിന്മെൽ കുത്തിക്കൊത്ത്വെച്ചു ആവശ്യം പൊലെ ഒരൊന്നിനെ എടുത്തു തിന്നും ക്രൂരതകാരണത്താൽ ഇവന്നു പശാപ്പുകാരൻ എന്നു പെർകിട്ടി തവിട്ടുനിറത്തിൽ അഞ്ചൊ എഴൊ മൊട്ട ഇടുന്നതിന്നു എപ്പൊഴും പുതിയ കൂട്ടുണ്ടാക്കും. കാക്ക അറുപതുവകയുണ്ടു. ഭൂമിയിൽ എവിടെ പൊയാലും കാക്കയെ കാണും. ചൊറ പഴം മാംസം അപ്പം ഇവ ഒക്കെയും തിന്നും വൃക്ഷങ്ങളുടെ മുകളിൽ കൂട്ടുകൂട്ടി നാലാറ മൊട്ട ഇട്ടു ഇരുപതു ദിവസം പൊരുന്നുന്നു. പുരുഷൻ സമയത്തു കൂടിന്നരികെ കാവലായിട്ടു താമസിക്കും പുഴു അച്ചു എലി ഇവയെ കൊടുത്തു കുഞ്ഞുങ്ങളെ വളൎത്തും. ഇവയുടെ കക്കുന്ന ശീലം പ്രസിദ്ധമെല്ലൊ. രൊമർ എന്നു അജ്ഞാനജാതിക്കു ഇവൻ ഒരു ജ്യൊതിഷപക്ഷി ആയിരുന്നു എന്നും പുറപ്പെടീക്കുന്ന അറുപത്തുനാലു ശബ്ദഭെദങ്ങളെക്കൊണ്ടു ഒരൊരൊ കാൎയ്യങ്ങളെ സൂചിപ്പിക്കുന്നു എന്നും അവരുടെ പ്രമാണം. അൎത്ഥം ഗ്രഹിക്കുന്നതിന്നു ഇവന്റെ

കറളും കുടലും തിന്നുന്നത നല്ല വഴിഎന്നും അവർ നിശ്ചയിച്ചു. മലയാളികൾ പിതൃകർമ്മത്തിങ്കലും ഭൂതബലിയിലും ഉൾകുന്ന അന്നം ഇവൻ തിന്നാൽമതി എന്ന വിചാരിക്കുന്നു. എങ്കിലും ആ വക അന്നം ദരിദ്രക്കാൾക്ക കൊടുത്താൽ വളരെ ഉപകാരമുണ്ട
കാവതികാക്ക. പുഴസമീപങ്ങളിലും കടലരികിലും തല മാത്രം വെളുത്തിട്ട ഇവയെ കാണാം.
കുതികുലുക്കിപ്പക്ഷി. മാറിൽ വെളുത്തും കറുത്ത ചിറകിന്മെൽ വെളുത്ത ഉള്വല്ലു കളും മുഷിയാതിരിപ്പാൻ വാൽ ഉയർത്തിപ്പിടിക്കുന്നതും ചാടിനടപ്പും ഇതിന്റെ സമ്പ്രദായം. പറക്കുന്നെരം ഒന്ന കുതിച്ചാൽ ചിറക കൂട്ടുകയും പിന്നെയും അങ്ങിനെ തന്നെ ചെയ്തുകൊണ്ട കുറഞ്ഞ ദിക്കുമാത്രം പറക്കുന്നു. ചെമ്പൊ ഇരിമ്പൊ സ്വർണ്ണമൊ വെള്ളിയൊ കണ്ടാൽ ഉടനെ കട്ടെടുത്ത കൂടിൻചുവട്ടിൽ ഒളിച്ച വെക്കും. പച്ചനിറമുള്ള എട്ടു മൊട്ട കൂട്ടിൽ കാണും. മരത്തിന്റെ മുകളിൽ കൂടുണ്ടാക്കുന്നത പടിഞ്ഞാറൻ കാറ്റുള്ളപ്പൊൾ കിഴക്കുവശത്തും കിഴക്കൻ കാ റ്റിങ്കൽ പടിഞ്ഞാറെ വശത്തുമെ ഉള്ളൂ. പൂക്കുന്നവയുടെ മൊട്ടുതിന്നുന്നതുകൊണ്ട കൃഷിക്കാർ ഇവനെ വെടിവെക്കുന്നു.
മഞ്ഞപക്ഷി. കാഴ്ചക്ക സൌന്ദര്യ്യവും നെരെകുത്ത കൊക്കുമായ ഇതിന്ന മഞ്ഞയും കറുപ്പും ഇടകലൎന്നുള്ളനിറംകാണും വൃക്ഷക്കൊമ്പിന്റെ കമരങ്ങളിൽ പുല്ലും പെരും തലമുടിയും പഞ്ഞിയും  വക വെച്ച നല്ല കൌശലക്കൂടുണ്ടാക്കി തല നന്നെ കുത്ത വെളുത്തുള്ള നാലുമൊട്ട ഇട്ട പതിന്നാല ദിവസം പൊരുന്നുന്നു. പുഴു. തുമ്പി. പാറ്റ ച്ച ഇവ സാമാന്യമായിട്ടും ചിലപ്പൊൾ ആലിൻ പഴവും തിന്നും. ചൂളം വിളി ഇതിന്ന അഭ്യസിപ്പിക്കാം.
മൈന. ഗൊസായികൾ. ഒരു കൂട്ടിൽ രണ്ടും നാലും ഇട്ടു കൊണ്ട സന്ധ്യകളിലും പ്രഭാതങ്ങളിലും ഭാഷകളും പറയിച്ച പാൽ പഴങ്ങൾ തീനംകൊടുത്ത അവർ നടക്കുന്ന ദിക്കുകളി ൽ കൊണ്ടുനടക്കുന്നു. മിന്നുന്ന കറുപ്പനിറമായ ചിറകുകളിൽ വെളുത്ത ഒരൊമന്നവും കണ്ണിൻതടം മഞ്ഞനിറവും ഇവ യുടെ ആകൃതി.
മുളകതീനി തെക്കെ അമ്രിക്കായിൽ മാത്രം കാണും. ഇവ ൻ മുളക നന്നെ പ്രിയ മായി തിന്നുക കൊണ്ട അവിടത്തുകാ ർ മുളകതീനി എന്ന പെരിട്ടു. കൊക്കിന്റെ രണ്ടു വശവും അ റക്കവാളിന്റെ ഭാഷ. അതുകൊണ്ട മുളക നല്ലവണ്ണം പിടിച്ച മെല്പട്ടെറിഞ്ഞ വരുമ്പൊൾ വാ കാട്ടി പിടിച്ച അപ്പടിയെ വി ഴുങ്ങും. വൃക്ഷങ്ങളുടെ പൊത്തുകളിൽ കൂടുണ്ടാക്കി രണ്ടു മൊട്ട ഇ ടും. സാമാന്യമായിട്ട മെലെ കറുത്തും ചുവട്ടിൽ പച്ചയൊ ച്ു വപ്പൊ നീലമൊ പലതായിട്ടും നിറം കാണും.
പറദീസപക്ഷി ഭൂമിയിലുള്ള സകല പക്ഷികളും നാ ണിപ്പാന്മാത്രം സൌന്ദര്യ്യമു ള്ള ഇതിനെ ണൂഗിനെയ എന്ന ദ്വീപിൽ മിക്കവാറും കാണും. ദുല്ലഭമാകയാൽ

ഒരു ഇണക്ക അഞ്ഞൂറ ‌‌ൂപയൊളം കൊടുക്കും. ആകാശവഴി പറക്കുമ്പൊ ൾ ഒരു നക്ഷത്രം വീഴുന്നതുപൊലെ വിളങ്ങും. കൊക്ക കാൽ ശംഖ തല എന്നിവ പല നിറങ്ങളായി കാണും. രണ്ടു പ ള്ള പുറത്തും വെളുത്ത തുമ്പിന്ന ശ്യാമള പുള്ളിയുമുണ്ടായി ഒ രുക്കൊൽ നീളത്തിൽ അലങ്കാരമായി ധരിച്ചിരിക്കുന്ന തൂവ്വ ലുകൾ പാണ്ട്യാലന്റെ പൊലെ മയമുള്ളതാകുന്നു വഷകാല ങ്ങളിൽ അതില്ലാത്ത ദിക്കിൽ പൊകും. ഇരിവതും മുപ്പതും പെടകളുടെ ഇടയിൽ ഒരു ആണ പക്ഷി മാത്രം ഉണ്ടായി രിക്കും. ജാതിഭെദം പൊലെ, പൊയ്ഗ പൊയ്ഗ വൂഖ വൂഖ ഹെഹിഹൌ എന്ന ശബ്ദിക്കും.
വെഴാമ്പൽ കറുത്തും വെളുത്തും നിറം. തൊടകൻ ക ത്തിപൊലെ ഉള്ള കൊ ക്കിന്റെ മെലെപാതിക്ക രണ്ടു മുന ഉ ണ്ടു. പുഴ. പഴം. മാംസം ഇവ തിന്നും. ഇരുപതവക ഉള്ളതി ൽ കാകന്റെ വലിപ്പം മുതൽ കല്ക്കത്തിന്റെ വലിപ്പം വര ക്കും വിത്ത്യാസങ്ങൾ.

### ൩-ം അദ്ധ്യായം – പറ്റിക്കെറുന്ന പക്ഷികൾ

തത്ത കാലുകളും കൊക്കും ചുവന്നും ശെഷം പച്ച നിറവും കഴുത്തിൽ ചുവപ്പും കറുപ്പും മഞ്ഞയും രെഖകളുണ്ടായി ചിറകുളിൽ ചുവന്ന മന്നവും ഉള്ള ഒരു വക നാട്ടു തത്തയും ഇതിൽ വലിപ്പം മാത്രംകൂടിയ ഒരു വക മലന്തത്തയും കാലും കൊക്കും മഞ്ഞ നിറവും ശെഷം ഒക്കെയും പച്ചയായും ഒരു വക മുളങ്കിളിയും  രാജ്യ ത്തിൽ സാമാന്ന്യമായി നടപ്പുണ്ടു. ഇതിന്ന എന്തെങ്കിലും പറഞ്ഞുകൊടുത്താൽ ഭംഗിയൊടെ സംസാരിക്കുന്നതിനെ കെൾപ്പാനുള്ള ആഗ്രഹം നിമിത്തമായി ജനങ്ങൾ പിടിച്ച കൂട്ടിലിട്ട വളത്ത പൊരുന്നു. പുല്ലും നാരുകളും കൊണ്ടുവന്ന മരപ്പൊത്തിൽ വെടുപ്പുള്ള കൂടുണ്ടാക്കി നീല നിറത്തിൽ രണ്ടു മൊട്ട ഇടുന്നു. ആ വൃക്ഷത്തിൽ മറ്റു പക്ഷികൾ വന്നിരുന്നെങ്കിൽ സ്ത്രീ പുരുഷന്മാർ ഒരുമിച്ച ചെന്ന കൊത്തി ഒടിക്കും. അരിയും പാലും പഴങ്ങളും തിന്നും. പൂച്ച, മരപ്പട്ടി, പുളിയുള്ള വസ്തുക്കളും ഇതിന്ന പരമ ശത്രുക്കൾ. ചീനരാജ്യത്തിന്ന തെക്കും കിഴക്കുമുള്ള ദ്വീപുകളിൽ ഒരു കൊഴിയുടെ വലിപ്പത്തിൽ സവ്വാംഗവും വെളുത്ത നിറമായ ഒരു ജാതി ഉണ്ടു. ശിഖകൾ കൊണ്ടു തല നിറഞ്ഞിരിക്കും. ഭാഷകൾ അവന്ന ശീലം വരുന്നില്ല. കൊകത്തു എന്ന ശബ്ദിക്കകൊണ്ടു ആ പെര തന്നെ അവന്ന വന്നു. ശിഖകളും പൃഷ്ഠവും വാലും ചുവപ്പായി ശെഷമൊക്കെയും വെളുത്തുള്ള ഒരു ജാതി സുമദ്രായിൽ ഉണ്ടു.
കിളിജാതിയിൽ വണ്ണശൊഭക്ക മുമ്പുള്ള മക്കൊ എന്നൊരു ജാതി തെക്കെ അമ്രിക്കയിൽ ഉണ്ടു. നീല നിറമായ തൂവ്വലുകൾ കുറഞ്ഞൊന്ന ചുമലിൽ

ഉള്ളതൊഴികെ ശെഷം ഒക്കെയും ചുവന്നിരിക്കും. കുട്ടി കാലത്ത പിടിച്ചാൽ സംസാരത്തിങ്കൽ നല്ല ശീലം വരും. ഇവന്ന ഉടയവനെ കുറിച്ചുള്ള അതി സ്നെഹത്തെ ദൃഷ്ടാന്തരൂപെണ അറിയിക്കാം. ഒരു സായ്പു ഒന്നിനെ വളൎത്തു. അക്കാലം ആരെങ്കിലും സായ്പിന്റെ അരികെ വരുമ്പൊൾ തൊടരുതെന്നുള്ള ഭാവം നടിച്ചിരുന്നു. ഒരു ദിവസം ക്ഷൌരക്കാരൻ കത്തിയുംകൊണ്ട സായ്പിന്റെ അടുക്കൽ ക്ഷൌരത്തിന്നായിട്ട ചെന്നപ്പൊൾ. ഇത തൂവ്വൽ വെറുപ്പിച്ച ക്രൂര ഭവത്തൊടെ അവന്റെ മെൽ ചെന്നിരുന്ന മുഖവും മറ്റും കൊത്തിയും മാന്തിയും മുറിപ്പെടുത്തി തൊടുവാൻ സമ്മതിക്കായ്ക കൊണ്ട ഇതിനെ ഒരു മുറിയിൽ ആക്കി അടച്ചതിന്റെ ശെഷം മാത്രം ക്ഷൌരം കഴിപ്പിച്ചു.

സംസാരിപ്പാൻ അതിശീലവും ചാര നിറമായും ഒരു വകക്കാർ കാപ്പ്രിയിൽ ഉണ്ട ഇവ വായാടികളാകകൊണ്ടുള്ള കൌതുകത്താൽ എല്ലാവരും മെടിക്കും.

കയില അറുപത ജാതിഭെദങ്ങളുള്ള ഇവക്ക കുരിയാറ്റ മുതൽ പ്രാവവരക്കും വലിപ്പം. പലവക നിറങ്ങളുള്ളതിൽ ഇവിടെ സാമാന്യമായി കറുപ്പ. നഖങ്ങൾ മുമ്പും പിമ്പും രണ്ട. തണുപ്പുള്ള വൃക്ഷങ്ങളുടെ പടപ്പുകളിൽ ഇരിക്കയും ഒച്ച കൂടാതെ വെഗം പറക്കുകയും ചെയ്യുന്നതിനാൽ എറെ കാണുന്നില്ല. ഉപജീ വനത്തിന്നായിട്ട പുഴുക്കളെ തിന്നുന്നതിൽ ചൊറിയൻപുഴു പ്രത്യെകമാകുന്നു. രണ്ടുനാഴികസമചതുരത്തിൽ ഇവൻ ഒരു രാജാവെന്നപൊലെ ഇരിക്കകൊണ്ട സ്വജാതിയിൽ മറ്റൊന്ന വരുവാൻ സമ്മതിക്കയില്ല. ഇവൻ മൊട്ട ഇട്ടാൽ പൊ രുന്നുന്നതും കുട്ടികളെ വളൎത്തുന്നതും അന്ന്യപക്ഷികളത്രെ. ഇത ഒരു വിസ്മയം. വസന്തകാലത്തിങ്കൽ നാല്പത ദിവസത്തിന്നകം ആറുമൊട്ട ഇടുന്നത കാകൻ വാലാട്ട തുടങ്ങിയ പക്ഷികളുടെ കൂടുകളിൽ ഒരൊന്ന മാത്രം ഇടും. കുട്ടികൾക്ക കൊമ്പിന്മെൽ ചെന്നിരിപ്പാൻ ശക്തിവരുമ്പൊൾ ചെന്നിരുന്ന ഒന്നുവിളിച്ചാൽ ഞാൻ മുമ്പൻ ഞാൻ മുമ്പനെന്നുള്ള തിരക്കൊടെ സകല പക്ഷികളും വയറുനിറ ഞ്ഞു പൊട്ടുവാൻ തക്കവണ്ണം ഭക്ഷണങ്ങളെ കൊണ്ടുവന്ന കൊടുക്കും. മൊട്ടയുടെ നിറം ആണ്ടുതൊറും മാറിമാറി ഇരിക്കും.

ഹുപ്പ. മഞ്ഞക്കിളിയുടെ വലിപ്പം. തലയിൽ നിറഞ്ഞിരിക്കുന്ന ശിഖകളെ അവസരം പൊലെ തലയിൽ പതിപ്പിപ്പാനും ഉയൎത്തുവാനുമുള്ള കൌശലം ഇതിന്നുണ്ട. മെലെ ഭാഗം കറുപ്പും വെളുപ്പും താഴെ മാറിൽ ചുവപ്പും മഞ്ഞയും നിറം. പുഴുക്കളെയും കൃമികളെയും തിന്നുന്നതുകൂടാതെ വയലിൽ ഉഴുന്ന സമയം കരിയുടെ പിന്നാലെ ചെന്ന ഞണ്ട ഞമിഞ്ഞ വകയെ പിടിച്ച തിന്നും. കൊക്കി ന്ന നീളം എറിയും നാക്കിന്ന കുറവുമാകകൊണ്ട തിന്നുന്നതിനെ നാക്കുകൊണ്ട പിടിപ്പാൻ പാടില്ലായ്കയാൽ കൊക്ക മലൎത്തി തിന്നിറക്കുന്നു. നിലത്ത നടക്കു മ്പൊൾ കുണുങ്ങിക്കൊണ്ടത്രെ. ശത്രുവിനെ കണ്ടാൽ ചിറകും കാലും പരത്തി

ചത്തതുപൊലെ പതിഞ്ഞു കിടക്കും. ശബ്ദം ഇതിന്റെ പെർപൊലെ തന്നെ.
പുഴതീനി. ഇത ഒരു മുഷിച്ചിൽ കൂടാതെ വൃക്ഷത്തിന്റെ കൊമ്പ മുതലായതിലിരുന്ന പാറ്റ തുമ്പി പുഴ ഇവയെ കാണുമ്പൊൾ പറന്ന പിടിച്ച ഇരുന്നിരുന്ന സ്ഥലത്ത കൊണ്ടുപൊയി തിന്നും. വാഴക്കുടപ്പന്റെ അല്ലിയിൽ ചെറിയ കൊക്കു കടത്തി തെൻ കുടിക്കും കാറാന്റെ ശീലംഎകദെശം ഇതിന്നൊക്കും. തരങ്ങൾ പലതുമുണ്ട.
ഇരട്ടത്തലച്ചി. തലയിൽ കൂത്തുള്ള ഒരു ശിഖയും രണ്ടായി നീണ്ടിരിക്കുന്ന വാലുള്ളതും ഇതിന്റെ ലക്ഷണം. കറുത്തും വെളുത്തും ചെമ്പിച്ചും മൂന്ന വകയെ ഇവിടെ കാണുന്നു. എപ്പൊഴും ഉത്സാഹത്തൊടെ പറക്കയും പാറ്റ തുമ്പിതുടങ്ങിയതിനെ പിടിച്ച തിന്നുകയും ഇതിന്റെ ശിലം
പൊന്മാൻ. ഇവന്റെ കൊക്ക കനവും നീളവും കൂടിയതത്രെ. കാലും വാലും ഉടലും നീളം കുറഞ്ഞുമിരിക്കയാൽ ഇവന്റെ മൂടലിന്ന എത്രയും കൌതുകമുണ്ടെങ്കിലും വിരൂപത്തിന്റെ പ്രതിശാന്തിക്ക മതിയായില്ല. പുഴ കായൽ കുളംതുടങ്ങിയ ജലം സംബന്ധിച്ച കരയിൽ മത്സ്യത്തിനെ തന്റെ ലാക്കനൊക്കി ഇരുന്ന ഒന്നിനെ പൊങ്ങികാണുമ്പൊൾ അസ്ത്രംപൊലെ അതിന്മെൽ വീണ പിടിച്ച കൊണ്ടുപൊയിതിന്നും. വലിയ മത്സ്യത്തിനെ കണ്ട പൊന്മാനെപൊലെ പൊലെ കണ്ണുചീമ്മി എന്ന പഴഞ്ചാല്ലുണ്ട. പിടിപ്പാൻ ശക്തിപൊരാതെയും കൊതി എറെ ഉണ്ടാകയാലുമെത്രെ ഇതുവന്നത. നദീ തീരങ്ങളിലുള്ള പൊത്തുകളിൽ ആറൊ പത്തൊ വെളുത്ത മൊട്ട ഇട്ട പൊരുന്നുന്നു.
മരംകൊത്തി. എണ്പതുവക ഉള്ളതിൽ രണ്ടുമാത്രം  നാട്ടിൽ നടപ്പുണ്ട. മഞ്ഞ നിറത്തിന്മെൽ കറുത്ത രെഖ ഒന്നിന്ന. മറ്റെതിന്ന വെളുപ്പിന്മെൽ കറുത്തവര. തലയിൽ തൊപ്പി ഇട്ടതുപൊലെ കറുപ്പും കൂത്ത ശിഖയും കനത്ത നീണ്ട കൊക്കും ഇവയുടെ ആകൃതി ആകുന്നു. വൃക്ഷങ്ങളിൽ കൊക്കു കൊണ്ടും വാലുകൊണ്ടും പിടിച്ച ഒടികെറും. കീഴ്പ്പട്ടഇറങ്ങുന്നില്ല മരങ്ങളുടെ പിളപ്പിലുള്ള പുഴക്കളെ പശയുള്ള നാക്കുകടത്തി പിടിച്ച തിന്നും, കൊത്തി ഉണ്ടാക്കിയ പൊത്തിലെ പൊടിമെൽ മൊട്ട ഇട്ട പൊരുന്നുന്നു.

**ൻ-ാം അദ്ധ്യായം – രാഗക്കാർ**

രാജകുയിൽ. കൊക്കിന്റെ രണ്ടുവശവും മാത്രമല്ല പുരികവും കാലും മഞ്ഞനിറം. ശെഷമൊക്കെയും കറുപ്പ. കുറെ ദൂരത്ത നിന്ന ഇവന്റെ രാഗം കെട്ടാൽ എത്ര തന്നെ ആയാലും മതിയാകയില്ല. ഒറ്റയായ്ത്തന്നെ പറക്കുന്നു. ഭീരു ആകകൊണ്ട മനുഷ്യർ എറെ സഞ്ചരിക്കാത്ത ദിക്കിലെ പടപ്പുകളിൽ കൂടുണ്ടാക്കി പാക്കും.

അതിധവളമായ നിറത്തിൽ ചിലപ്പൊൾ ഇവയെ കാണുന്നത പാണ്ട വ്യാപിച്ച മനുഷ്യരെ പൊലെ അപൂൎവ്വം.
രാത്രിരാഗി. യൂറൊപ്പിലെ രാഗക്കാരിൽ ഇത പ്രസിദ്ധം. പുറമേ കണ്ടാൽ ഇത്രയും സാരം അകത്തിരിപ്പുണ്ടെന്ന തൊന്നുകയില്ല. തണുത്ത വൃക്ഷങ്ങളും വളരെ മനുഷ്യർ കൂടുന്നതായുമുള്ള സ്ഥലങ്ങളിൽ ഇതിന്ന സൌഖ്യം. ഉപദ്രവിക്കാതിരുന്നാൽ ഒരു മാസം മുഴുവനും രാത്രിതൊറും ഒരു വൃക്ഷത്തിന്മെൽ തന്നെ വസിക്കും, രാഗം എറുന്നവനെ അന്വെഷിച്ച സ്ത്രീ ഭൎത്താവായി സ്വീകരിക്കുന്നതിനെ ഓൎത്ത വസന്തകാലത്തിങ്കൽ പുരുഷന്മാർ കഴിയുന്നെടത്തൊളം പാടും. ആരൊഹാവരൊഹങ്ങളൊടു കൂടി എപ്പൊഴും ഇരുപത്തുനാലു നില എത്രെ. സ്ത്രീയും പുരുഷനും തമ്മിൽ വിളിക്കുന്ന സമയം വിഥ്ക്വൂർ എന്നും കൊപിച്ചാൽ വിദ്വിദ്വിദ്വീ എന്നും സന്തൊഷത്തിങ്കൽ നണക്കുന്നതുപൊലെയും ശബ്ദിക്കുന്നു. വൃക്ഷത്തിന്റെ ഇല. വെര. പുല്ലു. ഇവകൊണ്ട കൂടുണ്ടാക്കി മയത്തിന്നായിട്ട ഉള്ളിൽ തലനാരും വെച്ച ആറു പച്ചമൊട്ട ഇട്ട പൊരുന്നുന്നു. കുട്ടികാലത്ത തന്നെ പിടിച്ച കൂട്ടിലാക്കി വെടിപ്പിൽ രക്ഷിച്ചാൽ പതിനഞ്ചുവൎഷം ജീവിച്ചിരിക്കും.
വാലാട്ടി. തലയും വാലും പുറവും കറുപ്പനുസരിച്ചും ഉള്ളുപാട വെളുപ്പനുസരിച്ചും നിറം. പുഴയുടെ വെള്ളം അടുത്ത കരകളിൽ എപ്പൊഴും ഉത്സാഹത്തൊടെ തുള്ളിക്കൊണ്ടിരിക്കും. രുചിയുള്ള മാംസം കാരണത്താൽ വലയിലും കണിയിലും ഇവയെ പിടിക്കുന്നു.
തയ്യൽക്കാരൻപക്ഷി. ആകൃതി വാലാട്ടിക്ക തുല്യം എങ്കിലും ഇവന്ന മഞ്ഞയെ അനുസരിച്ച നിറം. ലങ്ക ഇവന്റെ വാസദെശം. വൃക്ഷശാഖകളുടെ തുമ്പിന്നുള്ള ഇലമെൽ വാടി വീണിരിക്കുന്ന ഒരു ഇല എടുത്ത കൂട്ടിച്ചെൎത്ത വെച്ച പഞ്ഞികൊണ്ട നൂലുണ്ടാക്കി കാൽകളെക്കൊണ്ട പിടിച്ച കൊക്കുകൊണ്ട തുന്നി കൂടുണ്ടാക്കുന്നതിനാൽ ഇവന്ന ▯ പെർ കിട്ടി.
നാറാണപ്പക്ഷി. കറുപ്പും വെളുപ്പും നിറം. ഇവൻ പക്ഷികളിൽ എറ്റവും സാധുശീലൻ. അമ്പലങ്ങളിലും വീടുകളിലും നല്ല മണ്ണും പഞ്ഞി തുടങ്ങിയ മയമുള്ള വസ്തുക്കളും കൊണ്ടുവന്ന കൂടുണ്ടാക്കി ചെമ്പുനിറത്തിൽ പുള്ളിയുള്ള നാലും ആറും വെളുത്ത മൊട്ട ഇട്ടു പന്ത്രണ്ട ദിവസം പൊരുന്നുന്നു. കൂടിന്ന കൊപ്പു കൂട്ടുന്നതിന്നായിട്ടല്ലാതെ നിലത്തിറങ്ങുന്നില്ല. ഇവന്റെ കൂട വീട്ടിൽ ഉണ്ടായിരുന്നാൽ ഇടിത്തിയ്യ വീക്കുയില്ലെന്ന മുമ്പെ ചിലൎക്ക ഒരു അജ്ഞാനമുണ്ടായിരുന്നു. കുരികിൽ ചിലപ്പൊൾ മാന്ദ്യംകൊണ്ട കൂടു കൂട്ടാതിരുന്ന നാറാണപ്പക്ഷിയുടെ കൂട്ടിൽ അവർ പുറത്തുപൊകുന്ന തക്കത്തിൽ കെറി പാൎക്കും. അന്നെരം സ്വന്തക്കാരൻ വന്ന കൂട്ടുകാരെ കൂട്ടി ദ്വാരം അടച്ചുകളയും. ഇവൻ ഭക്ഷണം കിട്ടാതെ വിശന്ന താനെ ചത്തുപൊകുമെന്നൊരു കെൾവി ഉണ്ട. ചീന രാജ്യത്തിരിക്കുന്ന ഒരു

വകയുടെ കൂട ഔഷധത്തിന്നും ഭക്ഷിപ്പാനും വളരെ ഗുണമുള്ളതാകകൊണ്ട ചിലപ്പൊൾ വെള്ളിക്ക ശെരാശെരി തൂക്കം മാത്രം കിട്ടും.
വാനംപാടി. ഇതിന്റെ വലിപ്പവും നിറവും കുരിയാറ്റയൊട തുല്യം. കൊതമ്പ യവം  വക കൃഷ്ണിസ്ഥലങ്ങളിൽ കൂട്ടുണ്ടാക്കി പാൎക്കുന്നതുകൊണ്ട കൃഷിപ്പണി ചെയ്യുന്നവൎക്ക രാഗം പാടി ഒരു ആനന്ദത്തെ ഉണ്ടാക്കും. നിലത്തുനിന്നും നെരെ മെല്പട്ടക്ക രാഗത്തൊടും കൂടി കാണാതെ ആകുന്ന വരക്കും പറന്ന അവിടെ കുറെ താമസിച്ച പിന്നെ കീഴ്പ്പെട്ടും അങ്ങിനെ തന്നെ പറന്ന വരും. വളരെ ശത്രുക്ക ളുണ്ടെങ്കിലും പരമ ശത്രു മനുഷ്യൻ. ലിപ്സിഗ്ഗ എന്ന ദെശത്ത പക്ഷിവെട്ടക്കാർ ചിലപ്പൊൾ ഒരു മാസത്തിന്നകം വലയിൽ അമ്പതു ലക്ഷം പിടിച്ച വില്ക്കും.
കുരിയാറ്റ. ഇവ പല തരം ഉണ്ട. വിശെഷകൂടുണ്ടാക്കുന്നതുകൊണ്ട കീൎത്തി പെട്ടിരിക്കുന്നു. മയമുള്ള പുല്ലും തെങ്ങിന്റെയും കഴുങ്കിന്റെയും ഒലയും കൊണ്ട മുളയുടെ എങ്കിലും തെങ്ങിപട്ടയുടെ എങ്കിലും തുമ്പിന്ന കെട്ടി പിടിപ്പിച്ച രണ്ട മുറിയായി നെയ്തുണ്ടാക്കുന്ന കൂടിന്റെ താഴെ ഭാഗം അരക്കൊൽ നീളത്തിൽ ഒരു കുഴലുപൊലെ ഇരിക്കുന്നത കൂട്ടിലെക്ക കടക്കുന്നതിന്നെത്രെ. പുരുഷന്റെ കൂടിന്ന ഒരു മുറി മാത്രം. താഴെ മൂടൽ കൂടാതെ പാലം വെച്ചിരിക്കുന്നു. കാപ്പ്രിയിൽ ഒരു വക ഉള്ളതിന്റെ കൂടുകൾ മെൽപ്പുറം ഒന്നിച്ചും താഴെ വളരെ മുറികളുമായി ഉണ്ടാക്കി പത്തായിരം ഒരുമിച്ച മൊട്ട ഇട്ട പൊരുന്നുന്നു. വെളിച്ചത്തിന്ന മിന്നാമ്മിനുങ്ങിനെ പിടിച്ച കൂട്ടിൽ വെച്ചുകൊള്ളും.
കന്നാറി. ഇവയുടെ സ്വദെശം കന്നാറിദ്വീപുകൾ. സ്വതെ മഞ്ഞനിറക്കാരെങ്കിലും പല പക്ഷികളൊടും ചെരുന്നതിനാൽ എല്ലാനിറത്തിലും കാണും. രാഗവിശെഷം കാരണമായി സായ്പന്മാർ ഇവയെ മെടിച്ച പിച്ചളക്കൂട്ടിൽ കൊണ്ടുനടക്കമാറുണ്ട. ഒരൊരൊ കൌശലങ്ങളെ പഠിപ്പാൻ നല്ല ശീലം ഉണ്ട. ഒരു പക്ഷിക്കാരൻ മനുഷ്യ സമൂഹത്തിങ്കൽ ഒന്നിനെ കൊണ്ടുവന്ന ഒന്ന പാടികെൾക്കട്ടെ എന്ന പറഞ്ഞപ്പൊൾ ഇത പാടി. ഛീ ചീത്ത ഇത നന്നായില്ല കാക്കയെപ്പൊലെ, വെറെ നല്ല രാഗമായി പാട എന്റെ രണ്ടാമത പറഞ്ഞതിനെ കെട്ട, രാഗം മാറി നല്ലവണ്ണം പാടി. കെൾക്കുന്നവരുടെ സന്തൊഷംകണ്ടപ്പൊൾ തലകുമ്പിട്ട സലാം ചെയ്തു. നിനക്ക ഇപ്പൊൾ വളരെ ക്ഷീണം വന്നു. മെശമെലിരുന്ന കുറെ ഉറങ്ങിക്കൊ എന്ന പക്ഷിക്കാരൻ പറഞ്ഞപ്പൊൾ മെശമെൽ ഇരുന്ന ആദ്യം ഒരു കണ്ണ ചിമ്മി. പിന്നെ രണ്ടുകണ്ണും അടച്ച ഉറക്കംഭാവിച്ചു. അതിന്റെ ശെഷം നല്ലവണ്ണം ഉറങ്ങുന്ന നാട്യത്തിങ്കൽ ഒരു കറുത്ത പൂച്ച ചാടിപിടിച്ച കൊല്ലുകയും ചെയ്തു.
കവളങ്കാളി. ഇവന്റെ ശബ്ദംകൊണ്ടും കൊക്കും കാതിന്റെ സ്ഥാനവും മഞ്ഞ നിറമായിരിക്കുന്നതിനാലും കറുത്ത ചിറകുകളിൽ വെളുത്ത മന്നങ്ങൾ കാണു

ന്നതുകൊണ്ടും അറിവാൻ ഒട്ടും പ്രയാസമില്ല. പിടച്ചിണക്കിയാൽ കെൾക്കുന്ന ശബ്ദങ്ങളെ അനുകരിപ്പാൻ ഇവൻ എത്രയും സമൎത്ഥൻ.

## ൫-ം അദ്ധ്യായം – കൊഴി സാമ്യക്കാർ

പ്രാവ. നൂറ്റിൽപുറം വക ഉണ്ടാകകൊണ്ടു ഭൂമിയിൽ എല്ലാടവും കാണാം. ചുവന്നിരിക്കുന്ന കാൽവിരൽ നാലും ഒഴികെ ശെഷം ഉടൽ വെളുപ്പ പാണ്ട പച്ച നീലം തവിട. ▯ വക നിറങ്ങളായിട്ടുകാണും. വെഗം പറക്കയും വളരെ കുടിക്കയും പലപ്രാവശ്യം കുളിക്കയും ഇവയുടെ പ്രകൃതി. വാലിൽ എപ്പെഴും പന്ത്രണ്ടു തൂവൽ ഉണ്ട. രണ്ടു മൊട്ട മാത്രം ഇട്ടു കുട്ടി ആയാൽ ആദ്യം ഒമ്പത ദിവസം കാഴ്ചയില്ല. ധാന്യങ്ങൾ തിന്നു നലവ വരുത്തി കുട്ടികളുടെ വായിൽ തെട്ടി കൊടുക്കുന്നു. കുറു കുറൂ എന്ന ശബ്ദം. ചൊറിയും വസൂരിയും ഇവക്ക വെഗം പറ്റും. കാട്ടുപ്രാവ കൂടാതെ ഇവിടെ അരിപ്രാവ മൂന്നു നിറത്തിൽ കാണും. കഴുത്തിൽ പ്രത്യെകമായി മിന്നുന്ന നീലഛായയുള്ള ഒരു ജാതി ഇവ കിണറ്റിലും ഉയൎന്ന ശാലകളിൽ വിജന സ്ഥലങ്ങളിലും കൂടു കൂട്ടി കാക്ക മൊട്ട പ്രമാണത്തിൽ രണ്ടു മൊട്ട ഇട്ടാൽ ഉണ്ടാകുന്ന കുട്ടികളിൽ ഒന്നു പുരുഷൻ ഒന്നു സ്ത്രീയുമായിരിക്കും. പിന്നെ അവർ തങ്ങളിലെത്രെചെ്ച. ലങ്കയിൽ അല്പം വലിപ്പം കൂടിരിക്കുന്ന അഞ്ചൽപ്രാവിനെ കുട്ടി കാലത്തെ പിടിച്ച കൂട്ടിലാക്കി പലതവണയും ഒരു സ്ഥലത്തെക്ക കൊണ്ടുപൊകയും തിരിച്ച പൊരികയും ചെയ്തു പിന്നത്തെതിൽ ചിറകിന്നകത്ത ഒരു എഴുത്ത കെട്ടി വിട്ടാൽ കൊണ്ടുപൊയി കൊടുക്കയും അങ്ങിനെ തന്നെ മറുവടി എഴുതി അയച്ചാൽ തിരികെ വരികയും ചെയ്തു പൊരുന്നു. ഒരു മണിനെരത്തിന്നകം നാല്പതു നാഴിക വഴി പൊകും.

കാട, ഒട്ടു വെളുത്ത നിറത്തിന്മെൽ കറുത്ത പുള്ളികളും കറുത്ത കൊക്കുമുള്ളവൻ തന്നെ. മനുഷ്യർ നന്നെ അടുക്കുന്ന വരെക്കും പറക്കാതെയും അടുത്താൽ ഉടനെ വളരെ പൊക്കം വരെക്കും ഞെടുക്കനെപറക്കുന്നതും സമ്പ്രദായം. കുട്ടിയെ പിടിച്ചിണക്കിയാൽ കൊണ്ടുപൊയി വലക്കകത്തുവെച്ച ദൂരെ മാറി നിന്നാൽ ഇവൻ ശബ്ദിക്കുന്നെരം കൂട്ടക്കാർ അരികിൽ വന്ന വലയിൽ അകപ്പെടും. അന്നെ രം വലക്കാരൻ വെഗം ചെന്നു ഒക്കയും പിടിച്ചകൊണ്ടുപൊരുന്നു. അല്പമായി കൂടുണ്ടാക്കി കഴഞ്ചിക്കുരു പ്രമാണത്തിൽ പതിനാറു മൊട്ട ഇട്ട സ്ത്രീ പൊരുന്നുന്നു പുരുഷന്ന കൂടിനെയും കുട്ടികളെയും കുറിച്ച വിചാരം ഒട്ടുമില്ല. മൊട്ടയിൽനിന്നു കുട്ടി പുറത്ത പൊന്നാൽ അപ്പൊൾതന്നെ ഭക്ഷണത്തിന്നായി പൊകും. പുരുഷൻ സ്ത്രീയ്യിനെ വിളിക്കുന്നത. വവ്വ വവ്വ വികവ്വിക്.

ശീമക്കൊഴി. നീലത്തിന്മെൽ വെളുത്ത പുള്ളിയുള്ള ഇവയുടെ സ്ത്രീപുമാന്മാരെ

അറിവാൻ വളരെ പ്രയാസമെങ്കിലും സൂക്ഷിച്ച നൊക്കുമ്പൊൾ പുരുഷന്നുള്ള താടക്ക അല്പം നീളം എറുന്നതുകൊണ്ട ഗ്രഹിക്കാം. കാപ്പ്രിയിൽ ഉറവുള്ള സ്ഥലങ്ങളിൽ കുളക്കൊഴിയെ പൊലെ ഇണങ്ങാതെ കൂട്ടമായി കാണും. രാത്രിയിൽ വൃക്ഷങ്ങളുടെ മുകളിൽ ഇരിപ്പ, കണ്ണ ശൂലമായ ശബ്ദം. സായ്പന്മാർ ഇണക്കി പറമ്പുകളിലാക്കി വളൎത്തു പൊരുന്നുണ്ട. എങ്കിലും എപ്പൊഴും ഒടിപ്പൊവാന്നും രാത്രിയിൽ കൂട്ടിൽനിന്നും പുറത്തു പൊകുന്നതിന്നും മൊട്ട ഇട്ടാൽ ഒളിച്ച വെക്കുന്നതിന്നും മറ്റുള്ള കൊഴികളൊട ഛിദ്രിപ്പാന്നും താല്പൎയ്യം കാണുകകൊണ്ട വളരെ പ്രയാസം. ആണ്ടിൽ എഴുവതും എണ്പതും മൊട്ട ഇടുന്നുണ്ടെങ്കിലും പൊരുന്നുന്നതിന്ന സ്ഥിരമില്ലായ്കകൊണ്ട മറ്റു കൊഴികളെക്കൊണ്ട പൊരുന്നിക്കുന്നു.

കല്ക്കം. അമ്രിക്കയിലുള്ള കാടുകളിൽ ഇണങ്ങാതെ പാക്കുന്നു. അവിടെനിന്ന ശീമയിലെക്കും ശീമയിൽ നിന്ന ഇവിടക്കും മറ്റു രാജ്യങ്ങളിലെക്കും കൊണ്ടു പൊയി വളക്കും. കറുത്തും വെളുത്തും നിറവും തലയിൽ കഴുകനെ പൊലെ തൂവലില്ലാതെയും. പറുപറുന്നനെ ഉള്ള തൊൽകൊണ്ട മൂടിയിരിക്കയും പുരുഷന്ന മാറിൽ ഒരു കുടുമ്മപൊലെ രൊമവും ▯ ജാതിക്ക സാമാന്യലക്ഷണം. ചുവന്ന വസ്തു കാണുമ്പൊഴും ചൂളം വിളികെൾക്കുന്നെരവും കൊപം പൂണ്ട തലയിലുള്ള മാംസം നീട്ടിതൂവ്വലുകൾ വിരിയിച്ച വാൽ പൊക്കി പരത്തിപ്പിടിച്ച ചിറകുകൾ കൊണ്ട തന്റെ മെൽ അടിക്കയും എകദേശം തുമ്മുന്നതുപൊലെ ഒച്ച പുറപ്പെടീക്കയും വലിയ ഗൎവ്വ നടിച്ച നടക്കയും ചെയ്യും. കൊഴിയെ പൊലെ സകല വസ്തുക്കളും തിന്നുമെങ്കിലും ബദാമിന്റെ അണ്ടിയും കാപ്പിയുടെ മട്ടും ഇവക്ക വിഷം. ബുദ്ധിയില്ലായ്മയിൽ ഇവന്ന തുല്യനായ ജന്തു ഇല്ല. ഇ വന്റെ പിന്നിൽകൂടി വന്ന മുമ്പിൽ വലുതായി ഒന്നു വരച്ചാൽ തന്റെ തലയിൽ ഇത വലുതായ ഭാരമെന്നൊൎത്ത ഇളകാതെ നില്ക്കും.

മയിൽ. എകദേശം കല്ക്കംപൊലെ ഇരിക്കുന്ന ഇവന്റെ സ്വദേശം ഇന്ദ്യ. എങ്കിലും പലരാജ്യങ്ങളിലെക്കും കൊണ്ടു പൊയി വളക്കുന്നു. തലയിൽ മൂന്നുശിഖയും കഴുത്തിൽ മിന്നുന്ന നീലനിറവും സ്ത്രീപുമാന്മാൎക്ക തുല്യം എങ്കിലും പുരുഷന്ന മൂന്നാം വയസ്സിൽ ചന്ദ്രകങ്ങളൊടു കൂടിയ ഒന്നരക്കൊൽ നീളത്തിൽ പീലികളുണ്ടാകും. ഇവയെ ആലവട്ടം കെട്ടുന്നതിനും മറ്റും അലങ്കാരങ്ങൾക്കും പ്രയൊഗിക്കുന്നു, സൎപ്പങ്ങളും ▯ച്ചയും പ്രിയ ഭക്ഷണം. ഇടിനാദം കെട്ടാൽ അതി സന്തൊഷം പൂണ്ട പീലികൾ പൊക്കി വിരിവരുത്തി ചന്ദ്രകങ്ങളെ വൃത്താകാരമായി പ്രകാശിപ്പിക്കയും രൊമാഞ്ചംപൊലെ തൂവ്വലുകളെയും എഴുനീല്പിച്ചുംകൊണ്ട ഒരു ഗൎവ്വഭാവം നടിച്ച നൃത്തംചെയ്യും. ഇവയിൽനിന്ന ഒരു വക എണ്ണ എടുക്കുന്നത നാഡികൾക്ക തളൎച്ചവരുത്തുവാൻ വിശെഷമെന്ന പ്രസിദ്ധം.

പടച്ചാവൽ. വലിപ്പത്തിലും നിറശൊഭയിലും മയിലിന്നതാഴയാകുന്നു. അത്യാവ

ശ്യങ്ങളിൽ പറക്കുന്നു. കിഴക്കൊട്ട ചെല്ലുന്തൊറും സൌന്ദൎയ്യം കൂടും. ചീനത്തുള്ള പൊൻപടച്ചാവലിനെ കാണുമ്പൊൾ വിസ്മയംതൊന്നും. ശീമയിൽ ചിലർ നല്ല വൃക്ഷങ്ങളൊട്ടുകൂടിയ രണ്ടുമൂന്നുനാഴിക വഴി ഒരു സ്ഥലം മാടികെട്ടി അതിന്നക ത്ത ഇവയെ ആക്കുന്നുണ്ട. അപ്പൊൾ അതിൽതന്നെ മൊട്ട കുട്ടികളോട്ടും കൂടി പുറത്തുപോകാതെ പാൎക്കയും ചെയ്യും.

കൊഴി. എല്ലാദെശങ്ങളിലും പലതരത്തിലും കാണ്കകൊണ്ട വൎണ്ണിക്കുന്നില്ല. ചില ദെശങ്ങളിൽ കൊഴിയങ്കം ചെയ്യിക്കുന്നത മഹാ ക്രൂരക്കളി. ലക്ഷണമുള്ള കൊഴിച്ചാത്തൻ രാത്രി മൂന്നുമണിക്ക കൂകും. വിത്ത്യാസമില്ല. ചുണ്ണാമ്പ തിന്മാൻ ഇട വന്നില്ലങ്കിൽ മൊട്ട ഒടില്ലാതെ തൊലി മാത്രമായിരിക്കും. എജിപ്തയിൽ കച്ച വടത്തിന്നായി വളരെ കൊഴിക്ക ആവശ്യമുണ്ടാകകൊണ്ട ആയിരം രണ്ടായിരം മൊട്ടയെ അപ്പം ചുടുന്നതിന്നുള്ള ബൊമ്മപോലെ ഉണ്ടാക്കി അതിന്നകത്ത വെച്ച കൊഴിവരുത്തുന്നതുപൊലെ ചൂടുവരുത്തുമ്പോൾ താനെ തന്നെ കുട്ടിക ളാകുന്നതുകൊണ്ട ഇഷ്ടം സാധിക്കുന്നു. ചാത്തനെ ഉടെച്ചാൽ മാംസത്തിന്ന രുചിയെറുമെങ്കിലും ഉടെച്ച കലയുടെ കൊമ്പ വീഴാതിരിക്കുന്നതുപോലെ ഇവന്റെ തൂവലുകളും ഉതിരുകയില്ല.

ൻ൩–ം അദ്ധ്യായം – ഒട്ടകപക്ഷി പൊലെ ഉള്ളത

ഒട്ടകപ്പക്ഷി. എല്ലാ പക്ഷികളിലും വലിയവൻ. കറുത്ത തൂവലുകളെങ്കിലും ചിറകുകൾ വെളുത്തും മൂന്നുകാൽ പൊക്കവും ഉള്ള ഇവ കാപ്പ്രിയിൽ കൂട്ടമായി പാൎക്കുന്നു. പുല്ലും ധാന്യങ്ങളും തിന്നും. പറക്കാൻ വഹിയാത്തവയെങ്കിലും ചിറകു വീശി പാഞ്ഞാൽ നല്ല കുതിര ഒടി ഒപ്പം എത്തുകയില്ല. ഇണങ്ങിയാൽ രണ്ടു മനുഷ്യരെ ചിറകിന്മെൽ വഹിച്ചുകൊണ്ട ഒടും. രണ്ടു കൊൽ താഴ്ചയിൽ ഒരു കുഴി ഉണ്ടാക്കി അതിൽ എകദെശം പാണ്ടിക്കുമ്പളങ്ങയുടെ വലിപ്പത്തിൽ അമ്പത മൊട്ട ഇട്ട മുക്കാൽ വാശിയും നടുക്കും കാൽ കൊൽ ദൂരത്തിങ്കൽ ചുറ്റുമാ യി കാൽ വാശിയും വെക്കും. ചുറ്റുമുള്ളത ഉണ്ടാകുന്ന കുട്ടികൾക്ക ഭക്ഷണത്തിന്നാ യി ശെഖരിച്ചിരിക്കുന്നു എന്നൊരു കെൾവി ഉണ്ട. മണലിൻ ചൂട കാരണത്താൽ ചില ദിക്കിൽ പൊരുന്നുവാനാവശ്യമില്ല. താനെ പൊട്ടി കുട്ടികളുണ്ടാകും. ചിറ കുകളിലും വാൽമെലും ഉള്ള തൂവലുകൾ ബഹുമയവും ശോഭയുമുള്ളതാകകൊണ്ട മദാമ്മമാർ ഒരു തൂവലിന്ന പന്ത്രണ്ടു രുപാ വരയും വില കൊടുത്ത വാങ്ങിച്ച അലങ്കാരമായി തൊപ്പിമെൽ വെക്കുന്നുണ്ട.

എമ്യൂ. ഇത വലിപ്പത്തിൽ ഒട്ടകപ്പക്ഷിക്കടുത്തിരിക്കുന്നത. ഒസ്ത്രാലിയായിൽ മാത്രം കാണും. ഒടുന്നതിന്ന സഹായിപ്പാൻ പൊലും ചിറകിന്ന വലിപ്പമില്ല.

ശരീരം മുഴുവനും മൂടിയിരിക്കുന്ന രൊമം ഇരുപുറമായി വിഭാഗിച്ച വീണു കിടക്കും പിടിപ്പാൻ വരുന്ന നായ്ക്ക ഇവന്റെ ഒരു ഉതകൊണ്ടാൽ കാല ഒടിഞ്ഞു പൊകും. മറ്റു പക്ഷികളെ പൊലെ ഇതിന്ന കക്കയില്ല. എഴ എട്ട കുപ്പി എണ്ണ ഇവനിൽനിന്ന കിട്ടുന്നതു കൊണ്ട കൊല്ലുന്നു.

കസൊവാരി. യാവയിലും അതിന്നടുത്ത ദ്വീപുകളിലും കാണും. എമ്യൂ പൊലെ ശരീരം മുഴുവനും രൊമംകൊണ്ട മൂടിയിരിക്കുന്നെങ്കിലും കൊഴിച്ചാത്തനെ പൊലെതാടയും. തലക്കൊരികയും ഉണ്ട. ചിറകുകൾക്ക തുവലല്ല. മുള്ളനെ പൊലെ ഇരുവശത്തും അയ്യഞ്ച മുള്ളുകൾ മാത്രം. പന്നി മുരളുന്ന പൊ ലെ ശബ്ദം. പിടിച്ച വളൎത്തിയാൽ ദിവസം മൂന്നു റാത്തൽ അപ്പവും ഒരു കൊട്ട വെനപ്പഞ്ചയുടെ ഫലങ്ങളും തിന്നും.

**൭-ാം അദ്ധ്യായം - കാൽ വിരലിടകളെ തൊൽ കൊണ്ട കെട്ടിയിരിക്കുന്ന പക്ഷികൾ**

ഞാറപ്പക്ഷി. വെളുപ്പൊട്ട കൂടിയ കറുത്ത തുവലുകളും തലയിൽ മൂന്നു ശിഖയും ചിറകിന്നകം വെളുത്തും ഇവയുടെ സാമാന്യ ലക്ഷണം. കൂൎത്ത നീണ്ടിരിക്കുന്ന മഞ്ഞക്കൊക്കു കൊണ്ട മീനിനെ കൊത്തിപ്പിടിക്കുന്നു. ഇടിമുഴക്കം കെൾക്കുമ്പൊൾ എപ്പൊഴും ഞെട്ടി ഒരുക്കൊൽ പൊക്കത്തിൽ മെല്പട്ട ചാടും. കാലത്തും വൈകുന്നെരത്തും സൂൎയ്യന്ന അഭിമുഖമായെത്രെ മീൻ പിടിപ്പാൻ പൊകുന്നത. ഉയൎന്ന വൃക്ഷങ്ങളുടെ കൊമ്പുകളിൽ കൂടുണ്ടാക്കി പച്ച നിറത്തിൽ നാലു മൊട്ട ഇട്ട പൊരുന്നുന്നു. കുട്ടി ആയാൽ മീൻ കൊടുത്ത വളൎത്തുന്നു.

വെളിര. ചിറകും കഴുത്തും വാലും കാലും ഒട്ടു കറുത്തും അകത്തുപാട്ടിൽ മങ്ങിയ വെളുപ്പും നിറം. കഴുത്തിൽ നിന്ന വാൽ വരക്കും ഒരു ചെമ്പിച്ച രേഖയുമുണ്ട. കൃമി പുഴ അച്ചും ചില സസ്യങ്ങളും തിന്നും. ദഹനത്തിന്നായിട്ട ചരല വിഴുങ്ങുന്നു. ഒരു കാലിന്മെൽ ഉറച്ചുനിന്ന മറ്റെക്കാൽ മെല്പട്ട പൊക്കിപ്പിടിച്ച ഉറങ്ങുന്നത ജാത്യം. ചില ജാതിക്കാൎക്ക ഇവയുടെ മാംസം വിശെഷ ഭക്ഷണം.

കൊറ്റി. ചുമലിലും ചിറകുകളിലും കറുത്ത തുവലുകൾ കു റെ ഉള്ളതല്ലാതെ ശെഷം ഒക്കയും വെളുത്തനിറം. തവള പാമ്പ ഒന്ത വക തിന്നുകകൊണ്ട ഇതിനെ ആരും ഉപദ്രവിക്കുന്നില്ല. പെക്കാന്തവള ഇതിനാൽ ത്യജിക്കപ്പെട്ടത. പല്ലില്ലാത്ത വൃദ്ധന്റെ ശബ്ദംപൊലെ ഒച്ച. വസന്തകാലത്തിങ്കൽ മാത്രം വടക്കെദിക്കിൽ പൊയി പള്ളികളിലും ഗൊപുരങ്ങളിലും കൂട കൂട്ടി രണ്ടുമൂന്നുമാസം താമസിച്ച മൊട്ടഇട്ട പൊരുന്നുന്നു. തണുപ്പ പിടിച്ചാൽ അപ്പൊൾ പൊരികയും പിന്നെയും വസന്തം വരുമ്പൊൾ ചെന്ന മുമ്പിൽ ഉണ്ടാക്കിയിരുന്ന കൂട്ടിൽ തന്നെ ജൊടായി

പാക്കയും ചെയ്തു പൊരുന്നത പതിവാകകൊണ്ട അവിടത്തുകാർ കൊറ്റിവന്ന വസന്തമായി ഉഴുകയും മറ്റു കൃഷിവെലകളും ചെയാമെന്ന പറയുന്നുണ്ട.

പാണ്ട്യാലൻ. കൊക്കിന്റെ വലിപ്പംകാണുന്ന ഇത വയലരികെ ഉള്ളകാട്ടുകളിലും കണ്ടങ്ങളിലും ഇരിക്കും. കറു ത്ത ശരീരമുള്ള ഇതിന്റെ പൃഷ്ഠത്തിങ്കൽ വെളുത്തും ഭംഗിയെറിയതുമായ പൊകുടരൊമങ്ങളുള്ള തുവലുകൾ ഉണ്ടാകയാൽ അലങ്കാരത്തിന്ന അതെടുപ്പാൻ വെടിവെക്കുന്നു. യാവയിലും സുമദ്രയിലുംപാത്തയെപൊലെ ഇണങ്ങി തെരുവീഥികള ൽ സഞ്ചരിക്കുന്നുണ്ട.

കൊക്ക. സൎവ്വാംഗവും വെളുത്ത നിറം. ശരീരപുഷ്ടി കുറഞ്ഞും കാലും കഴുത്തും കാലും നീണ്ടും ഇതിന്റെ ആകൃതിയാകുന്നു. പറക്കുന്നെരം കഴുത്ത ചുരുക്കുന്നത മാറിൽ ഒരു മുഴപൊലെ തൊന്നും. പാടങ്ങളിലും കായലുകളിലും കിട്ടുന്ന ജന്തുക്കളെ തിന്നുന്നു.

ഇബിസ. പൂവ്വങ്കൊഴിയുടെ വലിപ്പം. കൊക്കും കാലും തുവലിന്റെ തുമ്പും കറുത്തിരിക്കുന്നതൊഴികെശെഷം വെളുത്തനിറം. എജിപ്തയിൽ നീൽ എന്ന നദി ആണ്ടിൽ ഒരിക്കൽ കവിഞ്ഞ ഒഴുകുന്ന കാലത്തെ വരികയും നിലെച്ചാൽ പൊകയും ചെയ്യുന്നതിനാൽ അവിടത്തുകാർ ഇതൊരു ദിവ്യപക്ഷിയെന്നൊത്ത അമ്പലങ്ങളിൽ വളക്കയും വന്ദിക്കയും ചത്താൽ സുഗന്ധതൈലം പൂശി മനുഷ്യരെപൊലെ അടക്കുകയും ആരെങ്കിലും ഉപദ്രവിച്ചാൽ മരണശിക്ഷ ചെയ്കയും ചെയ്യുന്നു. കൊക്ക തിന്നുന്നതൊക്കയും തിന്നും.

ഫ്ലമിങ്ഗൊ. ഇത മൊട്ടയിൽനിന്നും പുറത്താകുന്നെരം തവിട്ടുനിറവും ക്രമത്താലെ മാറിമാറി നാലാം വൎഷമാകുമ്പൊൾ വാലും കൊക്കും കറുത്തും ശെഷം രക്തവൎണ്ണവുമാകും. കാലിന്ന ഒരുക്കൊൽ പൊക്കം. കാൽമടക്കി ഇരിക്കുന്നതിനുള്ള പ്രയാസം കാരണത്താൽ മുക്കാൽകൊൽ പൊക്കത്തിൽ മണ്ണുകൊണ്ട കൂട്ടുണ്ടാക്കി അതിൽ രണ്ടുമൊട്ട ഇട്ട പൊരുന്നും സമയം കസെരമെൽ ഇരിക്കുന്നതുപൊലെ കാൽ പുറത്തെക്ക നീട്ടിയിരിക്കുന്നു. ഇതിന്റെ തലച്ചൊറും നാക്കും ഭക്ഷണത്തിന്നായിട്ട വളരെ വിലകൊടുത്ത മെടിക്കും. തുവലുകൾ അലങ്കാരത്തിന്നും പ്രയൊഗിക്കുന്നു.

കുളക്കൊഴി. കണ്ണിന്റെ തടങ്ങളും മാറും വെളുത്തിരിക്കുന്നതൊഴികെ ശെഷം കറുത്തനിറം. കുളങ്ങൾക്കും കായലുകൾക്കും സമീപിച്ച കാട്ടുകളിൽ ഇരിപ്പ.

**വ്വ–ം അദ്ധ്യായം – നീന്തുന്ന പക്ഷികൾ**

കപ്പൽപക്ഷി. ഇവ നീന്തുന്ന പക്ഷികളിൽ എല്ലാറ്റിലും വലിപ്പമുള്ളത. രണ്ടു ചിറകും പരത്തിയാൽ ആറുകൊൽ വിസ്താരമുണ്ട. നിറം വെളുപ്പ. ശീമയിൽനിന്ന

കപ്പൽ കാപ്രിക്ക ചുറ്റി പൊരുമ്പൊൾ തെക്കുള്ള ഭാഗത്ത വച്ച ഇവയെ അസംഖ്യമായി കാണം. ചിലപ്പൊൾ കരയിൽനിന്ന അഞ്ഞൂറുനാഴിക ദൂരംവരെക്കും പറന്നുപൊകും. പറക്കുന്ന മീനിനെ പിടിച്ച തിന്നും. കപ്പലിൽനിന്ന വല്ലതും എറിഞ്ഞുകൊടുത്താൽ എടുത്ത തിന്ന രണ്ടുമൂന്ന ദിവസത്തെക്ക കപ്പലിന്റെ കൂടെ പൊരുന്നതിനാൽ കപ്പൽ പക്ഷി എന്ന പെർ കിട്ടി.

ഫെലികാൻ. ഹംസത്തിൽ അല്പം വലിപ്പംകൂടിയവൻ. വെളുത്തനിറം. നീണ്ടിരിക്കുന്ന കൊക്കിന്റെ തുമ്പ കൊളുത്തു പൊലെ വളഞ്ഞും ചുവട്ടിൽ ഇരുപതുറാത്തൽ വെള്ളംകൊള്ളുന്നതായി ഒരു സഞ്ചിയും ഉണ്ട. കുഞ്ഞുങ്ങളെ വളക്കുന്ന സമയം  സഞ്ചിയിൽനിന്നും ചെറിയ മീനുകളെ തെട്ടികൊടുക്കും, ചിലപ്പോൾ കൂട്ടമായികൂടി വെള്ളത്തിൽ വട്ടമിട്ട നീന്തിചിറകുകൊണ്ട മീനുകളെ അടച്ചടിച്ച കൂട്ടി എല്ലാവരും കൊത്തി കൊക്കിൽ നിറച്ചതിന്റെശെഷം കരയിൽ പൊയി തിന്നിറക്കുന്നു. കഴുത കരയുന്നതുപൊലെ ശബ്ദം.

ഹംസം. വെളുത്തും കറുത്തും രണ്ടുവക ഉള്ളതിൽ ആകൃതികൊണ്ട വെളുത്തവൻ അധികം സുന്ദരൻ. കായലുകളിലും കുളങ്ങളിലും ഉണ്ടാകുന്ന പുല്ലുകളും അതിന്റെ വെരും മണിയും തിന്നും. ഇണചെരുന്നസമയമല്ലാതുള്ള നെരമൊക്കെയും സാധുസ്വഭാവം. ശീമയിൽ സായ്പന്മാർ പറമ്പിലുള്ള കുളങ്ങളിൽ ഇവയെ കാഴ്ചക്കായി വളർത്തുന്നു. സ്വൎണ്ണവൎണ്ണവും സംസാരിപ്പാൻ ശീലമുള്ളവയുമായ ദിവ്യഹംസങ്ങളുണ്ടെന്ന പറയുന്ന കഥകൾ സ്വപ്നസമം.

ഇരണ്ട. ഇവക്ക ചെമ്പിച്ച നിറത്തിന്മെൽ തവിട്ടുനിറത്തിലും കറുത്ത ഛായയിലും പുള്ളികളുണ്ട. കായലുകളിലെ കൊത്തച്ചണ്ടിന്മെൽ കൂട്ടുകൂട്ടി മൊട്ട ഇടുകയും വസിക്കയും ചെയ്യുന്നു. ഭക്ഷിപ്പാനായി ഇതിനെ പിടിച്ച കൊല്ലും.

താറാവ. ഇവക്ക ഇരണ്ടയിൽ വലിപ്പം കൂടും. വളൎത്തി ഭക്ഷണത്തിന്ന മാത്രമായി ഹിംസിക്കുന്നു.

വാത്ത. പല നിറത്തിലും ഉണ്ട. ഭക്ഷണത്തിനും പ്രത്ത്യെകമായി തൂവൽ കിട്ടുന്നതിന്നും വളൎത്തുന്നു. കീഴ്വശത്തിരിക്കുന്ന തൂവലുകൾ ആണ്ടിൽ രണ്ടും മൂന്നും പ്രാവശ്യം പറിച്ചെടുത്ത മെത്ത ഉണ്ടാക്കുന്നതിന്ന ഉപകരിപ്പിക്കുന്നു. ചിറകുകളുടെ അറ്റത്തിരിക്കുന്ന നാലും അഞ്ചും തൂവലുകൾ കടലാസെഴുതുവാൻ എത്രയും ഗുണമുള്ളത. പുല്ലുകൊണ്ടുതന്നെ ഉപജീവനം കഴിക്കുന്നത  പക്ഷിമാത്രം.

ഒന്രുക്ക. നന്നെ ചെറിയ ചിറകുകളും ശരീരത്തിന്റെ അവസാനത്തിങ്കൽ കാൽകളും ഇരിക്കകൊണ്ട നെരെനിവിന്ന നില്പാൻ ഇതിന്ന ശക്തി ഉണ്ട. തണുപ്പുള്ള കായലുകളിൽ എപ്പൊഴും നീന്തിയും മുങ്ങിയും മീൻപിടിക്കുക ശീലം.

## ൩-ം പൎവ്വം - ഇഴജന്തുക്കൾ

നാഡിയിൽ ഒളിക്കുന്ന രക്തത്തിന്ന തണുപ്പുള്ളതുകൊണ്ട മൂടലായിട്ട രൊമമെങ്കി ലും തുവലെങ്കിലും ആവിശ്യമില്ല. സഞ്ചാരത്തിങ്കൽ ഇവ ബഹു മാന്ദ്യക്കാരെത്രെ. ദഹനത്തിന്റെ വിളംബനം നിമിത്തമായിട്ട ചിലതിന്ന മാസത്തിൽ ഒരിക്കലും മറ്റു ചിലതിന്ന ആണ്ടിൽ ഒരിക്കലും ഭക്ഷണം കിട്ടുന്നെങ്കിൽ ദുഃഖമില്ല. പക്ഷിക ളെപൊലെ മൊട്ട ഇടുന്നെങ്കിലും പൊരുന്നെണ്ടാ. ഭക്ഷിക്കുന്നതിനെ കടിക്കാതെ തുപ്പൽ പരത്തി മയം ഉണ്ടാക്കി ഒന്നായിട്ട വിഴുങ്ങുകയും ദഹിക്കാത്ത ഛൎദ്ദിക്ക യും ചെയ്യുന്നു.

### ൧-ം അദ്ധ്യായം

കടലാമ. മൊട്ട ഇടുവാനല്ലാതെ ഇവ കരയിൽ വരികയില്ല. പിങ്കാലുകളെക്കാൾ മുങ്കാലുകൾക്ക നീളം അധികമുണ്ട നഖങ്ങൾ ഇല്ല. തലയും കാലും ഓടിന്നകത്ത വലിപ്പാൻ പാങ്ങില്ല. പച്ചനിറത്തിൽ ഒരു വകെക്ക മൂന്നുകൊൽ നീളവും രണ്ടു കൊൽ വിസ്താരവും ഉണ്ട. എണ്ണൂറ റാത്തലൊളം തൂക്കംകാണുന്നതിൽ പാതി ഒട്ട ഉണ്ട. ഇതിന്റെ മെലെ ഒരു വണ്ടിപൊയാൽ ദൊഷം വരികയില്ല. ആണ്ടിൽ മൂന്നുപ്രാവശ്യം മനുഷ്യർ സഞ്ചരിക്കാതെയും തിര അടിക്കാതെയുമുള്ള കരയിൽ കെറി ഒരു കുഴിയുണ്ടാക്കി അതിൽ നൂറുമൊട്ട ഇട്ട മണ്ണുകൊണ്ടു മൂടി വെള്ളത്തി ലെക്ക തന്നെ പൊകും. സൂൎയ്യരശ്മികൊണ്ടചൂടുപിടിച്ച കുട്ടികളായാൽഉടനെ അവയും സമുദ്രത്തിലെക്കിറങ്ങും. പിച്ചാങ്കത്തിപ്പിടി നാസികാചൂൎണ്ണപ്പെട്ടി ചിപ്പ  വക പണികൾക്ക ഉണ്ണമെറിയ ഒട്ടുള്ള ജാതിയുടെമാംസം തിന്നുമാറില്ല.

വെള്ളാമ.  ജാതിക്ക മൂൎച്ചയുള്ള നഖങ്ങളും കാലും തലയും ഓടിൽ ഒളിപ്പിപ്പാൻ കഴിവുണ്ട. ഒരില്ലാതുള്ള വെള്ളത്തിലിരിക്കുന്ന പുഴു മത്സ്യം പുല്ല ഇവ തിന്നും. മാസത്തിന്നും മൊട്ടെക്കുമുള്ള രുചിനിമിത്തമായി ചിലർ ഇവയെ വളൎത്തുന്നു. കരാമ. ഇരുപുറത്തെക്കും ചാഞ്ഞിരിക്കുന്ന ഒട്ടും ഒടിഞ്ഞതുപൊലെ ഉള്ള കാൽകളിൽ മുമ്പിലെതിന്ന അഞ്ചു നഖങ്ങളും പിങ്കാലിന്ന നാലു നഖങ്ങളും ഉണ്ട. തലയും കാൽകളും ഒടിൽ ഒളിപ്പിപ്പാനുള്ള ഉപായവും കൂടെ ഉണ്ട. സസ്യങ്ങൾ മാത്രം ഭക്ഷണം. ദീൎഘായുസ്സുള്ള  ജാതിയിൽ ഒന്ന ശീമയിൽ ഒരു സായ്പിന്റെ പറമ്പിൽ ൨൨൦ വൎഷം ജീവിച്ചു.

### ൨-ം അദ്ധ്യായം - പാമ്പുകൾ

൫൦൦ വക ഉള്ളതിൽ വിഷമുള്ളതും ഇല്ലാത്തതുമായിട്ട വിഭാഗിക്കുന്നു. വി

ഷമില്ലാതവക്ക മുകളിൽ രണ്ടുവശത്തും  രണ്ടുവരിയും താഴെ ഒരൊവരിയും പല്ലുകൾ ഉണ്ട. വിഷമുള്ളവക്ക താഴെ ഒരു വരിമാത്രം. മുകളിൽ രണ്ടുവശത്തും ഇളക്കമുള്ളതായി നീണ്ടിരിക്കുന്ന ഒരൊ പല്ലുകൾ കാണുന്നത കുഴലാക കൊണ്ട കടിച്ചമക്കുമ്പൊൾ പല്ലിന്റെ കടെക്കൽ ഒളിച്ചുകിടക്കുന്ന വിഷപാത്രം ഇളകി പല്ലിന്നകത്തുകൂടി കൊൾവായിൽ വിഷം ഇറങ്ങും. കാലില്ലാത്തതിനാൽ വാരിയെല്ലുകൊണ്ട ഒത്തിനടക്കുന്നു. മൊട്ട ഇടുന്നെങ്കിലും ഒടില്ലാതെ വെളുത്ത തൊലി മാത്രം ഉണ്ട.  രണ്ടുമാസം കൂടുമ്പൊൾ പടംകഴിക്കുന്നത ഒരു ഉറപൊലെ.

പെരുമ്പാമ്പ. ഇതിന്ന പതിനഞ്ചുകൊലൊളം നീളവും ആട കുറുക്കൻ നായ ഇവയെ വിഴുങ്ങുവാൻ തക്കവണ്ണം വായും ഉണ്ട. നൃത്തയിൽ കണിപൊലെ ശരീരം വളച്ചുവെച്ച ജന്തുക്കൾ കടക്കുന്നെരം കിട്ടുക്കനെ മെൽ ഇട്ട അമത്തി എല്ലുകൾ ഞെരിച്ച പതുക്കെ തല കൊണ്ടുവന്ന വിഴുങ്ങുന്നു. ചെമ്പിച്ചതിന്മെൽ കറുത്ത പുള്ളിനിറം. വലിയ കാട്ടുകളിൽ ഇരിപ്പ. ഭക്ഷണം കഴിഞ്ഞാൽ വിശപ്പു ണ്ടാകുന്നവരക്കും ഒരു ജീവശ്ശവം പൊലെ കിടക്കും. വിഷമില്ല.

പത്തിപാമ്പ. വ്ധന്റ ജാതി ഉള്ള ഇവക്ക എല്ലാറ്റിന്നും പടമുണ്ട. കുട, തൊട്ടി മുതലായ ഭാഷയിൽ പടത്തിന്മെൽ കാണുന്ന കറകണ്ടും കൊണ്ട ജാതിഭെദ ങ്ങളെ ഗ്രഹിക്കാം. സ്വൎണ്ണം, തവിട, മഞ്ഞൾ ഇവയുടെ നിറങ്ങളിൽ കാണും. കടിച്ചാൽ വിഷം എത്രയും വെഗം കെറുന്നതുകൊണ്ട മരിക്കുന്നതെ എറൂ. കുറ വന്മാർ പിടിച്ച കൂട്ടിലാക്കി കൊണ്ടുനടന്ന ആടിച്ച ഉപജീവനം കഴിക്കുന്നുണ്ട.

കുടുകുടപ്പാമ്പ. വാലിന്റെ അറ്റം ചിരട്ട കൂട്ടിച്ചെത്ത്വെച്ചതു പോലെ ആകകൊണ്ട ഇളകുന്നെരംകുടു കുടു എന്ന ശബ്ദം ഉണ്ടാകുന്നതിനാൽ ഇതിന്ന  പെർ കിട്ടി. വള കഴിക്കുന്നെരം ഒരു എപ്പു കൂടി കൂടുമെന്നാരു കെൾവി ഉണ്ട. ഇത ആമ്രിക്കയിൽ മാത്രം കാണും. വിഷം വളരെ ഉണ്ടെങ്കിലും എറെ ഉപദ്രവിക്കുന്നില്ല. ചില ജാതിക്കാർ തല വെട്ടിക്കളഞ്ഞ മാംസം ഭക്ഷിക്കും. ഇവയിൽനിന്നെടുക്കുന്ന നെയ്യ  പാമ്പുകളുടെ കടിക്ക നല്ല ഔഷധം. മറ്റു ചില വിഷക്കാരെ പൊലെ ഇവ ജീവനുള്ള കുട്ടികളെ പ്രസവിക്കുന്നു പ്രസവിക്കുന്നത അണ്ഡം പൊട്ടുന്ന തുകൊണ്ടത്രെ എന്ന പറയുന്നു ആപത്തിങ്കൽ സ്വന്തക്കുട്ടികളെ വിഴുങ്ങുകയും ഒഴിഞ്ഞാൽ കാലുകയും ചെയ്യും.

മണ്ഡലി. സാമാന്ന്യമായി പതിനാറു ജാതി. പടമില്ലാതുള്ള ഇവക്ക പല നിറങ്ങളും വട്ടത്തിൽ പുള്ളികളും കാണും. രണ്ടു കൊലിൽ അധികം നീളം ഉണ്ടാകയില്ല. ചുമര, കിണറ, കുളം, കാട, പടല, ഇവയിൽ ഇരിപ്പ. വിഷം നന്നെ ഉണ്ടെങ്കിലും മൂക്ക്വന്റെ പൊലെ വെഗം ഇല്ല. ജാതി ഭെദം പൊലെ കടിക്കും വിഷത്തിന്നും വ്യത്യാസം ഉണ്ട എങ്കിലും സാമാന്യമായി പറയുന്നതാവിത. കടിച്ച കുഴയിൽ അതിവെദന. കെറുന്നതിന്ന അസ്ത്രം പൊലെ ഉള്ള നമ്പരം.

കണ്ണുനീരൊഴുകുക. ഛർദ്ദി. ശ്വാസംമുട്ടല. തലചുറ്റല. പരിഭ്രമം. വായിൽനിന്ന വഴുക്കനെ നീരൊഴുകുക. ശ്വാസവായുവിന്ന അതിദുർഗ്ഗന്ധം. മൊഹാലസ്യം. എല്ലാ ദ്വാരങ്ങളിൽനിന്നും രക്തപ്പുറപ്പാട, സന്ധികളുടെ തളച്ച്. മരണം ഇവ വിഷ ചിഹ്നനങ്ങൾ. കടിച്ച കുഴിയിൽതന്നെ വിഷം ഇരിക്കുന്നെരം മെൽവശം കണ്ട മുറുക്കികെട്ടി കുഴയിൽ പഴുപ്പിച്ച വെക്കുന്നതും വാ വെച്ച വലിക്കുന്നതും ചൂന്നെടുക്കുന്നതും തൽക്കാല ചികിത്സ. മെല്പട്ടു കെറിയാൽ വെറിട്ട വഴി നൊക്കണം. മരിച്ചാൽ നല്ല വിഷത്തിന്ന ശരീരം മുഴുവനും നീല വർണ്ണമാകും.

കുരുടിപ്പാമ്പ. വള ഇല്ലാതെ കറുത്ത നിറവും തലയും വാലും ഒരുപൊലെയുമിരിക്കുന്ന ഇവക്ക ആറു മാസം ഇര കിട്ടാതിരുന്നാൽ ദുഃഖമില്ല. മുമ്പൊട്ടും പിന്നൊക്കവും ഒരുപൊലെ സഞ്ചരിപ്പാൻ സ്വാധീനവും ഉണ്ട.

൩-ം അദ്ധ്യായം

പല്ലി. ഒട്ടു വെളുത്ത ഒരു വകയും വലിപ്പത്തിൽ അല്പം കൂടി കറുത്ത നിറത്തിന്മെൽ വെളുത്ത പുള്ളിയുള്ളതായി മറ്റൊരു വകയും ഇദ്ദിക്കിൽ കണ്ടുപൊരുന്നു. കൂറാൻ. പാറ്റ. ച്ച. പുഴു ഇവ തിന്നും. ഇന്ന ദിക്കുകളിലിരുന്ന ശബ്ദിച്ചാൽ ഇന്നിന്ന ഫലമെന്ന ഒരു പ്രമാണം പറയുന്നുണ്ട. എങ്കിലും ദൈവത്തിന്റെ സവ്വജ്ഞത്വത്തെ അറിയാത്തവക്ക മാത്രംആ ചട്ടം.

അരണ. ചുവട്ടിൽ മഞ്ഞയും മുകളിൽ മങ്ങിയ പച്ചയും നിറം. ഒരുത്തന്റെ ബുദ്ധക്ക അധികം മറിവുണ്ടെങ്കിൽ അരണയുടെ ജീവനൊ എന്ന അവനൊട ചൊദിക്കുമാറുണ്ട. ഇത്ര മറിവുണ്ടായിട്ട ഒരു ജന്തുവും ഇല്ലന്ന  പഴഞ്ചൊല്ലിന്ന താല്പയ്യം. ഇത നെരിട്ടൊടി വന്ന അടുക്കുമ്പൊൾ കുറെ താമസിച്ച തിരികെ പൊകുന്നതിനാൽ വിചാരിച്ച കായ്യം മറക്കകൊണ്ട തിരികെ പൊയെന്നപറയുന്നത യുക്തമല്ല.

ഓന്ത. പച്ച. മഞ്ഞ. തവിട  മൂന്നു വക ഉള്ളതിൽ ഒട്ടുക്കത്തെവൻ മാത്രം കൂടെ കൂടെ നെടുവീപ്പിടുകയും തലകുലുക്കുകയും ചെയ്യുന്നെരം പല നിറങ്ങളും മാറിമാറി കാണാം. കടിച്ചു എന്ന കെൾവിപോലുമില്ല.

പറൊന്ത. ഇതിന്ന മീശയും രണ്ട ചിറകുമുണ്ട. ച്ചയും മറ്റു പിടിച്ച തിന്നുന്നതിന്നായി ഒരു വൃക്ഷത്തിന്മെൽ നിന്ന മറ്റൊന്നിന്മെൽ പറന്ന വീഴും. നടപ്പാൻ പ്രയാസമാകകൊണ്ട നിലത്തിറങ്ങുന്നത അപൂവ്വം. വെള്ളത്തിൽ നീന്തും. താടിക്ക താഴെ ഒരു സഞ്ചി ഇതിന്നുള്ളതിൽ ആദ്യം ച്ചയെ പിടിച്ച നിറച്ച പിന്നെ തെട്ടിതിന്നും.

ഉടുമ്പ. ഇതിന്റെ പുറഭാഗത്ത കഴുത്തിൽനിന്ന തുടങ്ങിവാലറ്റം വരെക്കും അറക്കവാളിന്റെ പല്ലുപൊലെ ഒരു വകകാണും. താടിക്ക താഴെ തൂങ്ങിയിരിക്കുന്ന

വലിയ സഞ്ചിമെല്ലും ഇങ്ങിനെ തന്നെ. പൂവ്വും ഇലയും മാത്രം തിന്നും. കടിക്ക വിഷമില്ല. എങ്കിലും നമ്പരം നന്നെ ഉണ്ടാകും. നീന്തുവാൻ നല്ല ശീലം ഉണ്ട. ഇതിന്റെ മാംസം വളരെ രുചിയുള്ളതാകകൊണ്ട പലരും തിന്നുന്നു.

ചീങ്കണ്ണി. ഇതിന്ന ഒന്നരക്കൊൽ മുതൽ എട്ടകൊല്വരക്കും നീളം കാണും. അകത്തുപാട വെളുത്ത മയമുള്ളതും ശെഷം ചട്ടപൊലെ കഠിനമായ തൊലും പുറത്ത മുഴമുഴയായി നീളത്തിൽ ആറ രെഖയും ഇതിന്റെ അടയാളം. മുൻകാലുകൾക്ക തൊൽകൊണ്ട കെട്ടപ്പെടാതെ അഞ്ച വിരലുകളും പിൻ കാലുകൾക്കുള്ള നാലു വിരലുകൾ നെത്ത തൊലുകൊണ്ട കെട്ടപ്പെട്ടുമിരിക്കും. ഭൂമിയിൽ ഒടുമ്പോൾ വെള്ളത്തിലെപൊലെ വെഗമില്ല. രാത്രിയിൽ കരയിൽ കെറി സഞ്ചരിച്ച പശുക്കുട്ടി നായ മുതലായതിനെ പിടിച്ച തിന്നും. ശബ്ദം എകദെശം പുലി ഉരമ്പുന്നതിന്നൊക്കും. ഇവ വെള്ളത്തിൽ നിന്നും കെറി ഒരു കൊൽ താഴ്ചയിൽ ഒരു കുഴി കരയിൽ മാന്തി ഉണ്ടാക്കി അതിൽ പാത്തമൊട്ട പൊലെ ആണ്ടിൽ അറുവത മൊട്ട ഇട്ട മൂടി പൊകുന്നു. മൊട്ട താനെ പൊട്ടി കുട്ടികളാകുന്നെരം ആറുവിരൽ നീളം. പതുക്കെ വൎദ്ധിക്കുന്നതുകൊണ്ട നൂറുവൎഷം വരെക്കും ആയുസ്സുണ്ട. വായയുടെ താഴെ ഭാഗത്തും പൃഷ്ഠത്തിങ്കലും കസ്തൂരി ഉള്ളവയെത്രെ. മുമ്പെ എജിപ്തക്കാർ ഇതിനെ ദിവ്യജന്തു എന്ന വിചാരിച്ചിട്ട അമ്പലത്തിൽ ചുറ്റിന്നകത്ത കുളം ഉണ്ടാക്കി അതിൽ വളൎക്കയും പൂജിക്കയും വിശെഷ ദിവസങ്ങളിൽ പുറത്തെഴുന്നള്ളിക്കയും മാല അലങ്കരിക്കയും ചത്താൽ രാജാവിനെ പൊലെ സുഗന്ധ തൈലം പൂശി അടക്കയും ചെയ്തിരുന്നു. കാഫ്രിക്കാർ മാത്രം ഇതിന്റെ മൊട്ടയും മാംസവും തിന്നും.

മുതല. വലിപ്പത്തിൽ കുടുന്നതും നീളംകുറഞ്ഞ മൂക്കും കാൽവിരലുകൾ പാതിമാത്രം തൊൽകൊണ്ട കെട്ടിരിക്കുന്നതുമൊഴികെ ശെഷം ഒക്കയും ചീങ്കണ്ണിയെ പൊലെ. ഇവ അമ്രിക്കയിൽ അധികമാകുന്നതിനാൽ സ്വദെശമെന്ന പൊലെ തൊന്നും.

**൪-ം അദ്ധ്യായം – തവള ജാതികൾ**

തവള. തവിട പച്ച മഞ്ഞ  വക നിറത്തിൽ ഇവയെകാണും. മുൻകാലുകൾക്ക നാലും പിങ്കാലുകൾക്ക അഞ്ചും വിരലുകൾ ഉണ്ട. വാരിയെല്ല ഇവക്കില്ല. ശബ്ദം ഒരു കരച്ചിൽ തന്നെ. വെള്ളത്തിൽ മൊട്ട ഇടുമ്പൊൾ വഴുപ്പുള്ള ഒരു കുഴൽനൂലിന്നകത്ത നന്നെ ചെറുതായി ആയിരത്തൊളം ഉണ്ടാകും. കുട്ടിയാകുമ്പൊൾ ആദ്യം ഒരു മീൻപൊലെ, പതിനാറു ദിവസം ചെല്ലുമ്പൊൾ പിങ്കാലുകളും പിന്നത്തെതിൽ മുങ്കാലുകളും ഉണ്ടായ്വരുന്നു. പിന്നെ കുറെകഴിഞ്ഞിട്ട കരക്ക കെറുംസമയം വാലു

കൂടെ ഉണ്ടാകുന്നു. ക്രമത്താലെ അത ക്ഷയിച്ചുപൊകുന്നു. തവളയെ തൊടുന്ന രം ഒരു നീർതെറിക്കുന്നത പ്രസിദ്ധം. പല മനുഷ്യരും അതിനെ മൂത്രമെന്ന വിചാരിക്കുന്നുണ്ട. എങ്കിലും അത ശരിയല്ല. വെള്ളത്തിൽ കിടക്കുന്നെരം ഇവ തൊലിന്നകത്ത വെള്ളം വലിച്ച അകത്തുള്ള ഒരു സഞ്ചിയിൽ ശെഖരിക്കുന്നു. അത കരക്കെ കെറി സഞ്ചരിക്കുമ്പൊൾ □റൻ വട്ടാതിരിപ്പാൻ വെണ്ടിയത്രെ. എങ്കിലും തൊട്ടുന്നെരം ഭയം കൊണ്ട തെറിക്കുന്നു, പിങ്കാല ഊന്നി ചാട്ടുന്നത ഇവയുടെ സമ്പ്രദായം. □ച്ച ഞാഞ്ഞൂള, ഗൌളി, ചെറിയ നീക്കൊലി മത്സ്യം ഇവ ഒക്കയും തിന്നും.

മരത്തവള. വൃക്ഷങ്ങളുടെ പൊത്തിൽ പ്രധാന വാസമാകുന്നു. പുറം ചായം വടിച്ചതുപൊലെ ചുവന്നും വാരിപ്പുറം രണ്ടും കറുത്ത രെഖയൊട്ട കൂടിയും കാൽ വിരലുകളുടെ തുമ്പിന്ന നിലത്ത പതിപ്പാൻ മയമുള്ള ഒരു വക ഉരുണ്ട മാംസവും ഉണ്ട ചാട്ടത്തിൽ ഇവൻ നല്ല സമത്ഥൻ.

പെക്കാന്തവള. തവിട നിറം. ശത്രുക്കളെ ഭയപ്പെട്ടിട്ട പകൽ എറെ സഞ്ചരിക്കയില്ല. സ്ഥൂലിച്ച ശരീരമാകയാൽ സ്വാധീനം കുറയും. നാല്പത അമ്പത വയസ്സ വരക്കും ജീവിക്കുന്നതുകൊണ്ട ശരീരം നീക്കുവാൻ കൂടി പ്രയാസം ഇവന്നുണ്ടാകും. ശബ്ദം പാറപ്പുറത്ത ചിരട്ട ഉരക്കുമ്പൊഴത്തെ പൊലെ. കൊപ ത്തിങ്കൽ ദുൎഗ്ഗന്ധമുള്ള ഒരു വിഷനീർ പുറത്ത തെറിപ്പിക്കും. പൊറുക്കാതുള്ള തീക്ഷ്ണവ്രണങ്ങളിൽ ഇവയെ വെച്ചുകെട്ടുന്നത ചില ദെശത്തെ ഒരു ഔഷധം. പാമ്പിനെപൊലെ □ ജാതിക്കും വളകഴിക്കലുണ്ട.

## ൪-ം പൎവ്വം - മത്സ്യങ്ങൾ

ഇവക്ക അത്രെയും തണുപ്പുള്ള ചൊര ഉണ്ട. വായിൽ കൂടി വെള്ളം വലിച്ച ചെകിളയിൽ കൂടി പുറത്ത കളയുന്നത ഇവയുടെ സ്വഭാവം. ഉരുണ്ടും പരന്നും ഒട്ടിയും സ്ഥൂലിച്ചും വട്ടത്തിലും ശരീര ഭെദങ്ങൾ അടെക്കുന്നെരം മുങ്ങുവാനും വിടുത്തുന്നെരം പൊങ്ങുന്നതിന്നും സ്വാധീനത്തിൽ അകത്ത ഒരു വായുസഞ്ചി ഉണ്ട. വാലുകൊണ്ട തുഴഞ്ഞ മുമ്പൊട്ട വെഗം പൊകുന്നു. ഇരുപുറത്തെക്കും മറിഞ്ഞുപൊകാതിരിപ്പാൻ ചിറകുകൾ സഹായിക്കുന്നു. കണ്ണിന്ന ഇളക്കമില്ല. ചെവിക്ക പുറത്തെക്കദ്വാരമില്ലായ്ക കൊണ്ട ഒച്ച കെൾക്കുന്നതിന്ന നന്നെ പ്രയാസം. മാംസഭക്ഷണക്കാരാകകൊണ്ട വലിയവ ചെറിയവയെ തിന്നുപൊരുന്ന കാരണത്താൽ വെള്ളത്തിൽ എപ്പൊഴുംകുലപാതകം എന്ന പറയാം. മൊട്ട ഇട്ടാൽ പിന്നെ ഇതിനെ കുറിച്ച വിചാരമില്ല. ആയുസ്സ അധികമാകുന്ന നിമിത്തത്താലും ഒരു പെണ്ണ രണ്ടുലക്ഷം വരെക്കും മൊട്ട ഇടുന്നതുകൊണ്ടും ഇവയുടെ അതിവൎദ്ധന. ഒരില്ലാതുള്ള ജലങ്ങളിലെ മത്സ്യങ്ങൾ മൊട്ട ഇടെണ്ടുന്ന കാലങ്ങളിൽ പുഴയുടെ ഉത്ഭവസ്ഥലങ്ങളിലെക്ക കെറി ചെല്ലുകയും ഒർവെള്ളത്തിൽ കിടക്കുന്ന മത്സ്യങ്ങൾ സമുദ്രത്തിന്നടുത്ത കരകളിലെക്കും ചെല്ലുകയും ചെയ്യുന്നു. ഒരൊരൊ ജാതിക്ക മൊട്ട ഇടുവാൻ കാലം വെവ്വെറെ ആകുന്നതിനാലും മത്സ്യത്തിനെ പിടിക്കുന്ന ജനങ്ങൾക്ക ജാതികൾ മാറിമാറി കിട്ടുന്നു. ചിലമത്സ്യങ്ങൾ രാത്രിയിൽ വിളങ്ങുന്നത പ്രസിദ്ധമാകുന്നുവല്ലൊ

### ൧-ം അദ്ധ്യായം

ചെമ്പല്ലിക്കൊര. ഇത കായലുകളിലും പതുക്കെ ഒഴുകുന്ന പുഴകളിലും കാണും. സാമാന്യമായി ഒരുമുഴം നീളവും മൂന്നുറാത്തൽ ഘനവും ഉണ്ട. കൂട്ടമായി നീന്തുകയും ഇര കണ്ടാൽ ഉടനെ വിഴുങ്ങുകയും ചെയ്യുന്നതുകൊണ്ട പിടിപ്പാൻ പ്രയാസമില്ല. മാംസം ഉറപ്പും ബഹു രുചിയും ഉള്ളത. മുതുകിലെ ചിറകുകൾ മുള്ളുള്ളതും തവിട്ടുനിറമായും മാറിലെ ചിറക രണ്ടും ചായില്യത്തിന്റെ നിറമായുമിരിക്കും. പുറത്തെ ചിറകുകൾക്ക താഴെ ഇരുപുറവും കറുത്ത നിറത്തിൽ ആറു മന്നങ്ങളും ലക്ഷണം.

അറിക്ക്യ. ഇതിന്റെ സൌന്ദൎയ്യവും വൎണ്ണശൊഭയും ഉപകാരവും വിചാരിച്ചാൽ അതി വിസ്മയമെന്നെ പറെവാനുള്ളു. നീളം ഒരു മുഴം. മുതുകിൽ പച്ചകൂടിയ നീലവൎണ്ണം. കവിൾത്തടവും പൃഷ്ഠവും ചെകിളയും വെള്ളിനിറം. മാറിലും പുറത്തും ചെറുതായി ഒരെ ചിറകും വാലിന്നടുത്ത മുകളിലും ചുവട്ടിലും കൽപ്പടപൊലെ ക്രമമായി ആറാറു ചിറകുകളും കാണും. ഇത ശീമയിലെ ഒരു പ്രധാന മത്സ്യം.

ചിലപ്പൊൾ ക്ഷാമത്തിങ്കൽ ഒന്നിന്ന നാലുരുപ വിലകൊടുക്കണം സുഭിക്ഷത്തിങ്കൽ ഒരു രുപക്ക നൂറും കിട്ടും ഒരിക്കൽ ഒരു രാത്രിയിൽ പതിനാറുവഞ്ചിമീൻ കിട്ടിയതിനെ വിറ്റാറെ അവക്ക് ദ്രറവന്ദ് രുപ കിട്ടിയ ഒരു ദൃഷ്ടാന്തമുണ്ട. ഒരു വഞ്ചിയിലെ മത്സ്യത്തിന്ന ഒരിക്കൽ ആയിരം രുപ കിട്ടുന്നത അപൂൎവ്വമല്ല. ചിലപ്പൊൾ അധികം മീൻകൂട്ടം വലയിൽ പെട്ടാൽ വലിപ്പാൻ ശക്തിപൊരാതെ വന്ന പല താണപൊകും.

ഒലമത്സ്യം. മുകളിലെ ചിറക വാലുവരക്കും ഒന്നായിട്ടുള്ളതും പരന്ന വാലും മെലെ ചുണ്ട കൊമ്പുപൊലെ നീണ്ടിരിക്കുന്നതും വിശെഷ ലക്ഷണം. എട്ടുകൊൽ നീളമുള്ളതിനെ കണ്ടിട്ടുണ്ട. ഇവൻ വരുമ്പൊൾ മീൻകൂട്ടങ്ങൾ അത്രയും ശത്രുവിങ്കൽനിന്ന ജനങ്ങളെന്നപൊലെ ഒടിപ്പൊകും. സാമാന്യമായി സസ്യങ്ങൾ തിന്നുന്നു. ഇവൻ തിമിംഗലത്തിന്റെ പരമശത്രുവാകകൊണ്ട ചിലസമയം കപ്പൽ കാണുമ്പൊൾ തിമിംഗിലമെന്നെ വിചാരിച്ച കുത്തുന്നെരം തുളഞ്ഞു പൊകും. വല കുത്തികീറി കളയുന്നതിനെ ഒത്ത് ഇവനെ കുന്തം കൊണ്ട കുത്തി കൊല്ലുന്നതെ ഉള്ളൂ. കുറുന്തല. ഇത ഒരടി നീളവും തവിട്ടു നിറത്തിലും ഉള്ളത. ആഴമുള്ള വെള്ളത്തിൽ പൊകുന്നില്ല. കായലിന്റെ തീരങ്ങളിലെ ചെറു കുഴിച്ച വല്ലതും കിട്ടുന്നതിനെ തിന്നുന്നു. അപജയങ്ങളെ നന്നെ സൂക്ഷിക്കുന്നവനാകയാൽ കണികളിൽ വെഗം അകപ്പെടുകയില്ല.

കരിപ്പിടി. മുതുകിൽ മുക്കാൽ വാശിയും ഒന്നായിട്ടുള്ള ചിറകും പല്ലില്ലാതുള്ള ചെറിയ വായയും മഞ്ഞ അനുസരിച്ച നിറവും വലിയ ചെതുമ്പലും ഇവന്റെ ആകൃതി ലക്ഷണങ്ങൾ. ഒരുക്കൊൽ നീളവും ഒരു തുലാം തൂക്കവും സാമാന്യ വലിപ്പം. ധാന്യങ്ങളും സസ്യങ്ങളും തിന്നുന്നു.

ഉലക്കമീൻ. വലിയ തലയും പല്ലുകൊണ്ട നിറഞ്ഞിരിക്കുന്ന വലിയ വായയും നീണ്ടിരിക്കുന്ന ശരീരവും ഇവന്റെ സ്വരുപം. ഇവൻ മറ്റമത്സ്യങ്ങളെ തിന്നുന്നതിന്നു പുറമെ ക്രൂരത നിമിത്തമായിട്ട നീറ്റെലി തവള പക്ഷികൾ തുടങ്ങിയതിന്റെയും ബാധകൻ ആകുന്നു. ആയുസ്സ വളരെ ഉണ്ട. ഒ രു രാജാവ ഒരിക്കൽ ഒന്നിനെ പിടിച്ച, കൊല്ലും അക്കം വെട്ടിയ ഒരു പിച്ചള വള ഇട്ടുറപ്പിച്ചയച്ചു. ഒരു കാലം അതിനെ പിടികിട്ടിയപ്പൊൾ വൗൌ സംവത്സരം ചെന്നിരിക്കുന്നു. തൂക്കം നൊക്കിയാറെ ന൨ദ്രം റാത്തൽ കണ്ടു.

മെഴമീൻ. വാരിപ്പുറങ്ങളിൽ ഇരിക്കുന്ന ചിറകുകൾക്ക ശരീരത്തിന്റെ നീളമുണ്ടാകകൊണ്ട മറ്റു മീനുകളെക്കാൾ അധികം ദൂരത്തിങ്കൽ ചാടുവാൻ ഇവന്റെ ശക്തി ഉണ്ട.

കുപ്പിപ്പാണ്ടൻചെറൻ. ചിറകുകൾ നന്നെ ചെറിയത എങ്കിലും വായയിലും തൊണ്ടയിലും നാക്കിന്മെലും നിറച്ച പല്ലുകളുണ്ട. സാമാന്യമായി നാലും അഞ്ചും

അടി നീളവും പന്ത്രണ്ടു റാത്തൽ തൂക്കവും കാണും. വളരെ പുള്ളികളുള്ള ശരീരത്തിന്റെ മാംസം വിശെഷമാകുന്നു.

കടൽപൂച്ചടി. മുതുകിൽ മൂന്നും മാറിൽ രണ്ടും ചിറകുകൾ, താടിയിൽ പാമ്പിൻ നാക്കുപൊലെ രണ്ടുദളമായി ഒരു മാംസം തൂങ്ങിയിരിക്കും. ഇതുപൊലെ വദ്ധനയുള്ള മീനുകളെ കാണ്മാനില്ല. ഒരു സ്ത്രീയ്യിൽ ഒമ്പതുകൊടി മൊട്ട കണ്ടു. ശീമയിൽ കച്ചവടത്തിന്ന പ്രധാനമായ ഈ മീനിന്റെ വ്യാപാരം കൊണ്ടു വളരെ ജനങ്ങൾ ഉപജീവനം കഴിക്കുന്നു. ഇവന്റെ അകത്തിരിക്കുന്ന വലിയ കറളിൽ ക്ഷയരൊഗത്തന്നും ശ്വാസംമുട്ടലിന്നും സിദ്ധൌഷധമായ ഒരു തൈലമുണ്ടാക കൊണ്ടു പിടിച്ച ഉടനെ കറളെടുത്താൽ തെളിവായിട്ടുള്ള എണ്ണ ഒലിച്ചപൊരും. ഇത വളരെ വിലപിടിച്ചത.

അരഗൻ. ചെവി ഉള്ളതൊഴികെ ശെഷം ശരീരം പാമ്പിനെപൊലെ. ഭക്ഷിക്കുന്നതിന്ന മെൽകീഴില്ല. മീനും നാറുന്ന വസ്തുക്കളും തിന്നും ചിലപ്പൊൾ രാത്രിയിൽ വെള്ളം വിട്ട കരയിൽ പുല്ലുള്ള പ്രദെശങ്ങളിൽ കെറും. ചെറു കുഴിച്ച അതിൽ കിടക്കുന്നത സമ്പ്രദായം.

പൂഴിപരിതലതുറാവ. മൂന്നുകൊൽ നീളവും നീണ്ടിരിക്കുന്ന ശരീരവും. പുറത്ത നീളത്തിൽ അഞ്ചുവരിയായി എല്ലുള്ള ചെതുമ്പലും കുത്തിരിക്കുന്ന മുഖത്തിന്റെ താഴെ എലിവാലുപൊലെ നാലു മാംസശകലങ്ങൾ തൂങ്ങിയിരിക്കുന്നതും ഇവന്റെ ലക്ഷണങ്ങൾ. മാംസം നന്ന.

തുറാവ. സ്ഥൂലത്വംകൊണ്ടും ബുഭുക്ഷകൊണ്ടും ശക്തികൊണ്ടും കീർത്തിപ്പെട്ടിരിക്കുന്ന മീൻ. ഇരിപത്തഞ്ചുമുഴം നീളം കാണും. മെലുള്ള ചുണ്ട നീണ്ടും വായ സാമാന്യംപൊലെ അല്ലാതെ കീഴ്പ്പെട്ട ഇറങ്ങിയും സമ്പ്രദായം. ആറു വരി പല്ലുമുണ്ട. കുളിപ്പാൻ ഇറങ്ങുന്ന സമയം മനുഷ്യരുടെ തുട കടിച്ചുമുറിച്ച ഇവ കൊണ്ടുപൊകുന്നത ഒട്ടും അപൂർവ്വമ ല്ല. കപ്പലിന്റെ പിന്നാലെ പെരുന്നത ഈ ജാതിതന്നെ അധികം. പശു ആട ഇവയെ മുറിച്ച കുടലുകൾ പുറത്ത കളയുന്നെരം എടുത്ത തിന്നുന്നു.

### ൫-ം പൎവ്വം - രക്തമില്ലാത്ത ജന്തുക്കൾ

 വക ജന്തുക്കളിൽ കൈകാലതുടങ്ങിയ അവയവങ്ങളെ കാണുന്നില്ല. തലച്ചൊറ ഒരു ദിക്കിലായിട്ടല്ല. ശരീരത്തിൽ പലെടത്തുമായി കുറച്ചകുറച്ചെത്രെ കണ്ടിരിക്കുന്നത. ചിലത സമുദ്രത്തിലുള്ള വസ്തുക്കളിൽ പറ്റി നീങ്ങുവാൻ പാടില്ലാതെ കിടക്കയും അതിനെകൂടി കടക്കുന്നതിനെ പിടിച്ച തിന്നുകയും ചെയ്യുന്നചിലത തിരകൾ അടിക്കുന്നതൊടുകൂടി അങ്ങുമിങ്ങും പൊകും. സാമാന്യമായി അവയുടെ മൂടലായിട്ട ഒരുവക കക്കയെ കണും.

**൧-ം അദ്ധ്യായം**

കാഞ്ഞിപ്പൊത്തും നീരാഴിയും വൎണ്ണിപ്പാനുണ്ട. എങ്കിലും അവ ഒന്നിനും ഉപകരിക്കുന്നില്ലായ്കകൊണ്ട വിസ്തരിക്കുന്നില്ല.

**൨-ം അദ്ധ്യായം - അച്ചജാതികൾ**

കവിടി. ഇവയുടെ കക്ക ചില ദെശക്കാർ നാണിഭമായി പ്രയൊഗിക്കയും ജ്യൊതിഷക്കാർ ഗ്രഹസ്ഥിതി അറിവാൻ ഗണിതത്തിന്ന ഉപകരിപ്പിക്കയും ചെയ്യുന്നതുകൊണ്ടു പ്രസിദ്ധിയുണ്ട.

അച്ച. വെളുപ്പ പച്ച ചുവപ്പ  നിറങ്ങളിലുള്ളതിൽ ഒരു വകയെ മനുഷ്യർ തിന്നും. അത ഭൂമിയിൽ ഒരു കുഴിയിൽ പയറ്റ മണി പൊലെ ഇരുപത്തഞ്ചു മൊട്ട ഇട്ട മൂടും. ഉഷ്ണത്തിന്റെ അവസ്ഥ പൊലെ മൂന്നും നാലും ആഴ്ചവട്ടം കൊണ്ട മൊട്ട പൊട്ടി കുട്ടി താനെ പുറത്ത പൊരും. ആദ്യം മൊട്ടയുടെ ഒടുകൊണ്ട ഉപജീവിക്കും പിന്നെ സസ്യങ്ങൾ തിന്നും. ശംഖ. ഇതിന്റെ വലിയകക്ക നാദംപുറപ്പെടീക്കുന്നതിന്നും ചെറിയത കുട്ടികൾക്ക പാലകൊടുക്കുന്നതിന്നും വിഗ്രഹങ്ങളുടെ അഭിഷെകത്തിന്നും പ്രയൊഗിക്കുന്നു.

ഞമഞ്ഞി. വയലുകളിൽ വളരെ കാണും പുല്ലിന്മെലും മറ്റും വെളുത്ത മൊട്ടകൾ ഇടുന്നു. പരവശക്കാർ ഇവയെ തിന്നും

മുരിങ്ങ. സമുദ്രത്തിൽ ആഴംകുറഞ്ഞ ദിക്കുകളിൽ തമ്മിൽ തമ്മിൽ പറ്റിയും പാറമെൽ പറ്റിയും ഇരിക്കും. മെലെ ചെറിയതും താഴെ വലിയതുമായ കക്കകൾക്ക നന്നെ മൂൎച്ചയും അകമെ വെളുപ്പും മിനുസവുമുണ്ട.  ശിപ്പിക്ക ഒരുമുറി പറ്റി അകത്ത മണലൊ വല്ലതും ചെന്നാൽ മുറിവെറ്റ ചില വൃക്ഷങ്ങളിൽനിന്ന ഒഴുകുന്ന നീർഭെദംപൊലെ ഇതിന്നകത്തിരിക്കുന്ന വസ്തുവിനെ മൂടുവാൻതക്കവണ്ണം ഒരു വക നീരൊലിച്ച ഉറെക്കുന്നത മുത്തുരത്നം. ലങ്കസമുദ്രത്തിൽ അധികമായി കിട്ടുന്നതുകൊണ്ട അത ഗൊവൎമ്മെന്തിലെ കുത്തുമതികച്ചൊടത്തിൽ ചെൎത്തവെച്ചു. ആണ്ടുതൊറും മെടമാസത്തിൽ ലക്ഷത്തമ്പതിനായിരം ജനം അവിടെ ചെന്ന ഒരൊരൊ പന്തൽ തീൎക്കുകയും ചെയ്യും. നിശ്ചയിക്കുന്ന

ദിവസം ഒരു ഉദ്യൊഗസ്ഥൻ വന്ന മുരിങ്ങ എടുപ്പാൻ അനുവാദം കൊടുക്കും. അവ കരയിൽനിന്ന പതിനഞ്ചുനാഴിക ദൂരവും പതിഞ്ചുകൊൽ ആഴവും ഉള്ള ദിക്കിൽ കാണും. ആസ്ഥലത്ത പുലരുമ്പൊൾ അനെകം പടവുകൾ വട്ടംകൂടി ബീരങ്കിയുടെ ശബ്ദം കെൾക്കുന്നതിനായി താമസിക്കും. കെട്ടാൽ അപ്പൊൾ തന്നെ പടവിൽ ഇരിക്കുന്ന മുങ്ങുവാൻ ശീലമുള്ള പാതിവീതം ആളുകൾ ഒരു തല പടവിന്മെൽ കെട്ടി ഉറപ്പിച്ചും മറുതല. വെഗം താഴുവാൻ കല്ലുംകെട്ടിരിക്കുന്നതി ന്മെൽ കയറിനിന്ന ഒരു കൈകൊണ്ട ആ കയറും മറ്റെ കൈകൊണ്ട മുരിങ്ങ ഇടുവാൻ വല കെട്ടിരിക്കുന്ന കയറും പിടിച്ച വെള്ളത്തിൽ ചാടി അടിയിൽ ചെന്നാൽ കത്തികൊണ്ട മുരിങ്ങ അടത്തി എടുത്ത വലയിൽ നിറെച്ചാൽ മെല്ലട്ട വലിപ്പാനുള്ള അടയാളം അറിയിച്ചുകൊടുക്കും. പടവിൽ ഇരിക്കുന്നവർ ഉടനെ വലിച്ചുകൊള്ളും. നിർത്തുവാനായിട്ടുള്ള ബീരങ്കിയുടെ ശബ്ദം കെട്ടാൽ അപ്പൊൾ മതിയാക്കി കരയിൽ എത്തിച്ച മുരിങ്ങ ഇറക്കി അന്നെരം തന്നെ അധികംവില വെക്കുന്നവന്ന വില്ക്കും. വാങ്ങിയവരെല്ലാവരും തങ്ങൾക്കുള്ള പങ്ക പന്തലിൽ കൊണ്ടുപൊയി വെച്ച മാംസം ചീഞ്ഞുപൊയാൽ ഒർവെള്ളംകൊണ്ട കഴുകി മുത്ത അവരവർ കൊണ്ടുപൊകും, മുത്തുണ്ടാകുന്നവയുടെ മാംസം തിന്നുകൂടാ. മറ്റെവക തിന്നു.

## ന്ന -ം പൎവ്വം

ഇറുക്കുന്ന പുഴുക്കൾ. ശരീരം ഒക്കെയും എല്ലുകൂടാതെ മുറിമുറി ആയി ചെന്നിരിക്കുന്നത. പുറമെയുള്ള തൊല ചിലതിന്ന ഒടുപൊലെ കഠിനമായിരിക്കും. ചിലത വെള്ളത്തിലും ചിലത വായുമണ്ഡലത്തിലും ചിലത ഭൂമിയിലും ജീവിക്കുന്നു. നട, ഒട്ടം, തുള്ളൽ, പറക്കുക, നീന്തുക. സഞ്ചാരഭെദങ്ങൾ.

**൧ -ം അദ്ധ്യായം**

കരഞണ്ട. അമ്രിക്കായിലും അതിന ചുറ്റുമുള്ള ദ്വീപുകളിലും കാണും അവ ഭൂമിയിൽ കുഴികൾ ഉണ്ടാക്കി പാൎക്കുന്നു. വൎഷം തുടങ്ങുമ്പൊൾ മൊട്ട ഇടുവാൻ സമുദ്രത്തിങ്കലെക്ക പൊകും. ഒരു ദെശം മൂടുവാൻതക്കവണ്ണം കൂട്ടമായിട്ട പടയാളികളെപൊലെ അണിഅണിയായി സഞ്ചരിക്കുന്നെരം ഒരു വീടൊ പുഴയൊ ഉണ്ടായിരുന്നാൽ അണിതെറ്റാതെ കടന്നു പൊകും. സമുദ്ര തീരത്തിങ്കൽ എത്തിയാൽ മൂന്നും നാലും കുളികഴിഞ്ഞ ആണങ്ങൾ കുറ്റിക്കാടുകളിൽ പൊയി പാൎക്കും പെണ്ണുങ്ങൾ തീരത്തിങ്കൽ തന്നെ താമസിച്ച മൊട്ട ഇടും. പിന്നത്തിൽ എല്ലാം ഒരുമിച്ച കൂടി വന്നതിൻപ്രകാരം തന്നെ പൊകും, ശവങ്ങൾ കഴിച്ചെടുത്ത അധികം തിന്നും.

ചെറിയഞണ്ട. ഒരു വശത്ത ഇറുക്കക്കാൽ അധികം നീണ്ടിരിക്കുന്നതുകൊണ്ട ഇവ കീൎത്തിപ്പെട്ടിരിക്കുന്നു. നടക്കുന്നെരം വല്ലതും കണ്ടാൽ ഒരു ആയുധംപൊലെ പൊക്കിപ്പിടിച്ചിരിക്കുന്ന  കാൽകൊണ്ട പിടിക്കയും കുഴിയിൽ ഇറങ്ങിയാൽ ഇതുകൊണ്ട മണ്ണ മാന്തി മൂടുകയും ചെയ്യുന്നു.

ഞണ്ട. രണ്ടുവശമായി അയ്യഞ്ചകാൽകളുള്ളതിൽ മുങ്കാലുകൾകൊണ്ടെത്രെ. ഇറുക്കുന്നത. കൃമി മീൻ തവള ഇതൊന്നും കിട്ടാതിരുന്നാൽ ഇവ തമ്മിൽ തമ്മിലും തിന്നുന്നു. പെണ്ണ ആണ്ടിൽ ഇരുനൂറ മൊട്ട ഇട്ട കുട്ടിയാകുന്നവരെക്കും വാലിന്റെ ചുവട്ടിൽ ഉറപ്പിച്ച കൊണ്ടുനടക്കും. ജല തീരത്തിങ്കലുള്ള പൊത്തുകളിലും കല്ലിന്റെ ഇളമ്പുകളിലും ഇഷ്ടമായി പാൎക്കുന്നു, അകത്തെക്ക കടക്കുമ്പൊൾ എപ്പൊഴും മുമ്പിൽ കടക്കുന്നത പൃഷ്ഠഭാഗമായിരിക്കും. ആണ്ടുതൊറും ഒരിക്കൽ ഒട കളയും. ആ സമയം തിന്നുവാൻ അതിരുചി. കൈകാലുകൾ എത്ര പ്രാവശ്യം മുറിഞ്ഞുപൊയാലും പുതിശായി ഉണ്ടാകും. പിടിക്കുന്നവർ അകത്തുകടപ്പാൻ പ്രയാസം കൂടാതെയും പുറത്തെക്ക പൊന്നുകൂടാതെയുമുള്ള സൂത്രക്കൊട്ടകളുടെ അകത്ത തീൻവെച്ചുറപ്പിച്ച വെള്ളത്തിൽ താഴ്ത്തിപൊരുന്നു. ഇവ വെഗത്തിൽ അകത്ത കടക്കയും പുറത്തെക്ക പൊരുവാൻ പാടില്ലാതെയും കിടക്കുന്നതിനെ പിന്നത്തെതിൽ അവർ ചെന്ന നൊക്കുമ്പൊൾ കണ്ടാൽ പിടിച്ചുകൊള്ളുന്നു.

കൊഞ്ച. ഭക്ഷണത്തിന്ന എത്രയും വിശെഷം. ഒരു മുഴം നീളം. പകലും രാത്രി ഓർമിന്നുന്ന സമയവും ഇവയെ പിടിപ്പാൻ പാടില്ല. ഇടിമുഴക്കം തുടങ്ങിയ ഗംഭീരനാദങ്ങൾ കെൾക്കുന്നെരം നടുങ്ങി ഇറുക്കക്കാൽ കളെകയും ചിലപ്പൊൾ ചത്തുപൊകയും ചെയ്യുന്നു. പാകംചെയ്യുമ്പൊൾ കടുംചുവപ്പനിറമാകും.

### ൨–ം അദ്ധ്യായം – എട്ടുകാലികൾ

എട്ടുകാലി. ഇവക്ക രാത്രിയിൽ ശൊഭിക്കുന്നതായി ആറൊ എട്ടൊ കണ്ണുകളും നെഞ്ചിൽ ഉറപ്പിച്ചിരിക്കുന്ന എട്ടു കാലും ഉണ്ട. ശ്വാസംകളയുന്ന യന്ത്രങ്ങൾ വയറ്റിൽ ആകുന്നു. പൃഷ്ഠഭാഗത്ത ചെറിയ തുളകളുള്ള ആറുപാത്രങ്ങൾ കാണും അകത്ത ഒരുവക നീർ ഇരിക്കുന്നതുകൊണ്ടെത്രെ വല ഉണ്ടാക്കുന്നത. വല കെട്ടി ഉറപ്പിച്ച ഒരു ഭാഗത്ത ഒളിച്ചിരുന്ന ച്ചയൊ വല്ലതും വലമെൽ പെട്ടാൽ അപ്പൊൾ തന്നെ ചാടി പിടിച്ച കൊല്ലുന്നത പ്രസിദ്ധമല്ലൊ. മൊട്ട ഇടുവാൻ ഒരുവക കൂടുണ്ടാക്കി മരം കല്ലു തുടങ്ങിയതിന്മെൽ ഉറപ്പിക്കും ചില ജാതി കൂടെ കൊണ്ടുനടക്കും. ഷ്യാസ്വഭാവം നിമിത്തമായിട്ട രണ്ടെണ്ണം ഒരുമിച്ച പാൎക്കുന്നില്ല. തൊല പലപ്രാവശ്യവും കഴിക്കുന്നു. കാൽ പൊയാൽ പിന്നെയും ഉണ്ടാകും. ഒരു മനുഷ്യന്ന കത്തികൊണ്ട മുറിഞ്ഞ മുറിപ്പാട്ടിൽ ഇവയുടെ വല വെച്ചാൽ ചൊരനില്ക്കും. ഇങ്ങിനെ തന്നെ ഇതിന്റെ വലയും വെണ്ണയും കൂട്ടി ഗുളിക ഉണ്ടാക്കി സെവിക്കുന്നത പനിക്ക നല്ല ഔഷധം.

ഉറുമാമ്പുലി. ഉടലിന്ന ഏകദെശം കറുത്ത നിറമായിഒരു വിരൽ നീളം കാണും ഭൂമിയിലെ കുഴികളിലും തട്ടുപലെ കമെലും ഇരിക്കും. കടിച്ചാൽ നന്നെ വെദന ഉണ്ടാകയും നീർവന്ന പഴുക്കയും ചെയ്യും.

ചാട്ടച്ചിലന്നി. ഇരെക്കായി വല കെട്ടുന്നില്ല. പുലിയെപ്പൊലെ ചാടി പിടിക്കുന്നു ഏകദെശം ഒരു ച്ചയുടെ വലിപ്പം.

### ൩ –ം അദ്ധ്യായം.

തെൾ. തലമെൽ രണ്ട ഇറുക്കക്കാലും വാലിന്മെൽ കുത്തുന്ന ഒരു മുള്ളും ഉണ്ട. പുഴുക്കളും അവയുടെ മൊട്ടയും പ്രത്യെകം തിന്നുന്നു. പെണ്ണ ജീവനുള്ള കുട്ടികളെ പ്രസവിച്ച കുറെ ദിവസം എടുത്തകൊണ്ടനടക്കും. പ്രായം കൂടുന്തൊറും വിഷത്തിന്റെ ശക്തിയും കൂടും.

പഴുതാര. ശരീരം മുറിമുറി ആയിട്ടും ഒരൊ മുറിക്ക രണ്ട കാൽ വീതവും ഉണ്ട. ചുമരിന്റെ ഇളുമ്പിലും വൃക്ഷങ്ങളുടെടെ തൊലിന്നകത്തും പ്രത്യെകമായി ഇരിപ്പ. കടിച്ചാൽ നെരത്തൊടനെരം വെദന ഉണ്ടാകും.

തെരട്ട. പലപല എപ്പായ ശരീരത്തിന്റെ ഇരുപുറമായി വളരെ കാൽകളും തൊ

ട്ടാൽ ഉടനെ തെറുത്ത കിടക്കയും ലക്ഷണം. അതിന്റെ നീർ മെൽ പറ്റിയാൽ പൊളെക്കും.

**ർ –ം അദ്ധ്യായം – വണ്ടുകൾ.**

ഇപ്പൊൾ വണ്ടിന്റെ ൫൧൦൬ ജാതിഭെദങ്ങൾ അറിഞ്ഞിട്ടുണ്ട. തുമ്പികളെപൊലെ ഇവയുടെ ആയുസ്സ കാലത്തിന്ന രണ്ട അവസ്ഥ ഉണ്ട. ആദ്യം പുഴ. പിന്നെ വണ്ടായിതീരും നാലു ചിറകുള്ളതിൽ ഉള്ളിലെത രണ്ടും നെമ്മയിലും പുറമെ കഠിനമുള്ള രണ്ടു ഒട്ടുകളുമാകുന്നു. ശീലഭെദങ്ങളും നിറഭെദങ്ങളും വളരെ ഉണ്ട. തുള്ളൽക്കാരും കഥകളിക്കാരും നീലനിറത്തിലും സ്വൎണ്ണവൎണ്ണമായുമുള്ള ഇവയുടെ ഒട്ടുകൾ കിരീടങ്ങളിൽ ഭംഗിക്കായി വെക്കുന്നു.

ശവവണ്ട. ചീഞ്ഞ ശവം എവിടെ ഇരിക്കുന്നുവൊ ഇവൻ ഘ്രാണംകൊണ്ടറിഞ്ഞ അവിടെ ചെല്ലും ശരീരത്തിന്ന വലിപ്പം കണ്ടാൽ തുള ഉണ്ടാക്കി അകത്തും പുറത്തും സഞ്ചരിക്കും. ഒരു പക്ഷിയുടെ എലിയുടെയൊ ശവം കണ്ടാൽ കിടക്കുന്ന ദിക്കിലെ മണ്ണുനീക്കി മൂടി അതിന്നകത്ത മൊട്ട ഇട്ടുമൊട്ടയിൽനിന്നുണ്ടാകുന്ന പുഴക്കൾക്ക ഇത ഭക്ഷണമാക്കിതീൎക്കും.

ഹെർകുലവണ്ട. എല്ലാ വണ്ടുകളെക്കാൾ. ഇവന്ന വലിപ്പമുണ്ട. അഞ്ച വിരൽ നീളം ഒരു വിരൽ വിസ്താരമുള്ള ശരീരത്തിന്ന കറുത്ത മിന്നുന്ന നിറം. മുഖത്ത നെരെ നീണ്ടുള്ള ഒരു കൊമ്പും അതിന്ന താഴെ അല്പം നീളം കുറഞ്ഞ വളഞ്ഞ ഒരു കൊമ്പും ഇങ്ങിനെ ഉള്ള രണ്ടു കൊമ്പുകളെ കൊണ്ട ഇവൻ തെങ്ങ കുത്തി മുറിച്ച തിന്നും.

ചെള്ള. ഒരു വിരൽ നീളവും അര വിരൽ വണ്ണവും കറുത്ത നിറവുമുള്ള ഇവൻ തെങ്ങിന്റെയും കുടപ്പനയുടെയും ഇളങ്കുമ്പ കുത്തി രസം കുടിക്കുന്നു.

**൫ –ം അദ്ധ്യായം**

പച്ചക്കുതിര. പച്ചയും മഞ്ഞയും നിറമുള്ള ഇവയുടെ ശരീരത്തിൽ നാലു കാലുള്ള തുകൂടാതെ നീണ്ടിരിക്കുന്ന കഴുത്തിൽ മുള്ളുകളൊട്ടു കൂടിയ രണ്ടു കാൽകളുണ്ട. ഇര കാണുമ്പൊൾ നിവിന്ന ▯ കാൽകളെകൊണ്ട പിടിച്ച തിന്നുന്നു. ബുഭുക്ഷാ സ്വഭാവംകൊണ്ട സ്ത്രീ തന്റെ സ്വന്ത പുരുഷനെയും കുട്ടികൾ തമ്മിൽ തമ്മിലും വിഴുങ്ങിക്കളയും.

വെട്ടുക്കിളി. ഇത കൃഷി നശിപ്പിക്കുന്നത പ്രസിദ്ധമല്ലൊ. പുരുഷന്മാർ കാൽകൾ ചിറകിന്മെൽ ഉരുമി ഒരുവക ശബ്ദം പുറപ്പെടീക്കുന്നു. പ്രവാസംചെയ്യുന്ന ഒരുവക ചില സമയങ്ങളിൽ സൂൎയ്യന്റെ രശ്മികൾ മൂടുവാൻതക്കവണ്ണം കൂട്ടമായി പറന്ന ഒരു ദിക്കിൽ ചെന്ന താമസിക്കുമ്പൊൾ അവിടെ ഉള്ള സകല കൃഷികളും നശിക്കും

ചിലപ്പൊൾ വലിയ കാറ്റടിക്കുന്നെരം ഇവ സമുദ്രത്തിൽ വീണ ചത്തുപൊകും യൊവെൽ എന്ന ദീഘ്ദർശിയുടെ വണ്ണനം വായിച്ച നൊക്കിയാലും.

**൩൩–ം അദ്ധ്യായം – ചകൾ**

കുഴീച്ച. ശരീരംനൊക്കുമ്പൊൾ സാരമില്ലെങ്കിലും ഇത കണ്ണിന്ന ബഹുപദ്രവം ചെയ്യുന്നതുതന്നെ. മുറിയിൽ വല്ലതിന്മെലും പറ്റുന്ന ശീലംകൊണ്ട ഒരു തുണി നനെച്ച ത്തുക്കി നശിപ്പിപ്പാൻ പ്രയാസമില്ല.

തെനീച്ച. ഇട, ചുമര, കല്ല, വൃക്ഷം എന്നിവയുടെ ഇളമ്പിൽ പശക്കുട്ടുണ്ടാക്കി മൊട്ട ഇടുന്നു. നിറെച്ചുതുളയുള്ള പലകപൊലെ അഞ്ചൊ ആറൊ പശക്കുട ഒരു ദ്വാര ത്തിന്നകത്ത ഉണ്ടായിരിക്കുന്നത എടുത്ത പിഴിഞ്ഞാൽ മുന്നാഴി തെൻവരെക്കും കിട്ടും. ശീമയിലും മറ്റ പടിഞ്ഞാറെ ദെശങ്ങളിലും സംപ്രദായം വെറെ. അവിടെ ഒരു പറമ്പിൽ ഒരു ചപ്പുര പണിത മരംകൊണ്ട പല പെട്ടകങ്ങൾ ഉണ്ടാക്കി പുരക്കകത്തുവെച്ച അതിൽ ഒരു ചക്കുട്ടം വെക്കും. ഒരു കൂട്ടത്തിൽ ഒരു പെണ്ണ രാജസ്ത്രീയിനെ പൊലെ സകലവും വാഴുന്നു. അത പുറത്ത ഇറങ്ങുമാറില്ല. മൊട്ട ഇടുന്നത മാത്രം ഇതിന്റെ വെല ആകകൊണ്ട ആണ്ടിൽ നാല്പതിനായിരം മൊട്ട ഇടും. അതിന്റെ കീഴിൽ നപുംസകങ്ങളായ ഇരുപതിനായിരം ചകൾ വെല ചെ യ്യുന്നു ചിലത ഒരുവക പൂമ്പൊടി കൊണ്ടുവരും. മറ്റുചിലത അത ചെരുവാനുള്ള പശകൊണ്ടുവരും പിന്നെ ചിലത പൊടി അകത്തിട്ട ചവിട്ടി പണിയും, ചിലത അകത്ത വെടിപ്പ വരുത്തും. ചിലത വാതില്ക്കൽ കാവല്ക്കാരായി കാക്കും. അക ത്തിരിക്കുന്ന ചെറിയ കൂടുകളിൽ മുപ്പതിനായിരം തെൻ പാത്രങ്ങളും ശെഷം മൊട്ട ഇടുന്നതിന്നും പ്രയൊഗിക്കുന്നു. ചകൾ അവയിൽ പാക്കുന്നില്ല. പിന്നെ ഒരൊരൊ കൂട്ടത്തിൽ ആയിരം പുരുഷന്മാർ വീതം കാണും. അവർ വലിയ മ ടിയന്മാരാകകൊണ്ട തെൻകുടിച്ചിരിക്കുന്നതല്ലാതെ ഒരു വെലയും ചെയ്യുന്നില്ല. കുട്ടികൾക്ക പ്രാപ്തിവരുമ്പൊൾ അകത്ത ഒരു വക ദ്രൊഹംചെയ്ത ഒരു രാജസ്ത്രീ അവയെ കൂട്ടിൽനിന്ന പിരിച്ച നടത്തിക്കൊണ്ട ഒരു വൃക്ഷത്തിന്റെ കൊമ്പിന്മെൽ കൂട്ടമായിരിക്കും. വൈകുന്നെരം ഒരു ആൾ ചെന്ന ഇവയെ ഒക്കെയും ഒരു പെട്ട കത്തിലാക്കി ചപ്പുരയിൽ കൊണ്ടുചെന്ന വെക്കും. ഒരു പെട്ടകത്തിന്ന ഇരുപത റാത്തലിൽ അധികം ത്തുക്കം കാണുമ്പൊൾ ആണ്ടുതൊറും മുറിച്ചെടുത്ത തെൻ ഉണ്ടാക്കും.  അദ്ധ്യായത്തിൽ ഇനി വണ്ണിപ്പാനുള്ള മണിയൻ പൊട്ടൻ കടുന്നൽ  വക ചയുടെ ഉപദ്രവം പരിചയംകൊണ്ട എല്ലാവരും അറിയുന്നുവല്ലൊ.

ഉറുമ്പ, മടിയാ. ഉറുമ്പിന്റെ അടുക്കൽ ചെന്ന അതിന്റെ വഴികളെ നൊക്ക. വെനൽ കാലത്ത അത തന്റെ ആഹാരത്തെ ഒരുക്കുന്നു. കൊയ്ത്തുകാലത്ത തന്റെ ഭക്ഷണത്തെ ശെഖരിക്കുന്നു എന്നു ശലമൊൻ പറയുന്നത. ഉറുമ്പ ചയെ പൊലെ

കൂട്ടമായി പാക്കുന്നു. പുരുഷന്മാക്കും സ്ത്രീകൾക്കും ചിറകുണ്ട. നപുംസകങ്ങൾക്കില്ല. സ്ത്രീക്ക പുരുഷനിൽ വലിപ്പം കാണും. അവ ഉണ്ടാക്കുന്ന പുറ്റിൽ ഒരൊരൊ പട്ടണംപൊലെ തിരവുകൾ കാണുന്നു. വെലചെയ്യുന്ന വർ ഒന്നക്കൊന്ന പിന്നാലെ വഴിതെറ്റാതെ പൊകയും തിരിച്ചുവരുന്നവർ വഴിമാറിപ്പൊകയും ചെയ്യും. ഒരു പുററിൽ എത്ര തന്നെ ഉണ്ടായാലും ഘ്രാണംകൊണ്ട തമ്മിൽതമ്മിൽ അറിയും ഒരു ഉറുമ്പ പുഴുവെങ്കിലും പുല്ലെങ്കിലും കൊണ്ടുപൊകുന്നെരം ശക്തിപൊരാതെ വന്നാൽ മറ്റവൻ വന്ന കൂടെ പിടിച്ച കൊട്ടക്കുന്നതും അതല്ലെങ്കിൽ കടിച്ച മുറിച്ച ചെറുതാക്കി പങ്കപങ്കായി കൊണ്ടുപൊകുന്നതും കാണുമ്പൊൾ വിസ്മയം തൊന്നും. മധുരമുള്ള സാധനങ്ങൾ അത്രെയും അവക്ക എറെ ഇഷ്ടം കട്ടുറുമ്പ. അരക്കൻ. കുനിയൻ. നെയ്യുറുമ്പ. പുളിയുറുമ്പ. പ്രാന്തനുറുമ്പ, നീറുറുമ്പ ഇങ്ങിനെ പലതുണ്ട. അവക്ക ശീലഭെദങ്ങളും ആകൃതിഭെദങ്ങളും കാണും.

ചിതല. ഇവ ഉഷ്ണവും ശെഷം പ്രാണികളിൽനിന്ന ഉള്ള ഭയവും ഒഴിയുന്നതിനായിട്ട തണുപ്പുള്ള സ്ഥലം സംബന്ധിച്ച മണ്ണുകൊണ്ട ഒരു വക മൂടൽ ഉണ്ടാക്കി അതിൽ പാക്കുന്നു.  ജാതിയുടെ ഇരുമ്പപൊലെയുള്ള പല്ലിൽനിന്ന മയമുള്ള വസ്തുക്കളെ രക്ഷിപ്പാൻ നന്നെപ്രയാസം നാശം ഒക്കാ തുള്ള വസ്തുക്കളെ എത്ര വെഗം നശിപ്പിക്കും.

## ൯-ം അദ്ധ്യായം – തുമ്പികൾ

സൌന്ദര്യത്തിൽ ഇവക്ക തുല്യങ്ങളായ പുഴുക്കൾ ഇല്ല. നാല. ചിറകുള്ളതിന്മെൽ പല നിറമായിട്ടുള്ള ഒരൊരൊ ചിത്രങ്ങൾ കാണും. പുഷ്പങ്ങളുടെ മധു ഇവയുടെ ഭക്ഷണം. ആയുസ്സകാലം നന്നെ ചുരുക്കം. തുമ്പി ഇടുന്ന മൊട്ടയിൽ നിന്ന സാമാന്യെന പച്ച നിറമായിട്ട ആദ്യം ഒരു പുഴ പുറപ്പെട്ടും. അത ഒന്നാമത്തെ മാസത്തിൽ തന്റെ തൊല നാലഞ്ചുപ്രാവശ്യം കിഴിക്കും. ശരീരത്തിന്ന പൂത്തി വരുമ്പൊൾ ജാതിക്ക തക്കവണ്ണം പുഴക്കൂട്ടുണ്ടാക്കി അതിൽ കിടക്കും. തത്സമയത്ത അത പൊട്ടുന്നെരം തുമ്പിയായി പറന്ന പൊരും. ഇത ആത്മാവിന്റെ നാശമില്ലായ്മയുടെയും ശരീരത്തിന്റെ ഉയച്ചയുടെയും ഒരു സാദൃശ്യമെന്ന പലരും വിചാരിക്കുന്നു. ചില തുമ്പികൾ പകലും ചിലത സന്ധ്യക്കും ചിലത രാത്രിയിലും സഞ്ചരിക്കുന്നതായി മൂന്ന വക ഉണ്ട.

## ൰-ം അദ്ധ്യായം – കൃമികൾ

കാലില്ലാതെ മയമുള്ളതായി നീണ്ടിരിക്കുന്ന ശരീരത്തിന്ന അനെകം എപ്പുകളുണ്ടു. ആണ ചിഹ്നവും പെണ്ണ ചിഹ്നവും ഒന്നിങ്കൽ തന്നെ ഇവയുടെ ഒരു മൊട്ടയിൽ നിന്ന പല കൃമികൾ ഉണ്ടാകും.

ഞാഞ്ഞൂൾ. ഒരു മുഴം വരെക്കും നീളവും ഒരു പാത്തത്തുവലിന്റെ കുഴലിനൊടൊത്ത വണ്ണവും കാണും. തണുപ്പുള്ള മണ്ണിനകത്ത പകൽ ഇരിക്കയും രാത്രി സഞ്ചരിക്കയും ചെയ്യും. ഒന്നിനെ രണ്ടും മൂന്നും ഖണ്ഡമായി മുറിച്ചിട്ടെച്ചാൽ അഞ്ചാറ മാസം ചെല്ലുമ്പൊൾ ആ ഖണ്ഡങ്ങൾ പൂർത്തി ഉള്ള കൃമികളാകും.

അട്ട. ഇതിന്റെ ഉടൽ പച്ച നിറവും വാരിപ്പുറങ്ങൾ തുരുമ്പ നിറത്തിൽ രെഖകളുള്ളതുമെത്രെ. കായലുകളിലും കുളങ്ങളിലും ഇരിപ്പ ഇടിമുഴങ്ങുന്നൊരവും കാറ്റ അടിക്കുമ്പൊഴും പൊങ്ങിവരും. ദുന്നീരുകൾ കളയുന്നതിനും രക്തം കളെവാനും ഇവയെ പ്രയൊഗിക്കുന്നു. ഉപ്പും പുളിയും പറ്റിയാൽ ചത്തുപൊകും.

### ൻ-ം അദ്ധ്യായം - തൃണാദ്ധ് പ്രാണികൾ

ഇവക്ക ഒരു തൈ പൊലെ ഉള്ള രൂപവും സ്ഥലം മാറ്റം ഇല്ലാതെയും ജീവന്റെ ലാഞ്ഛന അറിവാൻ വളരെ പ്രയാസവും ഉണ്ടാകകൊണ്ട  പെർ കിട്ടി. മിക്കവാറും സമുദ്രത്തിന്റെ അടയിൽ ഒരു വക സമുദ്രകൃഷി പൊലെ ഇരിക്കുന്നു. മൊട്ടകൊണ്ടും, അങ്കുരിച്ചിട്ടും വിഭജിച്ചിട്ടും ഇവയുടെ സന്തതി വദ്ധന മൂന്നുപ്രകാരമായിരിക്കുന്നു. ചിലതിനെ മനുഷ്യർ തിന്നും ചിലത സ്പൊഞ്ചിനെ പൊലെ ഒരൊന്നിന്ന ഉപകരിപ്പിക്കുന്നു.

ഇതിൽ ജീവജാലങ്ങളുടെ ചരിത്രം നന്നെ ചുരുക്കി പറഞ്ഞിട്ടെ ഉള്ളു. എങ്കിലും സ്രഷ്ടാവിന്റെ ശക്തിയും ബുദ്ധി വിശെഷവും എല്ലാവക്കും ഇതുകൊണ്ട സ്പഷ്ടമായി അറിവാൻ സംഗതി ഉണ്ട. യഹൊവായെ നീ നിന്റെ പ്രവൃത്തികൊണ്ട എന്നെ സന്തൊഷിപ്പിച്ചു ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളിൽ ജയസന്തൊഷം കൊള്ളും. യഹൊവായെ നിന്റെ പ്രവൃത്തികൾ എത്ര വലിയവ ആകുന്നു. നിന്റെ വിചാരങ്ങൾ മഹാ അഗാധമുള്ളവ ആകുന്നു.

പ്രസാധകർ

**താളിളക്കം**